അകറ്റിടുവെൻ - ഭയപ്പെടേണ്ടാ-പൂട്ടിടും നിന്നെ ഞാനും - ഇരുമ്പാണി തറച്ചുവിടും - വീറോട് കഴുത്തറുത്ത് എരിയും നിന്നെയ അസ്മോദേവൂസും അസ്സറിയയും തർക്കഗാനം ട്യൂൺ - ശുകിക്കിറാരെന്റെരെ ചെയ്തയോ (അസ്മോദേ 1) ശത്രുവായി വന്നവൻ ഓടിടും - ഇപ്പോ- വിറക്കുമെൻ നാമം കേട്ടുടൻ - തിടം - ഭൂലോകമെങ്ങും വിറച്ചിടും - നിന്റെ - ഭൂജാതർ വംശം തകർത്തിടും

അസ്സറിയാ : മനുഷ്യജാതിക്കു ശത്രുവെ എൻ- കൊടിയവാൾ കരം മേന്തും വീറോടെ- ഇപ്പോ- കറുത്തജഡിലം - ജഡയുമായി - നീയും അലറിടതെയുടൻ പോയിടും അസ്മോദേവൂസ് - ഭീഷണികൊണ്ടുവിറപുണ്ടാ-നിന്നെ-വക വരുത്താതെ വിട്ടീടുമോ. എന്റെ - തടിയാൽക്കടണ ഭുജങ്ങലാൽ - നിന്നെ- ഞെടിയിടയിൽ ഞാൻ വധിച്ചിടും. അസ്സറിയാ- അരിവുകെട്ട നരഭൂതമേ- ഇപ്പോൾ ഓടിടാതെ നീ നില്ലാ- നിന്റെ കഴ്ത്തറുത്ത് ഞാൻ ഇക്ഷണം- തുണ്ടെതുണ്ടാക്കിടും ഓർത്ത്കൊൾ - ഭൂതത്തെ

പിടിച്ചു കെട്ടികൊണ്ടുപോകുന്നു.

ലൈറ്റ് ഡിം..

രംഗം 16-ൽ സീനറി - ആദ്യ അരമന രംഗത്ത് - റാഫേൽ

ഭാര്യ - മന്ത്രി, ഭടന്മാർ, അസ്സറിയാ, തോബിയോസ്, സാറയും ഒത്ത്

റാഫേലിനെ  മക്കളെ ഏൽപ്പിക്കുന്നു.

അസ്സറിയാ വിരുത്തം - പ്രിയമേറും ധർമ്മ ശ്രേഷ്ഠാ- താങ്കൾ മരു

മകന്റെ താനാ - മൃതശരീരം മറവു ചെയ്യാൻ. - കുഴിച്ചതാനാ -

കുഴി മൂടുവിൻ. അസ്സറിയാ മക്കളെ അകത്ത് പോയി കൂട്ടി വന്നും

ഏൽപ്പിക്കും. റാഫേൽ മൂവരേയും മാറിമാറി ചുംബിച്ചുകൊണ്

ഗാനം ട്യൂൺ- കാർവടിപോൽ കതിർ ചിറൈന്ത

റാഫേൽ 1.   ജ്ഞാനബുദ്ധി നിറഞ്ഞിടുന്നാ - ജ്ഞാനാപാല പ്രിയനെ- ജ്ഞാനിക

ളിൽ ഉന്നതനാ കോമള സുതനേ. 2. അങ്ങനിക്കും ചെയ്ത്

തന്നാ- സന്തോഷമാം ഗുണങ്ങൾ - ദൈവതിരുനാമത്തിൽ ഞാൻ

കുമ്പിടുന്നേൻ സുതനെ. 3. ഒരു വമ്പിച്ചാ വിരുന്നുകളും - അഘോ

ഷിക്കവേണം- ആഹ്ളാദത്തിൻ തിരിനാളത്താൽ - അന്തരീക്ഷം

തെളിയും. എദ്നോ - പതിനഞ്ചു നാൾ കഴിഞ്ഞിടതെ - പോ-

കവേണ്ടാ മകനെ . ബന്ധുമിത്രദികളെന്ത് പോയിടുക മകനെ

2.   ഉദയസൂര്യൻ മറഞ്ഞലുടൻ -ഉജ്ജ്വല താരത്തിൽ - ശോ

ഭയാർന്നാ പൊൻ മകനെ- ദൈവഹിതംപോലെ - വീണ്ടും

ഗാനം

ട്യൂൺ. മറിയമേ നിന്റെ നിത്യ സഹായം തേടുന്നു ഞങ്ങളമ്മേ..

തോബി. 1. സ്നേഹം നിറഞ്ഞ നല്ലാ - ഉത്തമ സ്നേഹിതാ - താങ്കൾ ചെയ്താ ഉപകാരത്തിൽ - ഇപ്പോ- പ്രതിഫലമായ് എന്റെ ഹൃദയം അടിമയായിതന്നാലും തൃപ്തി പോരാ. 2. എന്റെ മാതാപിതാക്കൾ - ഓരോ ദിന

വും എണ്ണിക്കഴികയാണ് ഇപ്പോൾ. ഒരു നിമിഷം പോലും വൈകിടാ

തെ നമ്മൾ തിരിച്ചുടൻ പോയിടെണം. അസ്സറിയാ - വൈകിട

തെ ഞാനും പോയിട സ്നേഹിതാ - റാഗസ്ൻ രാജ്യത്തിലെത്തി-

ഗാബേലിനിടം വിവാഹകാര്യം. വിവാരമായി ചൊല്ലിട ഞാൻ.

2. ഉദയകിരണൻപോൽ - ഉജ്ജ്വലതാരത്തിൽ. നേത്രങ്ങൾ മി

ന്നി തെളിഞ്ഞും നിന്റെ - താതൻ അരുൾ പോൽ - വെള്ളി വാങ്ങി

വരാം. പ്രമാണം നൽകിടുകാ - തോബിയോസ് അകത്ത് പോയി

പ്രമാണം കൊണ്ടു വരുന്നു. അസ്സറിയാ വെള്ളിക്കു വേണ്ടി പോകുന്നു.

**രംഗം 17 -ൽ സീനറി. രണ്ടാമത്തെ അരമന. (ലൈറ്റ് ഡിം)**

രംഗത്ത് - ഗാബേൽ പ്രഭു ഭടന്മാർ ഗാബേൽ വരവ് ഗാനം ട്യൂൺ

പാരിൻ പുകഴ്പെരിയാ പ്രസൈക്കതിപതിയാ....

1. പാരിൽ പ്രസിദ്ധിയാർന്നാ - റാഗസിൻ വസിച്ചിടുന്നാ -

ഗാബേൽ

പ്രഭു ഞാനും - സത്യശിലൻ ഞാൻ. അതിപിതാവായ

യെഹോവായ് ക്കിഷ്ട പുത്രൻ - ആനന്ദമോടെ വാഴും - നിക്ഷ്

ക്കളങ്കൻ. 2. പച്ചപുൽ പാടത്തിലെ - പട്ടവസി ഞാനും

എറോഫെ മലഞ്ചെരുവിൽ വസിച്ചിടും ഞാനും. ഇസ്രായേൽ

വംശരുടെ പരിശുദ്ധ യെഹോവായെ - കൽപ്പിതം തെല്ലുമെ-

തെറ്റിടതെ ഞാൻ.

3. ഭൂജാതനാം കുമാരൻ - ഭുവനാനന്ദ ശീലൻ - ഉന്നത ഗോത്രമതി

ൽ ഉയർന്ന സുതൻ ഞാൻ - നീതി നിറഞ്ഞ നല്ലാ - ദൈവത്തി

ൻ പ്രിയനിവൻ. സ്ഥാനമാനങ്ങളുള്ളാം ഉന്നതമാന്യൻ-

ഗാബേൽ വിരുത്തം ഭടന്മാരിടം. വീരരിൽ വിരുതരാകും-

ബഹുതര ശക്തന്മാരെ - ചൊടിയുടൻ പോയി നിങ്ങൾ - മന്ത്രി

ഈവിൾസെ കൂട്ടി വരുവായ്- ഭടൻ - ഉത്തരവ് - മന്ത്രി ഈവിൾ

സ് വരവ് ഗാനം ട്യൂൺ- ചിത്തിരക്കൊലുവിനിൽ ചിറപ്പുടനെ എ

കിടുമെന്റെ 1.ചെങ്കതിരൊളിമന്നും. ചെമ്പക തണലു തേടി-

ഗാബേൽ പ്രഭു മന്ത്രി ഞാൻ പ്രഗൽഭ്യനാം. 2. വന്ദ്യമാം പ്രഭുസു

തൻ കൽപ്പിതം പോൽ വന്നിടുന്നേൻ. വന്ദനം ചെയ്ത്

ഞാനും വണങ്ങിടാം. 3. അങ്ങയോട് എതിരിടുന്ന - അഖില

ർകളാനടുവിൽ - കൊടുപുലിപോലലറും മന്ത്രി ഞാൻ

4. അഴകൊഴും വസ്ത്രമിട്ടും. അഴകിൻ മികച്ചിടും ഞാൻ. അരമന

തന്നിലെകി വണങ്ങിടാം. മന്ത്രി വചനം. പ്രഭു വണക്കം.

പ്രഭു വിരുത്തം. നീതി നിരഞ്ഞാ നല്ലാ ഉത്തമ മന്ത്രിയെ കെൾ - യെഹോ

വായ്ക്കിഷ്ടമേറും - വാർത്തകൾ നീ ചോല്ലിടുവേൻ - മന്ത്രി ഉത്തരവ്-

പ്രുവും മന്ത്രിയും ഗാനം ട്യൂൺ - വന്തോമനൈ വീണ്ടും രൈ പേശും

1. വാർത്ത ചൊല്ലാം - എനതു മഹാപ്രഭു - സത്യവാർത്തകൾ

ഇമ്പമായി ചൊല്ലിടുന്നേൻ. പുണ്ണ്യമാം രാജ്യമിതിൽ - നീതി

സത്യങ്ങൾ മാത്രം - നീച പ്രവാർത്തിയില്ലാ - ഉത്തമ സുമുഖാ

1. സുമുഖനായ വീര മുഖ്യ മന്ത്രിയെ- സുന്ദരമാം വാർത്തയെല്ലാം

അറിഞ്ഞിടുവേൻ. ജനപ്രീതി നേടീടുകാ - അപ്രീതി വരുത്തിട

മൽ. നീതിപാലനം ചെയ്യും ഉത്തമ മന്ത്രി. അസ്സ്റിയ പ്രവേശി

ച്ചു വചനം ദൈവത്തിൻ സ്തുതി. പ്രഭു - സ്തുതി. അസ്സറിയാ ഗാനം

ചെയ്യെ പോമതെന്റെ രൈത്ത ചെൽവൻ തന്നൈ മറന്ത്

1. കീരുണനോളി വിതറും - കീർത്തി പെരുത്ത പ്രഭു - എൻ മോഴി

യെ നിങ്ങൾ കേട്ടിടവേണം. 2. ഭക്തി നിറഞ്ഞ നല്ലാ - ഉത്തമ തോബി

ത്തിന്റെ - പത്തും താലന്ത് വെള്ളി വാങ്ങിടാൻ വന്നേൻ-

3. താങ്കൾ കൊടുത്ത താനാം പ്രമാണം മിതാ നോക്കും - വെള്ളി

നൽകിടാ വേഗം – പ്രിയ സ്നേഹിതനെ – ഗാബേൽ പ്രമാണം നോക്കി

ഗാനം– പ്രിയ സ്നേഹിത ഉടൻ വെള്ളി ഞാൻ തന്നു കൊള്ളാം

മനുഷ്യ സ്നേഹികളുടെ സ്നേഹസമ്പന്നൻ

2. ജ്ഞാനബുദ്ധി നിറഞ്ഞ ഉത്തമ സ്നേഹിതനെ – ജ്ഞാനിയാം

തോബിയോസിൻ കഥ അല്പം ചോല്ലാം. 3. ഉനത് ജാതി വംശം

ദേശമേതെന്നും ചോല്ലും – ജ്ഞാനപാല നിന്റെ പേരും ചൊ

ല്ലിടുവേൻ. അസ്സറിയാ ഗാനം ട്യൂൺ. പരനെയമ്പി – എന്റെ രൈത്ത–

1. വിവാരമായി ചൊല്ലിട ഞാൻ നല്ലാ – സന്തോമാം ഗുണോത്താ

വാനെ – പ്രിയമേറും തോബിയോസ് – ഇപ്പോ – അന്ധനായി

മാറി പ്രഭു സുതനെ. 2. ദൈവഭക്തനായ റാഫേലിന്റെ

പുത്രി – സാറായെ വേളി കഴിച്ച് സുതൻ. 3. വിവാഹ വിരു

ന്നിന് താങ്കളെയും മറ്റും. ക്ഷണിച്ചിടുവാൻ ചോല്ലി പുത്രൻ

1. പ്രിയമേറും എന്റെ കൂട്ടുകാരാ – ഞാനും വെള്ളിയുടൻ നൽക പ്രി

യ സുതാ – നാമ്മളെന്ത് വേഗം പുറപ്പെടുകാ – ഉടൻ – റാഫേ

ൽ വീട്ടിൽ നമ്മൾ എത്തിടെണം. ഗാബേൽ അകത്ത് പോയി വെ

ള്ളി കൊണ്ടു വന്നു കൊടുക്കുന്നു. (ലൈറ്റ് ഡിം)

**രംഗം 18 -ൽ സീനറി. വൃക്ഷച്ചുവട് -**

രംഗത്ത് തോബിയോസ്

ഗാനം ട്യൂൺ - അയ്യാ ഇത് എന്ത് വിധി- ആരും തുണയതില്ലെ -ദൈവ

മേ - എന്തൻ ദൈവമേ !. എൻ മനം വാടിടുന്നേൻ - എൻ പ്രിയ

പൊൻ മകനെ - നായേകാ - ലോക രക്ഷകാ

2. ഹൃദയം തകർന്നിടുന്നേൻ - ഞാനേറ്റം വലയുന്നേൻ ദൈവമേ

നീതി പാലകാ. 3. ദാരിദ്രാ പീഢയേറ്റും - ദാഹ ജലവുമില്ലാ

ദൈവമേ - എൻ പ്രിയ നാഥാ 4. ആകുലവേളകളിൽ - ആശ്വാ

സം നൽകീടുക - നായെകാ എൻ സ്നേഹ നാഥാ....

അന്നം രണ്ടും അപ്പമായി വന്നും ഗാനം ട്യൂൺ കൊച്ചകം-

1. പ്രിയമേറും എൻ നാഥനെ - ഈഭോജനം കഴിച്ചിടുകാ

വിശപ്പും ദാഹവും അകറ്റീടുകാ - പ്രിയ മകൻ ഉടൻ വന്നിടും

1. ഭോജനങ്ങൾ എവിടെ നിന്നാണ്- ആരു തന്നും എൻ മൽ

സഖിയെ- സത്യമാം ദൈവത്തിൻ വചനം ഓർത്ത് - അസ

ത്യ നീ ചോല്ലോരുതും. അന്നം - എന്റെ തലമുടി ഇഴരണ്ടെണ്ണം

കൊടുത്ത് ഞാൻ അപ്പം വാങ്ങിയതാ - വിശപ്പും ദാഹവും

എത്രനാൾ സഹിക്കും - എൻസ പ്രിയനാഥാ - ഓർക്കാൻ വയ്യാ

ഈ അപ്പം നീ - അവർക്ക് കൊടുത്ത് നിന്റെ മുടി ഇവ വാങ്ങി

വരും - നമ്മൾ നശിക്കാൻ സാത്താൻ നൽകിയതാം.

മുടിയുടനെ - വാങ്ങിവരും - അപ്പവുമായി അന്നം പോകുന്നു

## രംഗം 19 -ൽ റാഫേൽ (ലൈറ്റ് ഡിം)

സീനറി ആദ്യ അരമന- രംഗത്ത് റാഫേൽ, ഭാര്യ തോബു◌ിയോസ്, സാറാ, മന്ത്രി, അസ്സറിയ പ്രവേശിക്കുന്നു. ഗാനം ട്യൂൺ.

വരുകിറദീതോ ചവയിൽ - യാപരികൾ അസ്സറിയാ - പാടി

വരുന്നു. 1. സുന്ദരമാം തിങ്കളൊളി പോൽ - പ്രഭവീശി - പത്തും

താലന്ത് വെള്ളിയും വാങ്ങിയുടനെ - അഴകെഴും മലഞ്ച

രിവിൽ വസിച്ചിടും ഗാബേൽ നിന്നും - ഉത്തമ തോബിയോ

ത്തിൻ - ആജ്ഞപോലെ എത്തിടുന്നേൻ.

റാഫേൽ - 1. അപ്സരപുത്രനെപോലെ അറിവുറ്റാ - ജനപ്രീതി നേ

ടിടുന്നാ - ദിവ്യജ്ഞാനി - ചാതുര്യം മേറിടുന്നാ സൗഭാഗ്യാ

ഉത്തമനെ എളിമയോട് ഞങ്ങൾ സാദരം വണങ്ങിടട്ടെ.

അസ്സറിയാ - സർവ്വശക്തനായ ദൈവം കൽപ്പിതപോൽ - തിരുഹിതം

പൂർത്തിയായി - പ്രിയ സ്നേഹിതാ - വാത്സല്യ പുത്രിയും ഉത്തമ

തോബിയോസ് - ഉടനെ പുറപ്പെടുവാൻ അനുവാദം നൽകിടുകാ

വന്ദ്യമാം യെഹോവായുടെ തിരുഹിതം പോൽ - വന്ദ്യ

നാം കൂട്ടുകാരനെ - വണങ്ങിടട്ടെ. ജ്ഞാന സമ്പന്നനായാ

ഭക്തി നിറഞ്ഞ ഏവർക്കും - മാതാപിതാക്കളെയും ഭക്തിയോ

ടെ കുമ്പിടുന്നേൻ- റാഫേൽ ഗാനം ട്യൂൺ - ഉന്നതനായ മന്നാ

ശത്രു നിരയെന്നതിൽ നിന്നും വന്നാ (റാഫേൽ ഭാര്യയും ഗാനം)

എന്നുടെ പൊൻ മകനെ എന്റെ ഏകവകാശിയാണ്

ഇപ്പോഴുള്ള സ്വത്തിൽ പകുതി തന്നിടാ പൊൻ മകനെ

2. ഒട്ടേറെപൊൻ വെള്ളിയും - ആട്മാട് ഒട്ടകം തെർകുതിര-

പരിവാരവുമോത്തും സന്തോഷമായി പോയിടു കൂട്ടുകാരാ

1. ദൈവഭക്തി നിറഞ്ഞ - നല്ലാ - ഉത്തമ പൊൻ മകളെ നിന്റെ -

മാതാപിതാക്കന്മാർക്ക് - നല്ലപോൽ - ബഹുമാനം നൽകവേണം

2. ദൈവത്തിൻ പ്രീതനായ - നിന്റെ - ഭർത്താവെ സ്നേ-

ഹിക്കേണം. സന്തോഷമോടെ വാഴേൻ. മകനെ ഏൽപ്പിക്കും

എൻ മകളെ അസ്സറിയ - വിരുത്തം. സ്നേഹാ സമ്പന്നരായ

ഉത്തമ കുടുംബംമേകേൾ - കാരുണ്യവാനാ ദൈവത്തിൻ

നന്ദി ചൊല്ലി യാത്ര തുടരാം. (ലൈറ്റ് ഡിം)

രംഗം 20- ൽ സീനറി - തെരുവ് യാത്ര - രംഗത്ത് ഗാബേൽ,

മന്ത്രി, റാഫേൽ മന്ത്രി, അസ്സറിയാ, കൊച്ചു തോബിയോസ്, എദ്നാ,

സാറാ, - ഗാനം ട്യൂൺ - കണ്ടോർ മഹിഴ കല്യാണം പന്തലിലേകി

പന്തലുവിട്ടും - നല്ലാ - കീർത്തിയാർന്നാ സുന്ദരമാം ഗ്രാമവാസികൾ

2. തിങ്കളൊളി പോൽ മിന്നും പ്രഭുക്കൾയാവവരും നല്ലാ - ഉത്തമ മന്ത്രി

മാർ ഞങ്ങൾ - മുന്നിൽ നിന്നിടും - ഗാബേലിന്റെ മന്ത്രി - ശമറിയ രാജ്യ

ത്തിൽ വാഴും ഉത്തമനാകും - നല്ലാ - സത്യവാനാ

തോബിയോസ് മുന്നി

ലേകിടാം. 2. ഒട്ടേറെ പരിവാരവു ഒത്തുചേർന്നിതാ-

നല്ലാ - കൊച്ചു തോബിയോസ് കൂട്ടുകാരുമോത്തിതാം-

1. ഞങ്ങൾ പോയി വരുവരേയും വിശ്രമിച്ചിടും ഈ വിവര

മേല്ലാം താതനിടം ചൊല്ലി വന്നിടാം - തോബിയോസ് അസ്സ

റിയയും പോകുന്നു. മറ്റുള്ളവർ നോക്കി നിൽക്കുന്നു. (ലൈറ്റ് ഡിം)

**രംഗം 21- ൽ സീനറി വൃക്ഷചുവട്.**

രാജാവ്, മന്ത്രിയും

മന്ത്രിയുടെ കയ്യിൽ ഒരു ഭക്ഷണപൊതി. രാജാവ് ഗാനം ട്യൂൺ

അർപ്പുത നാഥാ ഇപ്പുവിമിതിൽ

1. കീർത്തി പ്രഗൽഭനായാ - ഇസ്രായൽ വംശരുടെ - ഉത്തമ സ്നേ

ഹിതാ അല്പം ഭോജനമിതാ 2. മനം നൊന്ത് കേഴരുതേ-

തോരാത്ത കണ്ണുനീരാൽ - ദൈവത്തിൻ നന്ദി ചൊല്ലി സൽ പ്ര

വൃത്തി ചെയ്യും. അന്നം ഓടി വന്നുകൊണ്ടും ഗാനം - പ്രിയമേറും

നമത് ഓമന പുത്രനിതാ - കൂട്ടുകാരനും ഒത്തു ഛടുതിയിൽ വന്നി

ടുന്നേൻ. തോബിയോസ് അസ്സറിയായും പ്രവേശിക്കുന്നു.

1. മാതാപിതാക്കന്മാരെ ദൈവസ്തുതി നൽകിടാം. നമ്മളെല്ലാവ

രുമായി ദൈവത്തിൽ നന്ദി നൽകാം. അപ്പൻ - മകനെ കെട്ടി പു

ണരുന്നു. അസ്സറിയാ - ഉത്തമനാം സുഹൃത്തെ -മത്സ്യത്തിൻ

കയ്പ്യെടുത്തും കണ്ണിൽ പുരട്ടിടുകാ - കൺങ്കൾ തുറക്കും താതൻ

കണ്ണിൽ പുരട്ടുന്നു. കണ്ണിൽ നിന്നും എന്തോ എടുത്ത് മാറ്റുന്നു.

1. ഇസ്രായേൽ വംശത്തിന്റെ പരിശുദ്ധനായകനെ - മക്കളെ കൺ

മ്മതിന് കാഴ്ച നൽകി ദൈവം. 2. മക്കളെ നിങ്ങളുടെ യാത്ര

വിവരമെല്ലാം ഓരോന്നായി ചോല്ലിടുവിൻ - ഈ താതൻ

കേട്ടിടട്ടെ. കൊച്ചു തോബിയോസ് ഗാനം ട്യൂൺ - തിങ്കളൊളി വർ

ണ്ണനാകു നല്ലാ 1. പ്രിയമേറും എൻ തായ് തകപ്പാ ഞങ്ങൾ യാത്രാ

യെല്ലാം ശുഭമായിരുന്നു. 2. വന്ദ്യമാം താതന്റെ കൽപ്പിത

പോൽ -ഞങ്ങൾ - കാൽനടയായി പോയി പ്രിയ താതാ

3. ഇനിയുള്ള കാര്യങ്ങൾ വ്യക്തമായി ഞങ്ങൾ പറഞ്ഞു തരാം. ഇ

പ്പോൾ പോയിടട്ടെ. അസ്സറിയാ കൈ മുകളിലേയ്ക്കും ഉയർത്തി

അപേക്ഷിക്കുന്നു. (ലൈറ്റ് ഡിംമിൽ സീനറി മാറി) അരമന

ഇരുവരും പോകുന്നു. അപ്പൻ രംഗം കണ്ട് ഭയന്നും നോക്കി

നിൽക്കുന്നു. (ലൈറ്റ് ഡിം)

**(രംഗം 22 -ൽ ലസീനറി - അരമന, ലൈറ്റ്**

തെളിഞ്ഞും അപ്പനും അമ്മയും ഇരിക്കുന്നു. മുൻപ് ഉണ്ടായിരുന്ന

വർ എല്ലാവരും അസ്സറിയാ ഗാനം ട്യൂൺ. വൻദ്വീപിൽ

ഏകനായി

യെനതുടെ - തോബിയോസ് 1. സ്നേഹസമ്പന്നനായ
എനതുടെ -

സ്നേഹിതനിപ്പോൾ നമ്മൾ - ഇതാ - എന്ത് പ്രതിലം സ
കൊടു

ത്താലും തൃപ്തി പോരാ - പ്രിയതാതനെ കെ○ായി

2. ദൈവഭക്തി നിറഞ്ഞ - ദേവനാണ് ജ്ഞാന സമ്പന്നൻ
താതാ

ഞങ്ങൾ - ദൂരെ ദേശത്ത് പോയി സുരക്ഷിതരായി വന്നും -

താതനെ തിരിച്ചെൽപ്പിച്ചും 3. എനിക്കു ഭാര്യയെ തേടി-

കല്ല്യാണം കഴിഞ്ഞ രാത്രിയിൽ തന്നെ ഒരു സാത്താനെ

ബന്ധിച്ചും- എൻ - ജീവൻ രക്ഷിച്ച് - വന്ദ്യ പിതാവെ
കെൾക്കും.

അപ്പൻ : ജ്ഞാനബുദ്ധി നിറഞ്ഞാ-സ്നേഹിതനാം - ഉത്തമകൂട്ടുകാരാ - ഇപ്പോ-നമുക്ക് കിട്ടിയതിന്റെ - പകുതി സ്വീകരിക്കാൻ - ദയവായി അപേക്ഷിക്കുന്നു. അസ്സറിയാ-അപേക്ഷ സ്വീകരിക്കാം-താങ്കള്ക്ക് - കിട്ടിയതിൽ പകുതി - ഇപ്പോ-ശരിയായി പങ്കിടുവാൻ നിർബന്ധമാണെങ്കിൽ - പ്രതിഫലം സ്വീകരിക്കാം.

അപ്പൻ : എനതു പ്രിയമകന്റെ - ജീവനെ നീ - കാത്തു രക്ഷിച്ച നിങ്ങൾ - ഇപ്പോൾ - പ്രതിഫലം നന്ദി പൂർവ്വം സ്വീകരിച്ചിടുവിൻ - ഉത്തമ സ്നേഹിതനെ - അസ്സറിയാ - ഉത്തമ തോബിയോത്തെ-ബന്ധുമിത്രാവ് - കെട്ടിടു സ്നേഹിതരെ- ഇപ്പോൾ - പ്രതിഫലം നന്ദിപൂർവ്വം - സ്വീകരിച്ചീടുവാൻ - പങ്ക് ശരിയല്ല ഇപ്പോൾ.

അപ്പൻ എന്തോ ആലോചിച്ചുകൊണ്ടും - അകത്ത് പോയി ഒരു വാൾ കൊണ്ടുംവന്നും-സാറായെ പിടിച്ച് വെട്ടാൻ വാൾ ഓങ്ങുന്നും -അസ്സറിയ - വാൾ തടുത്തും മാറ്റി കൊണ്ടും ഗാനം ട്യൂൺ - മറിയമെ നിന്റെ നിത്യസഹായവും - തേടുന്നു മക്കളെമ്മെ.

1. കണ്ണുനീരോടുകൂടി - മനം നോന്ത് നിന്റെ - നാവിൽ മധുപോൽ നീ- ആത്മാവിൽ അമൃതുപോൽ ദൈവ ത്തിൽ ധ്യാനിച്ചാ പ്രാർത്ഥന കേട്ടു ദൈവം - 2. താങ്കൾ ഹൃദയത്തിൽ - പാപമാലിന്യം കളുകി തുടച്ചും ദൈവം. അപ്പോൾ - മിഴി നിരരോഴുക്കി പ്രാർത്ഥിച്ചു നിങ്ങൾ - മരിച്ചോരേമറവ് ചെയ്ത് 3. കണ്ണീരിൽ നിർചുഴിയിൽ - കരകാണാതെ നീ - ഭാരത്താൽ വലഞ്ഞ കഥാ- നിന്റെ - മകളുടെ ഭർത്താക്കന്മാർ ഏഴും മരിച്ചില്ലേ- ദൈവദ്രോഹി കളാണവർ 4. - നിങ്ങൾ ഇരുവരെയും നേർവഴി നയിച്ചി ടാൻ - സ്വാർഗ്ഗീയ നാഥൻ മുന്നിൽ - കാവലായി നിന്നിടും - ഏഴുമാലാഖമാരിൽ - റാഫേൽ മാലാഖ യാണ് ഞാൻ എല്ലാവരും വീഴുന്നു. 5- എന്നെ ഭയപ്പെ ടെണ്ടാ - എന്റെ പിതാവിന്റെ കൽപ്പന പൂർത്തിയാക്കി - ഇപ്പോ- അന്ധകാരം അകന്നും തിരിനാളം തെളിഞ്ഞും - ദുരന്തനാടകതീർന്നു. മംഗളം ട്യൂൺ.

അന്തിമാതിയുംമില്ലാതെ 1. ഈ മണ്ണും വിണ്ണും മിപ്പോൾ - സകലചരാചരങ്ങളെയും - രക്ഷിച്ച ദൈവത്തിനും - നന്ദി പറഞ്ഞിടുന്നേൻ.

2. നമ്മളെല്ലാവരുമായി - സ്വാരുമരായി ചോർന്നിടുവാൻ - സ്വർഗ്ഗീയനാഥനെ നാം വണങ്ങുന്നും ദാസർ ഞങ്ങൾ .

3. ഈ കലാസദസ്സിൽ വന്നാ- കരുണയുള്ള ജനതകൾക്ക് - ഈ ചെറുകലാകാർ ഒത്തും നന്ദി പറഞ്ഞിടുന്നേൻ 4. നാടകത്തിൻ മനം കനിഞ്ഞും. സഹായം ചെയ്ത വർക്കും നന്ദി പറഞ്ഞു കൊണ്ടും മംഗളം പാടിടുന്നേൻ. വിശുദ്ധ റാഫേൾ - നാടകം ഇവിടെ അവസാനിക്കുന്നു.

ഈ നാടകം 1995 ൽ ഫെബ്രുവരി 21-ാം തീയതി എഴുതി അവസാനിച്ചു. നാടക കർത്താവ് ഈശി ജോസഫ്

എന്റെ അനുവാദം കൂടാതെ അവതരിപ്പിക്കരുത്

kzman A¿-¸³

**“സ്വാമി അയ്യപ്പൻ”**

(ചരിത്ര ചവിട്ടുനാടകം)

By Thomas Padamadan, Neericode

**പ്രാർത്ഥന**

**വിരുത്തം**

സ്വാമി ശരണം, അയ്യര ശരണം, സ്വാമിയോ ശരണം

അയ്യനെ ശരണം ദേവ

അടിമലർ കൈതൊഴുന്നേൻ അയ്യാ

ദേവ, നിൻചരിതം പാടാൻ

ശക്തിയേക സ്വാമിയാരെ

എല്ലാവരും കൂടി - സ്വാമിയെ സോസ്ത്രം

ശരണം ശരണം സ്വാമിയെ ശരണം നിൻപാതം

ഞങ്ങൾ കൈതൊഴുന്നേൻ പന്തളം രാജൻ വളർത്തെടുത്ത

സ്വാമിയാരെ സോസ്ത്രം.... ആ.... ആ....

തായാർക്ക് മരന്തിന് പുലിപ്പാൽ തേടി - ഗോരവനത്തിൽ

പോയവനെ  പുലിയേയും കൂട്ടി നാട്ടിൽ വന്താ ഇയ്യാവനെ

സോസ്ത്രം... ആ... ആ....

ശവരിമലയിൽ വാണിടുന്ന അയ്യാസ്വാമി ശരണം താനെ

നിൻ തിരു ചരിതം പാടുതർക്കായ് ദാസരാം നാങ്കളെ

കാർക്കാനീ... തനതനൈ... തന്നൈ

**രംഗം 1 – തോടകർ**

I. ശീർത്തികെഴും പന്തളം നഗർ ഉന്നിതനായ് വാഴും

രാജശേഖര രായൻ ഇന്തനഗർ വാഴ്‌വേ

II. നഗർതനയെ പരിപാലിക്കും ഉന്നിതനാം മന്ത്രി

പെരിയമാന സേനൈകളും ഒന്റായ്കൂടി വാഴ്‌വേ

III. രായൻ നഗർ വാഴ്ന്നിരിക്കേ ഗോരമാനമൃഗങ്കൾ

നഗർ തനയെ കൊള്ള ചെയ്ത വാർത്ത നരതുണർത്തി

IV. ഇന്തവാർത്തൈ അരിന്ത രായൻ സേനൈകളു കൂടി

ഗോരമാനവനത്തിലേയ്ക്ക് വേട്ടയാടാൻ പോയി

V. വേട്ടയാടാൻ ചെന്റരായൻ ഗോരമാനകാട്ടിൽ

പിഞ്ചുകുത്തിൻ കരച്ചിൽ കേട്ട് അന്തയിടം ചെന്റ്

VI. പരമശിവൻ ബ്രാഹ്മണന്റെ വേഷമേന്തി ചെന്റ്

മൈന്തനാർക്ക് മണികണ്ഠനെന്റ് പേരുചൊല്ലി കൊടുത്തു

VI. ശപരിമല വാണിടുന്ന അയ്യപ്പസ്വാമിയെ – നിൻ

കൃപാദം ഞങ്ങളിന്ന് കൈവണങ്ങിടുന്നു.

കർട്ടൻ

**രംഗം – 2**

## പന്തളം കൊട്ടാരം – രാജാവും പരിവാരവും

എങ്കം പുകൾ ചിറൈന്ത പന്തളം നഗർ

തനയെ–ഇമ്പമായ് വാണിടുന്ന രാജശേഖര രായൻ.

ആണ്ടോൻ അരുൽപടിപോൽ മണികണ്ഠൻ സ്വാമിയാരെ

ഇമ്പമായ് വളർത്തിയെടുത്ത രായൻ സഭയിൽ വാരാർ.

രായൻകെലുവിൽ തരൂ

I. പാരിൽ പുകഴ് ചിറൈന്ത പന്തളം നഗർ

വാഴും. രാജശേഖരനായർ പരുകിന്റാ - നല്ലാ -

മണ്ടലമെങ്കും പുകഴ്ത്തിടുന്ന മന്നൻ. പെരിയ

സപൈതന്നിൽ വരുകിന്റാ.

II. ദുഷ്ടർകളെയകറ്റി- ശിഷ്ടർകളെ പുകഴ്ത്തും -

തുരക കുഞ്ചരാവീരനാം - നല്ല - പന്തളം നഗർ തനൈ

ഇമ്പമായ് വാണിടുന്ന വീരകെമ്പീര രായൻ

തോന്റിനാം - നല്ലാ.....

III. തരൈ തന്നിൽ രായൻ സേനൈകൾ ഒന്റായ്

കൂടി - പെരിയസ പൈതന്നിൽ വരുകിന്റാ നല്ലാ

പന്തളം പ്രഭയുടൻ നഗർതന്നെടക്കി വൈത്ത

മഹാരാജൻ സഭൈതന്നിൽ വരുകിന്റാ.

രായൻവാക്ക്

അഹോവാരും സേവുകാ

സേവകൻ - ശരണം ശരണമയ്യാ സ്വാമി

രായൻ - ശീക്രമകൈശെന്റ് നമത് മന്ത്രിയെ കൂട്ടി വരുവായാഹെ

ഭടൻ - അരുൾപ്പടിയെ കൂടി വരുകിറേൻ സ്വാമി

മന്ത്രി വരവ് തരൂ

I. പന്തളം നഗർ തനൈക്ക് പുകഴ്ന്ത രായനിൽ

കുകഴ്ന്ത മന്ത്രിനാൻ - ഊരിനിൽ പുകഴ്പെരു

കിന പെരിയ സേനൈകൾക്കതി പതിനാൻ -

പന്തളം നഗർതനൈക്ക് ഉദ്യാന പാലകൻ

നാൻ. രായൻ നൻ മൊളി കേൾപ്പതിനായ്

പെരിയസ പൈതന്നിൽ വരുകിറേൻ നാനും... (പന്തളം....)

II. സേനൈകൾക്കതി പതിയായി വാണിടുന്ന

പുകഴ്ന്ത മാന്ത്രിനാൻ. പന്തളം നഗർ തനയെ

ഇമ്പമുടൻ പോറ്റിടുന്നവൻ . പൂവിൽ പുകഴ്

പെറ്റ പെരിയരശർ നീതികൾ ഇമ്പമുടൽ - ഉടൻ -

നടത്തുതർക്കായ് - പെരിയസപൈതന്നിൽ

പരുക്കിറേൻ നാനും (പന്തളം)

III. വണ്ടോടും മിന്നിയതുകിലും ഇമ്പമുടൻ

തരിത്തു കൊണ്ടുടൻ മിന്നിടും തുകിലും കൊണ്ടൊ

രു തലപ്പാവ് കെട്ടി ശിക്കീരം. രായനിടത്തിൽ

യാനും ശീക്കിരം വരുകിറേൻ. വീര പരാക്രമി

മന്ത്രിയാമും തിടമുടൻ നടന്തിതോ കോലുവതിൽ

വാരായ് (പന്തളം)

മന്ത്രിരായനിടം വാക്ക്

ശരണം ശരണമയ്യാ സ്വാമി അടിയനെ

അളൈപ്പിത്ത ചേതി എന്നതെന്റും

തിരുവുള്ളം പത്തി അരുള വേണമയ്യാ സ്വാമി

രായൻ മന്ത്രിയിടം വാക്ക്

അഹോ എൻ മന്ത്രി നമത് നാടു ചേതികൽ

നാൻ അറിയെ ശൊൽ വയാഹെ

മന്ത്രി- അരുൾപ്പടിയെ ശൊൽകിറോം അയ്യാസ്വാമി.

മന്ത്രിനാട്ടുചേതികൾ

I. പാരിലെങ്കും ഉൻനാട്ടിൻ വളർമൈകൾ

പകരേനെകേളുമയ്യ അരശരെ.

II. പന്തളം നഗർക്കതി പതിയായ് വാഴും തിറല

രശൈ തെന്നവാ... അരശരെ.

III. നവധാന്യങ്ങൾ എല്ലാ ഒന്റ് പോലം വിളയു

റേൻ ഉന്നാട് - അരശരെ

IV. ക്ഷേത്തിരങ്കളിൻ തൈവകിറുവയും

തൈവനാൽ പൂശൈകളും അരശരെ

V. മങ്കളമതായ് വാഴും മനുജരെല്ലാം - ഒന്റായ്

വാഴ്ന്നിരിപ്പേൻ - അരശരെ

VI. കാട്ടിൽ കരി പുലി വൈശിങ്കം കാവലായ്

വാഴ്ന്നിരിപ്പേൻ - അറശരെ

VII. ഇന്തവിതം ഉൻ നഗർ വളർമൈ നാനും -

പക്കുതേ ഉൻ അടി പണിത് - അരശരെ

ഭടൻ രായനിടം വാക്ക്

ശരണം ശരണമയ്യാ സ്വാമി - നമത് ഗോപുര വാതുക്കൽ നമുത് പ്രജകളെല്ലാം കൂട്ടം കൂട്ടമായി വന്നുകൊണ്ടിരിക്കി റേൻ. കാട്ടിൽ നിന്റ് വന്യ മൃഗങ്ങൾ വന്ന് നഗരതിൽ കൊള്ള ചെയ്തേൻ എന്ന് ചൊന്നേനയ്യാ.

രായൻ സേനാ പതിയിടം

അനാൽ കേളും സേനാപതി - അന്ത പ്രജകളിടം ചെന്റ് ചൊല്ലുകൾ - നാൻ നമത് സേനാ വീരർകളും - മൊത്ത് വേട്ടയ്ക്കായി ശീക്രം

പുറപ്പെടലാം.

ഭടൻ : അരുൾപ്പടിയെ ചൈകിറോം അയ്യാസ്വാമി

രായൻ മന്ത്രിയിടം

അഹോവാരും മന്ത്രി നമത് കാട്ടാള സേനാകളെ വേട്ടയ്ക്ക് പോകുതർക്കായ് ശീഘ്രലത്തിൽ ഇങ്ക കൂട്ടി വരപവായായാഹെ.

മന്ത്രി: അരുൾപ്പടിയെ ചൈകിറോം അയ്യാസ്വാമി

കർട്ടൻ

**രംഗം - 3 പന്തളം കൊട്ടാരം**

**രാജനും മന്ത്രിയും സേനൈകളും വേട്ടയ്ക്ക് പുറപ്പെടുന്നു.**

I. ഗോരമാനവനമതിനിൽ വേട്ടയാടി നാൻ പുകഴ്പെരിയ
സേനകൈകളും ഒന്റായ് കൂടിതാ... തെന്ത..... ന

കർട്ടൻ (തെരുവു)

II. ഇന്തനഗർ വിട്ടു അന്തവനമതിലേക്കായ്

ശീക്കീരത്തിൽ ചെന്റ് നല്ലവേട്ട ചെയ്തീടാം.....തെന്ത.... ന

ബ്രാഹ്മണൻ വരവ് (വനം)

I. മുപ്പിരിന്തലുമിട്ട് നല്ല - ആറുമുഴം മുണ്ട്

താറും കുത്തി

II. ചന്ദനകുറിയുമിട്ട് നല്ല ബ്രാഹ്മണൻയാനും

വരുകിന്റാരെ - നല്ല

രായനും സേനൈകളും വീണ്ടും

I. പറുപതാം പാരും- മിറുക കൂഹയത്

തേടാം ഹ.. ഹ വന്യമൃഗങ്ങളെയൊന്റും ഇങ്കെ

കാൺപതുമില്ലെ... തന...തന

II. പുലികൾ കരടി കടുവൈയൊന്റിനയേയും....

ഇന്ത പാർതന്നി നാങ്കൾ ഇതുവരെ കാൺപതു

മില്ലെ.... ഹ.... ഹാ....

രായൻ സേനൈകളിടം വിരുത്തം

വേട്ട ചെയ്ത് തളർന്ന എന്തമക പട

വീരരേകേൾ പമ്പാനദി തീരത്തിങ്കൽ കൊഞ്ചം

ഇരുത്ത് ക്ഷീണം തീർക്ക വാരും

ഭടന്മാർ : ആവിതമാകിട്ടും സ്വാമി

(ഒരു സൈഡിലേക്ക് മറയുന്നു)

പരമശിവൻ നിൽക്കുന്നു - കുട്ടി താഴേകിടക്കുന്നു

കുട്ടിയുടെ കരച്ചിൽ കേൾക്കുന്നു. പരമശിവൻ മറയുന്നു.

സേനൈകളും രാജാവും അങ്ങിങ്ങായ് വന്ന് നോക്കുന്നു. മന്ത്രി കുട്ടിയെ കാണുന്നു.

മന്ത്രി വിരുത്തം

പന്തളത്തിനതി പതിയെ മന്നവ നീ

കേളായ്തോ ദോരവാനകാടതിനിൽ ശൂന്തിര

മൈന്തൻ കിടപ്പു... താ

രായൻ വിരുത്തം (മന്ത്രിയിടം)

സേനൈകൾക്കതി പതിയാം ധീരനാം

മന്ത്രികേളാമനുജരൊന്റും ഇല്ലാത്ത കാട്ടിൽ

ശുന്തിരനമാം ഇന്ത മൈന്തൻ കിടപ്പു. ഏത് കുലം

പിറന്തമൈന്തർ എങ്കളുക്ക് അറിവതില്ലെ

എങ്കിളിനി എന്ന വേണം എന്ന് ചൊല്ലു മന്ത്രി

രീ നീതാതാകാർ...

ബ്രാഹ്മണൻ വീണ്ടും

പന്തളം രാജനിടംയാനും ശീക്കിരത്തിൽ

ശെൻര് - കൺപതർക്കായ് - തീ

രായൻ - ബ്രാഹ്മണനിടം വാക്ക്

സ്വാമി നീങ്കൾ ഇന്ത ഗോരമാനവനത്തിൽ

ഏകനായ് എഹ്കേനിന്റ് വന്തേ നയ്യാ

ബ്രാഹ്മണൻ രായനിടം വിരുത്തം

ധീരനാം വീരശൂര പന്തളത്തിനതി പതിയെ... ഹരി പുരത്ത് നിന്നും യാനും - ഇന്തയിടം വന്തേൻ സ്വാമി ശങ്കിക്കവേണ്ട രായ മൈന്തനാരെ എടുപ്പതർക്ക് - ഉങ്കളുടെ തപസ്സിൽ ഫല മായ് മൈന്തനാരെ എടുക്കിൻ രായ....

അനാൽ കേളും രാജാ - ഇന്ത മൈൻ ഉങ്കൾക്ക് ഏറ്റവും യോജിച്ചവൻ താൻ അനാൽ നീകൾ ഇന്ത മൈന്തനെ നീകൾ താൻ കോട്ടാരത്തിൽ കൊണ്ടു പോകിറേൻ.

അനാൽ കേളും മഹാരാജാ, ഇങ്കെവാരും ഇന്തമൈന്തനെ നാൻ എടുത്തു നന്തു വിടാം.

ബ്രാഹ്മണൻ രാജനിടം താഴിശൈ

പന്തളത്തിനതി പതിയായി വാഴും മന്നവാൻ

മൈന്തനെ നീ പാർത്താലും മൈന്തൻ തൻ

കഴുത്തിനിൽ മാലൈ കിരണനൊളിവെല്ലും

പ്രകാശാവും

അനാൽ കേളും സഭയോർകളെ - ഇന്തമൈന്തനൈനാൻ- മണികണ്ഠനെന്ന് പേർ ചൊല്ലി കൊടുക്കുതേൻ

ഉങ്കൾക്ക് മംഗളം ഭവിക്കട്ടും.

കർട്ടൻ

**രംഗം - 4**

**പന്തളം കൊട്ടാരം - രാജനും**

സേനാപതികളും രാജ്ഞിയും - തോഴിമാരും

(സ്റ്റേജിന്റെ നടുക്ക് പിള്ളത്തൊട്ടിൽ നാട്ടിയിരിക്കുന്നു)

ക. ആമോതമൊട്ടിന്ന് ഉല്ലാസിച്ചീടുകനാം - തെന്താന

തത്തനൈ മൈന്തരില്ലാതെ പതറിടും വേളയിലെ

മണികണ്ഠൻ വന്നിത - മണികണ്ഠൻ വന്നിത -

തെന്താന തത്തനൈ

കക. കൊട്ടാരവാസികൾ ഉല്ലസിച്ചീടുകനാം-

തെന്താനെ തത്തനൈ പുകഴ്ന്ത രാജനും യാന

വരുംകൂടി - തെന്താനാ.... പുകഴ്ന്തറാണിയും

യാനവരും കൂടി - തെന്താനാ തത്തനൈ

കുട്ടിയെ തൊട്ടിയിൽ കിടത്തി

രാരാരോ- രാരാരോ- രാരി രാരി രാരോ...

പിള്ള രാരി രാരി രാരോ മണികണ്ഠൻ എൻ

മകനെ - ഉറങ്ക് ഉറങ്ക് പിറന്തവനെ. ഉറങ്ക്...

രാരാരോ... രാരാരോ... പന്തളത്തിൽ അതിപതിയായ്

വളരുക നീ മകനെ... ഹെ... വളരുക

നീ മകനെ... രാരാരോ.....

കർട്ടൻ

**രംഗം 5**

**പന്തളം മന്ത്രിയുടെ കൊട്ടാരം**

(മന്ത്രി ചിന്താകുലനായി അങ്ങുമിങ്ങും ലാത്തുന്നു)

മാന്ത്രികൻ പ്രവേശിച്ച്

ശരണം - ശരണമയ്യാസ്വാമി എങ്കളെ അളെ

പ്പിത്ത ചേതി എന്നതെന്റും ശൊൽകി റേൻ.

മന്ത്രിയും മന്ത്രികരും ഏശൽ

മന്ത്രി : പെരുമയാന മാന്ത്രികരെ - നീങ്കൾ എങ്കളുക്ക് ഒൻര് ഉതവിശൈയ്യാ - നമതുടെയാ കൊട്ടാരത്തിൽ ഒന്റ് പയ്യന വൻ വളരുന്നുണ്ട്.

മാന്ത്രീകൻ : പയ്യാനവൻ വളരുന്നുണ്ട് എന്റേ രൈ പകർന്താ മന്ത്രി കേൾ - നീങ്കളുക്ക് നാങ്കളിപ്പോചറപ എന്നശൈയ്യ വേണമെന്ന് ശൊല്ല്.

മന്ത്രി : മൈന്തനാരെ നീങ്കളുടെ മാന്ത്രികത്താൽ

വതൈത്തീടേണം - ഇന്താവാർത്തൈ ആരിനാലും പകർത്തീ
ടുക ശൈയ്യരുതെ...

മാന്ത്രീകൻ : പെരുമയാന മന്ത്രി കേൾ - മൈന്തൻ -

നാങ്കളുടെ ചിന്നരായനാണ് - എന്താകിലും

മൈന്തനാരെ - വതൈപ്പതർക്ക് നാങ്കളില്ലെ....

മന്ത്രി : പെരുമയാന മാന്ത്രീകരെ ആയിരം പവൻ

വീതം നാൻ തന്തിടുതേ - എന്താകിലും

ഇത്തരുണം എന്നൈ രക്ഷീക്കേണം മാന്ത്രികരെ

മാന്ത്രീകർ : രെക്ഷീക്കേണം എന്റ് ചൊന്ന എന്തൻ

അൻപുമീകും മന്ത്രിയേ .... നാങ്കൾ പോയി

ശീക്കിരത്തിൽ - നല്ല - മന്ത്രീങ്കേൾ ചെതീടുതേൻ.

മന്ത്രി പവൻ കിഴി കൊടുക്കുന്നു.

കർട്ടൻ

**രംഗം - 6**

**പന്തളം കൊട്ടാരം**

(രാജാവും രാജ്ഞിയും - ഇന്നീശതൊങ്കൽ)

രാജ്ഞി : പന്തളത്തിൻ അതിപതിയെ - അൻപു

മീകും എൻ കണ്ണൈവാ - ഈ വിതത്തിൽ

ദുക്കിതനായി - അങ്ങയെ നാൻ കാണമാട്ടേ...

ആ... മെന്തനാർക്കിതുവരെ കുറവൊന്റും

കാൺപതില്ലെ നാങ്കളിനെന്നാ വേണം മെന്ന്

ചൊല്ലുമെന്നരശേ...

രാണിയും രാജനും ഏശൽ

രാജൻ : എന്തൻമനവിയെ - എങ്കളിനി എന്നാ

ശൈകുറേൻ മൈന്തനെ രെക്ഷിപ്പതിനായ്

രാജ്ഞി : എൻ കണ്ണെവനെ നമതു മൈന്തൻ -

അയ്യോ ഹീനമാം വരുത്തത്താൻ മാണ്ട് പോറേൻ.

രാജൻ : എന്തൻ തേവി നീ കേളായ്തോ - മൈന്തനെ

മുക്കണ്ണൻ തേവനാർ കാർക്കശെയ്യും.

രാജനും രാജ്ഞിയും കൂടി

ത്രിലോക മൂർത്തികളെ - എങ്കൾ

ക്കീവിതിയോതേ മുക്കണ്ണനെ എൻമൈന്തനാരെ

നീങ്കളിപ്പോൾ തേവ കൈവിടാമൽ ക്കാത്തീടേണം താ...താ...

രായൻ വാക്ക് : അഹോ വാരും സേവുകാ

ഭടൻ : ശരണം ശരണമയ്യാ സ്വാമി

രായൻ : നമതു മണികണ്ഠ കുമാരനെ - ഇന്ത

വ്യാതിയിൽ നിന്റ് രെക്ഷിക്കുന്ന ധീരർക്ക് - നാം

പെരിയമാന സമ്മാനം നൽകുന്ന വാർത്ത നഗരി

ലാകെ വിളമ്പരം ചെയ്തുവാറേൻ.

ഭടൻ : അരുൾപടിയെ ചെകിറോം അയ്യാസ്വാമി.

കർട്ടൻ

**രംഗം -7**

## പറയടി - ഭടൻമാർ

(രണ്ട് ആവർത്തി)

നടുതെരു വീതികളിൽ വാസം ചെയ്യും - തേശവാസികളെ
നീങ്കൾ പാരും - പാരുങ്കൾ

നമതുടെ രാജനായ് പന്തളത്തിൻ അതിപൻ

തിരുവാ പൊഴിന്തരുൾ പറയടി ത്തിടുവാൻ

ഭടൻമാർ വാക്ക്

പാരും സഭയോർകളെ - പന്തളത്തിനതിപൻ

രാജശേഖ മഹാരാജൻ തിരുമനസ്സിൽ നിന്റ്

അറിയിക്കും വാർത്തൈ- എൻ മൈന്തൻ

മണികണ്ഠകുമാരന് ഗോരമാന വ്യാതി പന്തിരി-

ക്കിറേൻ - അന്ത വ്യാതിയിൽ നന്റ് എൻ കുമാരനെ

രെക്ഷിക്കും ധീരർക്ക് - പെരിയ മാന സമ്മാനം

കൊടുക്കും വാർത്തൈ - നീങ്കളെല്ലാവരും

പാർത്താലും

സ്വാമിയാർ വരവ്

ക. സ്വാമിയാർ വരുകിറെയാനെ സപൈതന്നിൽ

സ്വാമിയാൻ വന്ത് നിന്റ് സപൈതന്നിൽ നിന്റ്

കൊണ്ട് - പെരിയമാന സപൈതയ്ക്കും വന്തനം

താറേൻ.... സ്വാമി

കക കാവിതുകിലണിന്ത് - നന്റാ കെയാനും-

യുദ്രാക്ഷമാല ചാർത്തി നന്റാ കെയാനും-

വ്യാതികൾ അകറ്റുന്ന ഭസ്മവും കൈലേന്തി-

പെരിയമാന സപൈക്ക് വന്തം താറൈ...

സ്വാമി....

കർട്ടൻ

**രംഗം - 8**

**പന്തളം കൊട്ടാരം**

**രാജാവും - രാജ്ഞിയും പരിവാരവും**

ഭടൻ : ശരണം ശരണമയ്യാ സ്വാമി..... നമത് ഗോപുരവാതുക്കൽ ഒന്റ് പെരിയമാന സന്യാസി വന്തിരിക്കിറേൻ.

രായൻ വാക്ക് : അനാൽ കേളും സേനാപതി.... അന്ത സന്യാസിയെ ശ്രീക്രമാകെ ഇങ്കെ കൂട്ടി വരുവയാഹെ.

ഭടൻ : അരുൾ പടിയെ ശൈകിറേം അയ്യാസ്വാമി

സ്വാമിയാർ പ്രവേശിക്കുന്നു.

രായൻ : വണക്കം സ്വാമിയാരെ - ഉക്കാരിങ്കൊ - (സ്വാമിയാർ ഇരിക്കുന്നു)

സ്വാമിയാർ രാജനിടം വിരുത്തം

പന്തളത്തിൻ അതിപതിയെ അൻപുമീകും രാജനെ കേൾ-ഇങ്കളുടെ മൈന്താർക്ക് ഹീനമാന ത്രോഹം ചെയ്തേനയ്യാ...

സ്വാമി വാക്ക്: അനാൽ ഉങ്കളുടെ മൈന്തനാരെ ഇന്തയിടം കൂട്ടിവരുവയാഹെ.

രായൻ വാക്ക് : അഹോവാരും സേവുകാ നമത് മണികണ്ഠകുമാരനെ - ഇങ്കെകൊണ്ടുവരുവയാഹെ.

(മണികണ്ഠനെ കൊണ്ടുവന്നിരുത്തുന്നു)

സ്വാമിയാർ രായനിടം

പന്തളത്തിൻ അതിപതിയെ... മെന്തന് - വിരുത്തം... വന്തതിന്റെ കാരിയം കേൾ ഹിനമാന മാന്ത്രീകത്താൽ ഉങ്കൾക്ക് നീ. ചതിമാന ത്രോഹം ചെയ്തേനയ്യാ... ഇന്തകാരിയം നിങ്കള്ക്ക് - കൊഞ്ച നാളിനകം തിരിക ചെയ്യും മന്നാ... ആണ്ടവനെ നിനയ്ന്തുനീങ്കൾ നല്ല സുഗതങ്കൾ ചെയ്തേണം മെന്നരശശേ. മൈന്തനാരെ കൂട്ടികൊണ്ട് ദേവസൽ നീങ്കൾ പോയിടേണം - ഒന്റ്

നാളികേരവും മുക്കണ്ണൻ തേവനാർക്ക് കാഴ്ച വൈപ്പിൻ നീങ്ങഅഖൾ.

സ്വാമിയാർ ഭസ്മം എടുത്തുകൊണ്ട്

ഹീനമാന മാന്ത്രീകത്താൽ ഇന്ത മണികണ്ഠനാർക്ക് വന്തിരിക്കുന്ന എല്ലാമാന ദ്രോഹങ്കളും മാറ്റി.... ആണ്ടവാ.... നീ കാപ്പാറ്റിയാലും.... ആണ്ടവാ ഇന്ത മൈന്തനാരെ നീ കാപ്പാറ്റിയാലും.... ആണ്ടവാ ഇന്ത മണികണ്ഠനെ നീ കാപ്പാറ്റിയാലും.

സ്വാമി ഭസ്മം എടുത്ത് മണികണ്ഠന്റെ മുഖത്ത് എറിയുന്നു.

കർട്ടൻ

**രംഗം -9**

**രാജനും - രാജ്ഞിയും മണികണ്ഠനും തേവസന്നിതിയിൽ**

I. അയ്യയ്യോ എൻ മുക്കണ്ണൻ തേവനെ എങ്കളെ
കാപ്പാത്തിടേണേ... തേവ.. നിൻ സന്നിതിയിൽ വന്ത്
നാങ്കളും കൈതൊഴുന്നിതാ തേവനെ...

II. മൈന്തരില്ലാതെ പതറിടും വേളയിൽ - നിൻ

തയവിനാൻ എങ്കൾക്ക് - ഗോര വനമതി നിന്റ്

തന്ത മൈന്തനെ... കാപ്പാറ്റീടേണ തേവാ നീ.

III. ഗോരമാന വ്യാതികളിൽ നിന്റ് എൻ

മൈന്തനെ കാത്ത തേവ നീ എങ്കളേ നീ

ഇന്റും മെന്റ് മെ കാർക്കണം തേവാ മുക്കണ്ണാ...

IV. ഈ ഉലകിൽലെങ്കൾക്കാർ തുണയില്ലയോ

അൻപേറും നിൻ കനിവല്ലാതെ.... അനാൽ

ഇത്തരുണം നീ കാർക്കണം തേവ... നിൻ

പാതം കൈതൊഴുന്നിതാ....

**കർട്ടൻ രംഗം 10**

**വാവരും പരിവാരവും**

I. അഷ്ടപതിശേയിൽ ധീരനായ് വാഴും...

വാവര്യാനും വാറെനെ നല്ലാ പശിയടക്കാനുള്ള

പോം വഴി ഇല്ലാത്തോരെ.... പോറ്റീടുന്ന

ധീരൻ നാനായ്യാ തന്താ....

II. പാരിൽ പുകഴ്പെറ്റ സേനൈകളും

കൂടി.... വാവരുയാനും വാറനെ നല്ല - വാളുകൾ

തോക്കുകൾ കുന്തങ്ങളും ഏന്തി.... കാണുന്ന

തേശങ്ങൾ കൊള്ള ശൈയ്യും നാങ്കൾ... തെ... ന്താ...

III. നളിനവാസികൾ കാണവാറേയാനും മാന്യരെ

നീങ്കൾക്കും പന്തനം നാങ്കൾ കാണുന്ന തേശങ്കൾ

കൊള്ള ചെയ്തു നാങ്കൾ... പാപിയോരെ പോ-

റ്റിടുന്നവർ... തന്ത...

വാവര് വാക്ക്

അഹോ എൻ സേനാപതി വീരൻകളെ

ശ്രീക്രമാകെശെന്റ് അകെ തർമ്മത്തിന്നായ

വന്തിരിക്കുന്ന... മനുജരെ ഇങ്കെ കൂടി വരുവയാഹെ...

ഭടൻ : അരുൾ പടിയെ കൂട്ടി വരുകിറേൻ അയ്യാസ്വാമി

(വാവരും സേനാപതികളും ചേർന്ന് ധർമ്മം കൊടുക്കുന്നു)

വാവര് വാക്ക്

അഹോ എൻ സേനാപതി വീരർകളെ

ശീക്രമാകെ പന്തളം കൊട്ടാരം കൊള്ളശൈ

വതർക്കായ് പുറപ്പെടലാം.

ഭടൻ : ആവിതാകിട്ടും സ്വാമി

കപ്പൽകേറാൻ പുറപ്പെടുന്നു

I. വരുകപോർപതി വീരരെ നീങ്കൾ

ഒരുമയുടനെ അണിയണിയായി.... ഇന്തനഗർ

വിട്ട് കപ്പല് കേറാൻ.... വരുക പോർപതി വീരരെ നീങ്കൾ...

II. കപ്പല് കേറി പന്തളം നഗർ...

തന്നിൽ.... ശീക്കിരത്തിൽ ശെൻര്... കൊള്ളയടി

പ്പാനായ്... ഒരുമയുടൻ വാരും വീരരെ നീങ്കൾ

വരുകാ പോർപതി വീരരെ നീങ്കൾ...

**കർട്ടൻ**

**രംഗം -11**

**വാവരും പരിവാരവും കപ്പലിൽ**

I. പാരുകിന്റാ.... വാവാര് നാൻ.... വാവരു

നാൻ.... തത്തിന്തക... സേനൈകളും.. ഒന്റായ്

കൂടി... പുകഴ്പെരിയ കപ്പിത്താൻ ഒപ്പ

മതേറി... പന്തളം കൊട്ടാരം കൊള്ളയടിപ്പൻ...

II. പെരിയപാടൈ വരുന്ന നാങ്കൾ... വരുന്നു

നാങ്കൾ.... തത്തിന്തകാ... ഒറുമയുടൻ അണി

അണിയായി അണിയണിയായ് തന്തിന്തക...

തോക്കുകൾ വാളുകൾ അതിവീതമേന്തി...

കാണുന്ന തേശങ്ങൾ കൊള്ളയടിത്ത് പന്തളം

കൊട്ടാരം കൊള്ളയടിപ്പാൻ.... വരുക.

മണികണ്ഠൻ വാവരിടം വിരുത്തം

ആരടാ ഇങ്കേവന്ത് കൊള്ള ശെയ്യാ

വന്തവനെ- നീങ്കളെ ഉയരോടു ഞാൻ...

ഇങ്കെ നിന്റ് വിടുവതില്ലെ....താ...

വാവര് മണികണ്ഠനിടം വെൺപ

വിടുവതില്ലെയെന്റുരൈത്ത-പാർ

വേന്തൻ മൈന്തനെ കേൾ - നീ പോയ്

പടൈ വീരർകളെ ഇങ്കവിടുവേൻ... എൻ

പടയും പടൈ കപ്പലും നീങ്കളുടെ

കൊട്ടാരം തകർത്തീടുവേൻ - ശിക്കിരം നീ

പോവേൻ നലമുടനെ.... താ...

മണികണ്ഠൻ വാവരിടം വാക്ക്

അല്ലയോ കൊള്ളത്തലവൻ അണ്ണാ...

നീങ്കളുടെ പടകപ്പലും പടൈ വീരർകളും

എങ്കേ പാർത്താലും.

(വാവര് തിരിഞ്ഞു നോക്കുന്നു. ഒന്നും കാണുന്നില്ലാ)

മണികണ്ഠൻ: നീങ്കൾ എൻ ശക്തിയെ പാർത്താലും

വാവര് മണികണ്ഠനിടം വാക്ക്

അല്ലയോ ചിന്നമൈന്ത-ഉങ്കളിടം നാൻ
അടിപെട്ടിരിക്കിറേൻ അനാൽ എങ്കൾക്ക് ഉയിരില്ലിടം
കാലം ഉങ്കളോടു കൂടിനാൻ

ജീവിക്കിറേൻ... മൈന്താനീ എന്നെ രെക്ഷിത്താലും

എന്നെ രെക്ഷിത്താലും .

മണികണ്ഠൻ: ആവിതമാകിട്ടും വാവരണ്ണാ.

കർട്ടൻ

## രംഗം 12

## പന്തളം കൊട്ടാരം

(രാജ്ഞി കിടക്കുന്നു. രാജാവ് രാജ്ഞിയിടത്തിൽ)

അല്ലയോ എൻമനവീ  നീങ്കൾക്ക്

എപ്പടീ വരുത്തം എന്റ് ചൊന്നാലും

രാജ്ഞി  - അൻപുമികും എൻ കണ്ണെവാ എനി

പെരിയമാന തലവേദന വന്തിരിക്കിറേൻ..........

ഓ..... ആൺവനെ......... എങ്കളെ നീ

രെക്ഷിത്താലും

രാജൻ മന്ത്രിയിടം വാക്ക്

അഹോ എൻ മന്ത്രി ശീക്രമാകംശെന്റ്

നമത് വൈദ്യരെ കൂട്ടി പരുവയാഹെ

മന്ത്രി : അരുൾപ്പടിയെ കൂട്ടി വരുകിറേൻ

അയ്യാ സ്വാമി

കർട്ടൻ

## രംഗം 13

## മന്ത്രിയും വൈദ്യരും

(മന്ത്രി വൈദ്യരിടം ശെവിയിൽ എന്തൊ മന്ത്രിക്കുന്നു.
അതിനുശേഷം ഒരു പൊതി ഏൽപ്പിക്കുന്നു.)

വൈദ്യർ പ്രവേശനം

I. വരുകിറരിതോവാ വൈദ്യര് യാനും - പന്തളം

നഗർ തനൈക്കുന്നിത നാം നാൻ - പെരിയ രശിയാളെ

കാൺ പതർക്കായ് നാൻ ...... വരുകിറ........

II. ശെന്താതി കസ്തൂരി കർപ്പൂര മേലാതി ...... ഊരിൽ

നീറ്റു ചിരുരവും..... ചൂർണ്ണം പലതും എൻവശം

ഉണ്ടേൻ......... വരുകിറാരിതേ.........

കർട്ടൻ

**രംഗം 14**

**കൊട്ടാരം രാജാവും പരിവാരവും**

വൈദ്യർ വീണ്ടും

III. രായൻ നൽമൊളി കേൾപ്പതിനായ് നാൻ......

പന്തളം കൊട്ടാരത്തിൽ വരുകിറേൻ നാനും

ഗോരമാം വ്യാതിയെ മാറ്റുതർക്കായ് നാൻ.......

വരുകിറരിതോവാ വൈദ്യര് യാനും.

വൈദ്യർരായനിടം വാക്ക്

ശരണം മഹാരാജാ എന്നൈ അളൈപ്പിത്ത

ചേതി എന്നതെന്റ്ം ചൊൽകിറേൻ

രായൻ വാക്ക് : അനാൽ കേളും വൈദ്യരെ നമത്

രാജ്ഞിയാൾക്ക് പെരിയമാന തലവേദന

വന്തിരിക്കിറേൻ അത് എന്നതെന്റ് പാർത്തു

ശൊൽകിറേൻ.

വൈദ്യർ : ആവിതമാകിട്ടും സ്വാമി

(വൈദ്യർ രാജ്ഞിയെ പരിശോധിക്കുന്നു. അതിനുശേഷം)

വൈദ്യർ രാജനിടം വാക്ക്

സ്വാമി ഉൻ രാജ്ഞിയാൾക്ക് പെരിയമാന

തലവേദന വന്തിരിക്കിറേൻ അനാൽമരന്ത്

കൊടുപ്പതർക്കായ് കൊഞ്ചം പുലിവാൽ വേണം

സ്വാമി.

രാജൻ (ഞെട്ടലോടെ)

പുലിപാലോ ഏവിതം കിടയ്ക്കും–

ആണ്ടവനെ നാൻ എന്ത– ഈ കേൾക്കും

വാർത്തെ മരന്തിനായി പുലിപോൽ

വൈദ്യർ രായനിടം വാക്ക്

സ്വാമി പുലിപ്പാൽ കൊണ്ടുവരുവതർക്കു

ള്ള ധീരൻ – ഇന്ത കൊട്ടാരത്തിൽ ഇരിക്കിറേൻ

മണികണ്ഠൻ : അന്തധീരൻ പുലിപാൽ

ഇങ്കേ കൊണ്ടുവരും – അനാൽ അടിയൻ

വരിട്ടും സ്വാമി

രാജൻ : ആവിതമാക്കിടും വൈദ്യരെ....

(രാജാവ് ദുഃഖിതനായ് കസേരയിൽ ഇരിക്കുന്നു)

മണികണ്ഠൻ രായനിടം

പന്തളത്തിൽ അതിപതിയെ മൂകതയെ

ന്തേ താതാ...... തായയാരുടെ വരുത്ത മതർ

ക്കൊന്റ് കുറവുമില്ലെ ..... താ..... താ.....

രായൻ : കുറവതില്ലെ എന്റുരൈത്ത .... എൻ

മകനെ നീയും വൈദ്യർ ചൊന്ന വാർത്ത

യൊന്റിനി കേളായതോ മൈന്ത

മണികണ്ഠൻ : നീ കേളായൊതൊ എന്റ് രൈത്തത

കപ്പനെ കേളാ നീയും വൈദ്യർ ചൊന്ന വാർത്ത

യെനി പകർന്തിടുക താതാ........

രായൻ : പകർന്തിടുകയെന്റുരൈത്ത എൻ മകനെ

കേളായ് മരന്തിനായ് പുലിപാൽ വേണം

എന്നു ചൊന്നേ മൈന്ത.......

മണികണ്ഠൻ : പുലിപാൽ വേണം എന്ന് ചൊന്ന

എൻ തകപ്പാ നീയും പുലിപാലിനായ് തവറാ

വേണ്ടെ എൻ തകപ്പായാനും വനമതിൽ ശെന്റ്

പുലിയെ കൊണ്ട് പോരാം

രാജൻ : കൊണ്ടുപോരാം എന്റ് രൈത്ത എൻ

മകനെ പുലി ആടോ പശുവോ അല്ല ഇങ്കെ

കൊണ്ടു പോരുവാൻ.

മണികണ്ഠൻ : ആടോ പശുവോ അല്ലയെന്റു രൈത്ത

തങ്കപ്പനേ കേളാ നീയും അനുഗ്രഹിച്ചാൽ

യാൻ പോയ് പുലിയെ കൊണ്ടുപോരാം

രാജൻ : ഗോരമാനവനത്തിൽ നീയും പോയിടുകി

അങ്കെ പുലി കരടി കടുവൈ ഉന്നൈ

വതൈക്കാ ശൈവേൻ മൈന്താ......

മണികണ്ഠൻ : പുലി കരടി യൊന്റു മെന്നൈവതൈ

പ്പതില്ലൈ..... താത.... ആണ്ടവൻ കിറുപയാലെ

ന്നെ അനുഗ്രഹിക്ക താത.... ശീക്കിരത്തിൽ

പുലിയെ തേടി പോയിടട്ടെ .... താത......

രായൻ വാക്ക്

മൈന്ത : നിൻ ചിത്തൻ യാൻ അനു

വതിച്ചിരിക്കിറേൻ ... അന്ത വനാന്തരത്തിൽ

നീ പോയി ആണ്ടവൻ തുണയാൽ ശീക്കിരത്തിൽ

തിരിച്ചുവാറേൻ മൈന്ത തിരിച്ചുവാറേൻ.

മണികണ്ഠൻ പോകുന്നു

I. കരുണൈ കടവുൾ തിരുകാപ്പാറ്റിടേണ

മെൻ താതനേ...... നീങ്കൾ അരുമയായി

പിറന്ത മൈന്തനെ കാർകക്ണെ താത നീ.

കർട്ടൻ

**രംഗം 15**

**മണികണ്ഠൻ വീണ്ടും (വനത്തിൽ)**

II. തായാർക്ക് മരന്തിനായ് പുലിപാല് തേടി

യാനും പോകിറേൻ ..... ഗോരവനമതിൽ ശെന്റ്

യാൻ ശീക്കിരം പുലികളെ കണ്ടിടാൻ......

III. ത്രിലോക മൂർത്തികളെ ..... എങ്കൾക്കു

ഒന്റ് ഉതവി ശൈയാ പരാ ....... പുലിയെ

കണ്ടിടാൻ ..... പുലിയെ കണ്ടിടാൻ നൽവരം

ചൊരിയേണം താത നീ ദാസനിൽ

(മണികണ്ഠനെ കണ്ട വികൃതമായ മൃഗം

മണികണ്ഠനെ കൊല്ലുവാനായി അലറിപാഞ്ഞ്

എത്തുന്നു. ഈ മൃഗത്തെ കണ്ട മണികണ്ഠൻ

കുമാരൻ പരിസരം മറന്നു തേവനിടം ഈ

ആപത്തിൽ നിന്നും രക്ഷിക്കാൻ അപേക്ഷിക്കുന്നു.)

മണികണ്ഠൻ വാക്ക്

ആണ്ടവനെ ഇന്തവനാന്തരത്തിൽ നാൻ

ഏകനായ് വന്തിരിക്കിറേൻ ..... എന്നിടം

ദ്രോഹത്തിനായ് വന്തിരിക്കുന്ന വികൃതമാന

മൃഗത്തെ കൊൽവതർക്കായ് എൻ അമ്പുക്കും

വില്ലുക്കും ശക്തി തരവേണ്ടും കടവുളെ

ശക്തി തരവേണ്ടും.

(ഈ സമയം ആകാശത്തിൽ നിന്നും മണികണ്ഠന് ഒരു
അമ്പു ലഭിക്കുന്നു.)

(മണികണ്ഠനും മൃഗവുമായുള്ള യുദ്ധം)

(യുദ്ധത്തിൽ മണികണ്ഠന്റെ അമ്പ് ഏറ്റ് പിടഞ്ഞ മൃഗം
സൗന്ദര്യവതിയായ ഒരു യുവതിയായിത്തീരുന്നു.)

യുവതി മണികണ്ഠനിടം ഏശൽ

I. വൻ ശാപത്തിൽ നിന്റ് എന്നെ രെക്ഷിത്തെടു

ത്ത ധീരനാം ഉത്തമനെ നീന്നെ പുകഴ്ത്തിടുന്നു.

II. അനവതി വർഷങ്കൾ ഇന്തവനമതിനിൽ

വികൃതമാം മിറുഗത്തിന്റെ കോലമായ് ജീവി

ത്തേൻ നാൻ.

III. എന്നുയരുള്ള കാലം ഉങ്കളെ പിരിന്ത്

യാൻ - ജീവിക്കയില്ലെ രാജാ എന്നെ നീ

രെക്ഷിക്കേണം.

IV. എങ്കൾതൻ കഴുത്തിനിൽ മംഗല്ല്യ മാല

ചാർത്തി എന്നെ നീ കൊണ്ടു പോക

ധീരനാം ഉത്തമനെ തക്കജം........

മണികണ്ഠൻ യുവതിയിടം വാക്ക്

ദേവി - യാൻ ഈ ഉയിരുള്ള കാലം

നിത്യ ബ്രഹ്മചാരി താൻ അനാൽ മഞ്ച മാതാ

വെന്റ് നാമത്താൽ മൽ ക്ഷേത്രതത്ിന്റെ വാമ

ഭാഗത്ത് ചന്തോശമായി ഇരിക്കിറേൻ.

യുവതി - കൽപ്പനപോലെ......

(യുവതി മറയുന്നു.)

പരമശിവൻ പ്രത്യക്ഷപ്പെട്ട് മണികണ്ഠനെ തടവിക്കൊണ്ട്)

കുമാരാ ഉൻ ചിത്തത്തിൽ നാൻ ശന്തോ

ശിച്ചിരിക്കിറേൻ മണികണ്ഠാ ...... ഉന്നൈ

നിനൈന്ത് തപസ്സ് ചെയ്യും ശബരിക്ക് എല്ലാ

മാന അനുഗ്രഹങ്ങളും കൊടുത്താവും- അന്ത

മലയിൽ പന്തളം താജനാൽ പണിചെയ്യിക്ക

പ്പെടും ക്ഷേത്രത്തിലെ വസിച്ച് ലോകരക്ഷ

വരുത്തി കൊൾവയാഹെ

വൽസല നിൻ സത്യത്തെ പാലിപ്പർക്കായ്

ഇന്ത ദേവന്മാരെല്ലാം ഈറ്റപുലികൾ ആയി

കൊൾവയാഹെ - ദേവേന്ദ്രൻ പുലിയുടെ

കഴുത്തിനിൽ കയറി - ശീക്രത്തിൽ പുറപ്പെ

ടലാം. ഉനൈക്ക് എല്ലാമാന മംഗളങ്ങളും ഭവിക്കട്ടും.

കർട്ടൻ

**രംഗം - 16**

**പന്തളം കൊട്ടാരം**

(രാജാവും മന്ത്രിയും ഏശൽ)

രായൻ - അയ്യയ്യോ നാൻ എന്ന ശൈങ്കി റേൻ....

മൈന്തനെ കാൺപതില്ലയോ ... വനത്തിൽ

മരന്നിനായ് പുലിപാല് തേടി പോയോൻ

ഇന്റു വരൈ കാൺപതില്ലയോ.

മന്ത്രി- കാൺപതില്ലെ യെന്റുരൈ പകർന്ത

മന്നാ...... കലങ്കിടാ ശൈയ്യ വേണ്ടയോ..... മെന്തൻ

ഗോരമാന വനമതിൽ ശെന്റ് പുലിയെ കൂട്ടി

ങ്കേ വന്നീടും

രായൻ - വന്തിടുമെന്റ് റൈ പകർന്ത മന്ത്രി മൈന്ത

നേക്കനായ് വനമതിൽ - അയ്യോ ..... ഗോരമാന

മൃഗങ്ങളേങ്കേയും എൻ മൈന്തനെ വതൈത്തീടുമോ.......

മന്ത്രി - വതൈത്തിടുമെന്റു റൈ പകർന്ത എന്തൻ

ധീരനാം മന്നവനേ കേൾ- ആണ്ടവൻ തുണയാൽ

മൈന്തനാർക്ക് യൊന്റുമേവരുവതില്ലയോ....

രായൻ - വരുവതില്ലെ യെന്റുറൈ പകർന്ത

എന്തൻ പ്രിയനാം മന്തിരിയേകേൾ അരുമയാന

എൻ മണികണ്ഠൻ മകനെ ആണ്ടവൻ

തുണച്ചിടുതേൻ.

കർട്ടൻ.

**രംഗം 17**

**മണികണ്ഠ കുമാരൻ വനത്തിൽ നിന്നും പുലിയെ കൂട്ടി നാട്ടിലേക്ക് പുറപ്പെടുന്നു.**

I. ഗോരവനമതിൽ പുലിയെ കാൺപതർക്കായ്

ഉതവി ശൈത എന്തൽ സ്വാമിയേ - ഉൻ പാതം

പണിന്ത് നാൻ പുലിയേയും കൂട്ടി കൊണ്ട്....

പന്തളം താതനിടം പോകിറേൻ.

II. കാടും കനവീതി കടന്ത് തിടമുടൻ- പുലിപുറ

ത്തേറി പോകിറേൻ - തായാർക്ക് മരന്തിനായ്

പുലിപാൽ എടുപ്പതർക്കായ് പുലിയേയും

കൂട്ടിയാനും പോകിറേൻ .... നല്ലാ ......

(പന്തളം കൊട്ടാരത്തിൽ)

III. പന്തളം നഗർക്കതിപനായ് വാഴും ...... തകപ്പനിടം

യാനും വാററെ തായാർക്ക് മരന്തിനായി പുലിപാല്

തേടി പോയോൻ ശീക്കിരം പുലിയുമായ്

വരുകിമറൻയാനും.

മണികണ്ഠൻ രായനിടം വാക്ക്

ശരണം തകപ്പനാരെ പുലിപ്പാൽ വേണ്ടു

വോളം കറന്ന് എടുക്കിറേൻ.

രാജാവ് മണികണ്ഠനിടം വിരുത്തം

പാരിലാകെ പുകഴ്പെരിയ അൻപുമീകു

എൻ കുമാരാ പുലിപാൽ തേടി വനത്തിൽ നീ

പോയ് – രണ്ടു ദിനം കഴിഞ്ചതോടെ തായര്

ശുകം പ്രാപിച്ചു ശന്തോശമായിരിക്കിറേൻ താത......

രായൻ മണികണ്ഠനിടം വാക്ക്

അനാൽ ഇന്ത പുലികളെയെല്ലാം ശീക്കി

രത്തിൽ പറഞ്ചുവിട്ടാലും മൈന്താ.

മണികണ്ഠൻ പുലികളിടം വാക്ക്

അനാൽ കേളും പുലികളെ നീങ്കൾ

ശീക്കരത്തിൽ വനത്തിലേക്ക് പോകലാം.

മന്ത്രി മണികണ്ഠനിടം തുയരം

1. അയ്യപ്പാ സ്വാമിയാരെ ..... യാൻ ചെയ്ത ത്രോഹം

നീ ക്ഷമിക്കാ .....അങ്ങയെ യാൻ വതൈപാതർക്കായ്

മന്ത്രി കുരിയിടത്തിൽ പോയേനയ്യാ......

II. മാന്ത്രികരെ കേതവറി നിൽക്കെ .....ആയിരം

പവൻ വീതംയാൻ കൊടുത്തേൻ ..... മാന്ത്രികത്താൽ

മാണ്ടതില്ലെയെന്ററിന്തയാൻ തായയിടം.

III. തന്ത്രമോതി അങ്ങയെയാൻ പുലിപാലിനായ്

വിട്ടേനയ്യാ... ഈ മഹാദ്രോഹം നീ ക്ഷമിക്ക മണി

കണ്ഠനാരെ സ്വാമിയേ......

IV. ഈ ഉലകിൽ എങ്കൽക്കൊരു ഉദവി

ശൈയ്യാ പാരാ ദേവനിതേ അങ്ങ്ല്ലാലി നിക്കാർ

തുണയില്ലെ .... പാപിയാം ദാസനെ നീ

കാർക്ക ദേവാ.

മണികണ്ഠൻ മന്ത്രിയിടം വാക്ക്

അനാൽ നീങ്കൾ എങ്കളുക്കും ഇന്ത

കൊട്ടാരത്ത്ക്കും .... ഇന്തനഗർതനൈക്കു ശൈ

തിരിക്കുന്ന എല്ലാമാന ദ്രോഹവും നാൻ ക്ഷമിച്ചി

രിക്കിറേൻ മന്തിരി.

രാജ്ഞി മണികണ്ഠനിടം ഇന്തിശൈ

അൻമ്പുമികും..... എൻ മൈന്തനെ തേവനാൽ

പിറന്തവനെ അങ്ങയോടു യാൻ ചെയ്ത ദ്രോഹം

സ്വാമിയാരെ നീ ക്ഷമിക്കാ..... ആ......

മണികണ്ഠൻ രാജ്ഞിയിടം വാക്ക്

തായെ നീങ്കൾ ചെയ്ത എല്ലാമാന

ദ്രോഹവും നാൻ ക്ഷമിച്ചിരിക്കിറേൻ.

രായൻ മണികണ്ഠനിടം വാക്ക്

അനാൽ കേളം മൈന്ത .... ഇന്തനഗർ

ക്കധിപനായ് നീ വാഴ വേണ്ടും.

മണികണ്ഠൻ രായനിടം വാക്ക്

അനാൽ കേളും മഹാരാജാ ആണ്ടവൻ

അരുൾപ്പടി പോൽ നാൻ ശബരി മലയിൽ

വാഴവേണ്ടും - അനാൽ കേളും വാവരണ്ണാ

എന്നെ കാൺപതർക്കായി വന്തിടും മനു

ജരെ വന്യമൃഗങ്ങളിൽ നിന്റ് രെക്ഷിപ്പതി

നായ് എരുമേലിയിൽ വാഴവേണ്ടും.

വാവര് വാക്ക് - ആവിതം ആകിട്ടും സ്വാമി.

മുനി പ്രവേശനം

മുനി - വണക്കം രാജാ.......

രായൻ- വണക്കം സ്വാമി.....

മുനി- ഇന്തഗ്രെന്തത്തെ പാർത്താലും

(രാജാവ് ആഗ്രെന്തം പരിശോധിക്കുന്നു. അതിനുശേഷം)

മുനി - സ്വാമിയാർ പോകിട്ടും മഹാരാജാ.

രാജാവ് - ആവിതമാകിട്ടും. എങ്കളെ അനുഗ്രഹിച്ചാലും സ്വാമി.

കർട്ടൻ

കെട്ട്കേറ്റി മലക്ക് പുറപ്പെടുന്നു.

I. ശരണം ശരണം ശരണമെന്തൽ സ്വാമി

യാരെ......... പൊന്നയ്യപ്പാ.....

II. നിൻ തിരുവടി കാൺപതർക്കായ് നാങ്കൾ

വാറെൻ .... പൊന്നയ്യപ്പാ.

III. പെരിയമാന തപസ്സു ചെയ്ത് നാങ്കൾ

വാറെൻ..... പൊന്നയ്യപ്പാ.

IV. കാടും കയവും കടന്ത് നാങ്കൾ വന്തിടു

ന്നിതാ പൊന്നയ്യപ്പാ.

V. ഞങ്ങളിൽ നീ കനിയേണമേ സ്വാമീ

യാരെ പൊന്നയ്യപ്പാ.

VI. പതിനെട്ടാം പടി ചവുട്ടി നാങ്കൾ

വന്തിടുന്നേൻ പൊന്നയ്യപ്പാ.

VII. സ്വാമി തൃപ്പാതം കുമ്പിടുവാൻ വന്തിടുന്നിതാ

പൊന്നയ്യപ്പാ.

VIII. മകരവിളക്ക് കണ്ടിടുവാൻ നാങ്കൾ

വാറേൻ പൊന്നയ്യപ്പാ.

കർട്ടൻ

ശുഭം

BY.

THOMAS PADAMADAN

NEERICODE

Ph: 9633481073

# bmt¡m-_nsâ
# a ¡ Ä

## വന്ദനവിരുത്തം

ദിവ്യമാം മരക്കുരിശിൻ - മാർഗ്ഗേ നരർഗൃഹത്തിൽ

നശ്വരമെ അകറ്റി - മുക്തി ചേർത്താ - സർവ്വലോകം

സൃഷ്ടി സ്ഥിതി സംഹാരേശാ താവകാ തൃപാദപത്മം -

കേണിവർ കൈമുട്ടുമായ് - വണങ്ങിടുന്നു.

## സപയോർപടി

1. വെള്ളിനക്ഷത്രം വാനിലുദിച്ച്

വെത്‌ലകം നഗരിയിൽ പാതിരാത്രിയിൽ -

കാലിതൊഴിത്തിൽ വന്നു പിറന്നു -

ഉണ്ണിയ്ക്ക് സോസ്ത്രം പാടി.... ആ...

2. പൂജരാജക്കൾ മൂന്നു പേർ വന്ന്

പുഞ്ചിരിച്ചു ചുംബനങ്ങൾ നൽകി -

പൊന്നുകുന്തിരിക്കം മുരുളവയും =

കാഴ്ചവച്ചു സോസ്ത്രം പാടി.... ആ... ആ...

3. ഉണ്ണിയെ കയ്യിലേന്തി രാജാക്കൾ =

ഉൺമ്മവെച്ചു സോസ്ത്രഗീതങ്ങൾ പാടി

കന്നിമേരിയും ഔസേപ്പിതാവും

ദൈവഗീതങ്ങൾ പാടി... ആ...

4. പാരിൽ പ്രസിദ്ധികേട്ട കാനാം ദേശത്തിൽ =

പണ്ടൊരിക്കലുണ്ടായ ബൈബിൾ കഥയിൽ =

അൽപ്പസ്വൽപ്പമെടുത്തു സംഗീതനൃത്ത = നാടകമായി രചിച്ചത് ... ആ....

5. ജാക്കോബിൻ മക്കളിൽ = ഉന്നതനാകും =

പൂർവ്വിക ജോസഫിൻ കഥ പാടാം =

ഭക്തിയോടെ സദസ്സിൽ സാദരം = സമർപ്പിച്ചിടാം ദാസർ... ആ.... ആ....

## വിശുദ്ധ സെബാസ്ത്യനോസിനോട്

1. വാഴ്ക വാഴ്ക സെബാസ്ത്യനോസെ വാഴ്ക

വാഴ്ക വാഴ്ക വിശുദ്ധനേ

നർബോന നഗരിയിലുദിച്ച താരമേ

വാഴ്ക വാഴ്ക വിശുദ്ധനെ. (നർബോന)

2. സത്തിയവേദം സ്വീകരിച്ചതിനാൽ

മരണവിധി കൈയേറ്റു നീ

സംഖ്യയില്ലാത്ത അമ്പുകളേറ്റു

സ്വർഗ്ഗം പ്രാപിച്ച വിശുദ്ധനെ. (സംഖ്യയില്ലാത്ത)

3. ശ്ലീവ അടയാളം വരച്ചു തളർവാതം

മാറ്റിയ വിശുദ്ധനെ

ചെകിടർക്ക് കേൾവി കൊടുത്തുവല്ലോ നീ

ഊമരും സംസാരിച്ചു.

4. പഞ്ഞംപട വസന്തക്ലേശങ്ങളെ

പാടെയകറ്റിയ മാദ്ധ്യസ്ഥാ-

ലോകപെരുമ മഹിമ സമ്പത്ത്

വെറുത്തുപേക്ഷിച്ച വിരുദ്ധനെ.

**രംഗം 1**

## ബാലർകൾ വരവ് ഗാനം

1. ദൈവമേ കുമ്പിടുന്നേൻ = ബാലാർകൾ ഞങ്ങൾ =

ദൈവകൃപയാലെ ബാലാർസദസ്സിൽ വന്നു =

വന്ദനം ചെയ്തിടുന്നു സുന്ദരബാലർകൾ =

2. പാരിൽ പ്രസിദ്ധിപെരുത്ത കാനാം ദേശത്തിൽ =

പാപിയാം യാക്കോബിന്റ മക്കൾ പന്ത്രണ്ടുപേരിൽ –

പൂർവ്വിക ജോസഫിന്റെ ഉത്തമകഥ ശൊല്ലാം =

3. ജ്ഞാന സ്വപ്നങ്ങളുടെ ഉന്നതനായി =

സ്വപ്നം വ്യാഖ്യാനിക്കും ഉത്തമജോസഫ് =

പത്ത് സഹോദരന്മാർ = വിറ്റു ഈജിപ്തകാർക്ക്

കർട്ടൻ

**രംഗം 2**

## പന്ത്രണ്ടുമക്കൾ വരവു ഗാനം - സീനറി - തെരുവ്

I. പാരിൽ പ്രസിദ്ധികേട്ടോരുത്തമനാട് =

കാനാം ദേശത്തിൽവാഴും യാക്കോബിൻ മക്കൾ ഞങ്ങൾ

അഴകിൽ മികച്ച പന്ത്രണ്ടു മക്കളും =

അഴകെഴും മലഞ്ചെരുവിൽ വസിച്ചിടും ധീരർ =

II. അരുണനുസമമായ് വസ്ത്രമണിഞ്ഞും =

ആനന്ദമോടെ വാഴും സോദരർ ഞങ്ങൾ =

ഉന്നതഗോത്രത്തിൽ ഉദിച്ചുയർന്ന

ഉത്തമരായ നല്ല വീരചൂരർ ഞങ്ങൾ

## ജോസഫ് ജേഷ്ഠന്മാരോടു ഗാനം

1. പ്രിയമേറുന്ന ജേഷ്ഠന്മാരെ നിങ്ങൾ =

ഇളം കുരുന്നാകും ബെന്യാവെ നീ =

പരമപരതരുൾപോലൊരുസംഭവം =

നിങ്ങൾ എല്ലോരും കേൾക്ക വേണം

ഇന്നലെ ഒരുസ്വപ്നം കണ്ടു ജേഷ്ഠന്മാരെ=

ജ്ഞാനസ്വപ്നത്തെ വ്യാഖ്യാനിക്കാം

2. നമ്മളെല്ലോരും വയലിൽ കൊയ്യാൻ പോയി =

കറ്റകളെല്ലാം മുറക്കി വച്ച് =

എന്റെ കറ്റകൾ നിവർന്നു നിന്നുകൊണ്ട്

കാറ്റാടി നിന്നു പുഞ്ചിരിച്ചു.

ജേഷ്ഠന്മാരുടെ കറ്റകളോരോന്ന്

എൻ കറ്ററുകിൽ വന്നും കുമ്പിടുന്നു.

## ജേഷ്ഠന്മാർ ജോസഫിനോട്

1. കുമ്പിട വേണോ നിന്റെ മുന്നിൽ ഞങ്ങൾ =

നിന്നെ രാജാവായി വാഴ്ത്തിടണോ =

നിന്റെ സ്വപ്നത്തിൽ സാരമെന്ത് = നല്ല =

കള്ളം പറഞ്ഞു നീ നടിക്ക വേണ്ട

സ്വപ്നക്കാരകനാകും സൂത്രശാലി നീയും

കീർത്തി പ്രബല്യനായ് നടിക്കവേണ്ട.

ജോസഫ് അവിടെനിന്നും പോകുന്നു

ജേഷ്ഠന്മാർ വീണ്ടും ഗാനം

ചന്ദ്രപ്രകാശം വിതറി കാനാം ദേശത്തിൽ =

കനകം വിളയും നാടിതാം കാനാംദേശം =

താവകദേശമതിൽ സുന്ദരവീരചൂരർ =

യാക്കോബിൻ മക്കളെ നാട്ടാർക്ക് തൃപ്തിയാണ്

സിക്കിം മല താഴ്വരയിൽ = ആടുപറ്റങ്ങളെ മേയ്ച്ചിടും -

കൈക്കവണിയും കോലുമുണ്ട് = കീർത്തി പ്രാബല്യരാസോദ
രർ ഞങ്ങൾ

2. ഞങ്ങളിൽ എതിർ അരുളും = എതിർത്തിടുന്ന =

മാറ്റലരില്ല തെല്ലുമെ എതിർതത്തിടുവാൻ =

ആട്ടും കൂട്ടങ്ങളേറെയുണ്ട് നിലവിലിന്ന് =

വീണ്ടും അനവതിവന്നിടുന്നു കൂട്ടമായി =

വന്നിടും പുതു ആടുകളെല്ലാം =

വർണ്ണമുള്ളതാണ് ഒക്കെയും =

ഭക്ഷണങ്ങൾ കൊടുത്തിടാനായ് = ആട്ടിടയർ ഉണ്ടവിടെ =

കർട്ടൻ

**രംഗം 3**

മലനാട്ടിലെ ഒരു ഗ്രാമം സാധാരണ ഭവനം നരച്ചതാടിയും മീശയുമുള്ള ഒരു വൃദ്ധൻ

ജാക്കോബ് - ഗാനം

1. ആസ്തികബുദ്ധിപെരുത്തൊരു നാട്ടിൽ -

പരമപരനരുളൽ =

പ്രകൃതി = ഭംഗി തിങ്ങിടുമി മാമലഞ്ചെരുവിലെ =

കൊച്ചുഗ്രാമവാസി ഞാൻ

2. ഭക്തി നിറഞ്ഞ ശിഷ്ഠരും നാട്ടിൽ =

ബഹുമാനമോടെവാഴും =

നല്ല = പുതുമതിളങ്ങിടുമിരണിയം കലർന്നിടും =

കാനാൽവാസികൾ ഞങ്ങൾ =

സൗന്ദര്യമുണ്ട് പ്രവഡിയും മുണ്ട് =

യുക്തിചേരും മക്കൾ പന്ത്രണ്ടുപേരും

സുഖമായി വാണിടുന്നേൻ

യാക്കോബ് അകത്തേയ്ക്ക് പോകുന്നു

ഇളയമകൻ ബന്യാവ് പ്രവേശിക്കുന്നു - ഗാനം

1. കാനാം ദേശം തന്നിൽ വാഴും =

ഉന്നതഗോത്രതലവൻ =

ഉത്തമജാക്കോബിൻ പുത്രൻ =

സുന്ദരപയ്യൻ ഞാൻ =

2. ഭൂജതനാം ബാവനിലൻ =

ഭൂവനാന്ദശീലൻ =

പ്രകൃതി ഭംഗിയ തിങ്ങിടുമി

വസ്ത്രങ്ങൾ ധരിച്ചും

3. സ്ഥാനമാനങ്ങളുമുള്ള =

നീതിമാനാം ജാക്കോബിന്റെ =

താപകചാരെ വന്നുടൻ =

കാരണങ്ങൾ അറിയാം =

ജാക്കോബ് അകത്തുനിന്നും വരുന്നു

ബെന്യാവ് വാക്ക് : വന്ദ്യപിതാവെ വണക്കം

ജാക്കോബ് വാക്ക്: ബെന്യാവെ നമ്മുടെ ജോസഫിനെ കൂട്ടി വാകും

ബെന്യാവ് പോകുവാൻ ഒരുങ്ങുന്നു. ഈ സമയത്ത് ജോസഫ് പ്രവേശിക്കുന്നു

ഗാനം

1. മന്നിലൊലിപൊങ്ങിടുന്ന കാനാം ദേശം തന്നിൽ =

തന്നിലതിമാന്യനായി = ജാക്കോബിൻ പുത്രൻ ഞാൻ =

അരുമയേറും വന്ദ്യനാം താതന്റെ ആജ്ഞ =

അവിചരിത്രം ലഭിച്ചതിൽ തിടുക്കമോടെ വന്നു =

അന്യോന്യം തോളുരുമി സുസ്മിതം നടന്നു =

പിതാവിന്നരുകിൽ വന്നിടുന്നു ജോസഫ് =

ജോസഫ് വാക്ക് : വന്ദ്യവിതാവെ വണക്കം

ജാക്കോബും ജോസഫും മാറി മാറി ഗാനം

ജാക്കോബ് : ജോസഫെ നീ പൊൻ മകനെ = ഉന്തനുടെ ചേട്ടന്മാരെ കണ്ടോ വേഗം കണ്ടുവെങ്കിൽ പറഞ്ഞിടേണം = ഇല്ല എങ്കിൽ അന്വേഷിച്ചുടൻ പോണം.

ജോസഫ് : പോയിടാം ഞാൻ വന്ദ്യ താതാ = ആടുമേയ്ക്കും മലഞ്ചരുവിൽ പോകാം = ഇവൻ ഇളംകുരുന്നു ബെന്യാവുമായി പയ്യനൊത്ത് പോകാം പുലർകാലെ =

ജാക്കോബ് : പോയിവരും നേരം വരെ = ഭക്ഷണപാനീയ മൊക്കെ വെടിഞ്ഞു = ഞാനും ഇവിടെത്തന്നെ കാത്തിരിക്കാം = വൈകിടാതെ പയ്യനെ വിളിക്കൂ =

ജോസഫ് : വിളിച്ചിടാം ഞാൻ അരുളതുപോൽ = ഉടനടി യെവൻ ബെന്യാവിനെ അയക്കൂ = ഇപ്പോ - ഈ വസതിയിൽ = വിരക്തിയെന്നിൽ കരുതിടാതെ ഇരിക്കൂ.

മക്കൾ പത്ത് പേർ പ്രവേശിക്കുന്നു വാക്ക് =

മക്കൾ : താതാ വണക്കം

ജാക്കോബും മക്കളും മാറി മാറി ഗാനം

ജാക്കോബ് : വണങ്ങിടുന്നു മക്കളെ നിങ്ങൾ = ദിവജ്ഞാനികളാകും ദൈവം = ആടുമാടുകളെ മേയ്ക്കുവാൻ = വേഗം പോകണം നിങ്ങൾ =

മക്കൾ : പോയിടാം ഞങ്ങൾ താതനനുഗ്രഹം = തന്നിടു ഞങ്ങളുക്ക് വേഗം = സിക്കിംമലതാഴ്വര = തന്നിൽ പോകുന്നു ഞങ്ങളിതാ =

ജാക്കോബ് : വൈകിടാതെ പോകുക നിങ്ങൾ = ദൈവം അനുഗ്രഹിക്കും നിങ്ങളെ – അന്യോന്യം തോളുരുമി സസ്മിതം നടന്ന് മോദമായ് കഴിഞ്ഞിടേണം

മക്കൾ : മോദമായ് കഴിഞ്ഞിടാം ഞങ്ങൾ = വന്ദ്യപി താവെ അങ്ങയിലെ◌ കൽപ്പിതം പോൽ = നല്ല ജ്ഞ സമ്പന്ന താപകപുണ്യസാദരം വണങ്ങിടട്ടെ=

ജോസഫ് ഗാനം

വണങ്ങിടുന്നു ഞാനും = ജേഷ്ഠന്മാരെ നിങ്ങൾ കേൾക്കു =

ഒരു സ്വപ്നം ഞാൻ കണ്ടു = ജ്ഞാനസ്വപ്നത്തിൻ കഥ ശൊല്ലാം = സൂര്യനും ചന്ദ്രനും = നക്ഷത്രങ്ങൾ പതി നൊന്നും =

എന്നെ കുമ്പിടുന്നു = എൻ സ്വപ്നത്തിൽ സാരം കേൾക്കൂ

ജാക്കോബ് – ശെമഓൻ – ജോസഫ് – ബെന്യാവ് മുതലായ വർ മാറി മാറി ഗാനം

ജാക്കോബ് : മഠയത്തരം ശൊല്ലവേണ്ട മണ്ടനായ ജേസഫേ നീ =

ജേഷ്ഠന്മാരും ഞാനും നിന്റെ അമ്മയും കുമ്പീടണോ =

ശെമയോൻ : കുമ്പിടുവാതില്ല ഞങ്ങൾ സ്വപ്നക്കാരനിന്നെ = നിൻ

മനസ്സിലെ വ്യാമോഹങ്ങൾ ഒതുക്കി വയ്ക്കൂ നീയും

ജോസഫ് : വ്യാമോഹങ്ങളല്ലാ ജേഷ്ഠാ = ഞാൻ വൃഥാ പറഞ്ഞു പോയി = വന്ദ്യരാകും ജേഷ്ഠന്മാരും പിതാവും ക്ഷമി ക്കൂ =

ബെന്യാവ് : പ്രിയമേറും ജേഷ്ഠന്മാരെ പന്തിഭോജനം കഴിക്കാം തൃപ്തരായി പോയിടേണം ആട്ടിൻക്കൂട്ടമായി.

കർട്ടൻ

## രംഗം 4 പറവോൻ രാജാവിന്റെ കൊട്ടാരം

രാജാവും ഭടന്മാരും

രാജാവു ഗാനം

1. തിങ്കളൊളി കിരീടം ചൂടും മഹാദീരൻ = കയ്യിൽ

കനക ചെങ്കോൽ ധരിച്ചു ഞാൻ - നല്ല = വർണ്ണ ശബള സിംഹാസനരൂഢൻ ഞാൻ = ഈജിപ്തിവാഴും പറവോൻ രാജൻ ഞാൻ =

2. തുംഗശൃംഗത്തു നിൽക്കും മഹാഗംഭീരനായ് വാഴും =

എതിരിടു അഖിലരെ തകർത്തീടും = നല്ല = ശൂരമഹാരഥൻ ആശ്ചാരിവാനെന്നെ = ഉച്ചൈസ്തരം ജനം മുഴക്കിടും

3. ഈജിപ്ത് ഗോത്രങ്ങൾ പടുത്തുയർത്തി മറു = ജാതി യരെ നാശമാക്കിടും - നല്ല = മന്നനിക്കെതിരായി നിന്നിട്ടും അരികളെ = നിർദ്ദയം തകർത്തിടും രാജൻ ഞാൻ =

4. സകലപദവിയെഴും വസ്ത്രമണിഞ്ഞു ഞാൻ =

വിരുത് ധരിച്ചു മെയ്യിൽ പ്രൗഢിയായ് = നല്ല =

നിന്ദരായ് വാഴുന്ന എബ്രഹാം ജനത്തിനും =

എന്നും ഒരു പകയാണിവൻ - നല്ല

രാജാവ് വിരുത്തം

എന്നരുകിൽ നിന്നീടുന്ന = വീരചൂരഭടന്മാരെ=

മന്ത്രിയാം = പോത്തിപ്പേരെ ചൊടിയുടൻ കൂട്ടിവാരും

പോത്തിഫർ മന്ത്രി വരവുഗാനം

1. ഭൂമുഖത്തുണ്ടൊരു നാട് = അതിപ്രസിദ്ധി പെരുത്തൊരു നാട്

ഭൂപതിയുണ്ടീ ഈജിപ്തിൽ = ബുദ്ധി പെരുത്ത പ്രശസ്ത വീരൻ

ശക്തി പെരുത്ത പറവോൻ തിരുമേനി =

മന്ത്രി പടത്തലവൻ വെകു യോഗ്യൻ

വീരനിവൻ പോത്തിഫേർ രണശൂരൻ.

2. മണിമുടിശിരസിലണിഞ്ഞും = മരതകചെങ്കോൽ കയ്യിൽ

ധരിച്ച് = ഈജിപ്ത് നാടിനെയെതിർത്താൽ =

അരിഞ്ഞിടും ഉഗ്രഗംബീരചൂരൻ =

അടുവകൾക്കിവനിണയൊരുവരുമില്ല=

വിമതരുമിവനുടെ നിഴലൊന്നു കണ്ടാൽ =

അടിമുതൽ മുടിവരെ വിറച്ചെന്നെ വണങ്ങും -

3. ശത്രുജനങ്ങൾ എതിർത്താൽ = വിറയ്ക്കും എന്റെ നാമം കേട്ടാൽ

അരിഞ്ഞിടും = ഞൊടിയിടയിൽ ഞാൻ =

രണമുറയിലധികധീരൻ =

അസ്തിക ബുദ്ധി പെരുത്തൊരു ധീരൻ =

തൃണമതു പോലെ അരിഞ്ഞിടും ധീരൻ =

പടയുടയിട്ട യുവധിരമന്ത്രി.

മന്ത്രി വാക്ക് : മഹാരാജാ വണക്കം

രാജാവ് വിരുത്തം : വണങ്ങിടുന്നു വീര മന്ത്രി = നമ്മുടെ പുരി തന്നിലെ = വിശേഷഗുണങ്ങളെല്ലാം വ്യക്തമായ് പറഞ്ഞിടുക

മന്ത്രി നാട്ടുവാർത്ത

1. താവക ദേശത്തിൽ സുന്ദരവാർത്തകൾ

കോട്ടമില്ലനാട്ടാർ തൃപ്തരാണു മന്നാ =

2. പയർകളതിപഴങ്ങളൊക്കെ നല്ല =

ഗോതമ്പു ഉൾപ്പെടെ മിച്ചമാണ് രാജാ

3. കല്ലുകളും മികച്ച ചില്ലുകളും മറ്റും =

പഞ്ചലോകങ്ങളും ഏറെയുണ്ട് രാജാ =

4. പഞ്ഞമില്ലശ്ശേഷം സമൃദ്ധമാണ്യെല്ലാം

ആശുപത്രി ആശ്രമങ്ങളൊക്കെ മന്നാ =

5. അങ്ങയിൽ എതിർ അരുൾ ചെറുത്തിടുന്ന ജനം

മാറ്റലരില്ല തെല്ലുമിപ്പോൾ രാജാ=

6. സൈന്യഗണങ്ങൾയേറെയുണ്ട് മന്നാ=

സന്നദ്ധരായ് വന്നു ചേരുന്നുണ്ട് രാജാ

7. ശിക്ഷണങ്ങൾ കൊടുത്തിടാനായ് മന്നാ

വിജ്ഞാരായവരും മുണ്ട് മന്നാ ഇപ്പോൾ =

രാജൻ വാക്ക്

പ്രിയമന്ത്രി - സേവുകരെ - ഈജിപ്ത് നാട്ടിൽ നമ്മുടെ പ്രജകൾക്കെല്ലാം ശിക്ഷണങ്ങൾ കൊടുത്തിടുവിൻ, കൂടാതെ നമ്മുടെ നാട്ടിൽ ക്ഷാമം വരാതെയും ഇതരരാജ്യങ്ങളിൽ ചെന്ന് അടിമക്കച്ചവടം ചെയ്യുവാനും നാം കൽപ്പിച്ചിരിക്കുന്നു.

മന്ത്രിയും ഭടന്മാരും മറുപടി വാക്ക്

കർട്ടൻ

**രംഗം അഞ്ച്**

**ജാക്കോബിന്റെ ഭവനം**

രംഗത്ത് - ജാക്കോബ് - ജോസഫ് - ബെന്യാവ്

ജാക്കോബ് ഗാനം

1. പൊന്നുമകനെ നിന്റെ സോദരർ പത്തുപേരും

ആടുമേയ്ക്കാൻ പോയിട്ട് ഏറെ നാളുകളായി

2. ചെന്നു നീ വേഗം അവരുടെ ക്ഷേമം അറിഞ്ഞുവരു

എന്തെന്നറിയാൻ വേഗം മടിക്കാതെ പോണം ജോസഫ്

3. ഇന്നു കഴിഞ്ഞു പുലർക്കാലെ നീ പോയിടേണം

പൊന്നുമകനെ നീ വേഗം പുറപ്പെടേണം.

ജോസഫ് ഗാനം

1. വന്ദ്യപിതാവെ ത്വരണം പോയിടാം ഞാൻ

പിതാവിൻ നിശ്ചയം തോളെത്തന്നെ പോകാം

2. കാൽനടയായ് ഞാനും കുതിരപോലെ പായും താതാ-

സിക്കിം താഴ്‌വര തന്നിൽ ത്വരഗതിയിൽ എത്തിടാം ഞാൻ =

3. വൈകാതെ ഇപ്പോൾ തന്നെ വേണ്ടപോൽ അനുഗ്രഹിക്കു =

ബെന്യാവെ ഇളം കുരുന്നെ ഭയപ്പെടേണ്ട പൊൻമകനെ

ജോസഫ് വാക്ക് : വന്ദ്യതാതാ എന്നെ അനുഗ്രഹിച്ചാലും

ജോസഫിനെ ജാക്കോബ് അനുഗ്രഹിച്ചു പറഞ്ഞയക്കുന്നു.
ജോസഫ് ഗാനം

ഉദിച്ചിളം പുല്ലിനെ പുണർന്ന പ്രഭ വിശി=

ഹിമം തെളുതെളെ മിന്നി തിളങ്ങിടുന്നേൻ =

സ്തലമതിൽ ധീരധീരം ആടുമേയ്ച്ചിടുന്ന =

സോദരർക്ക് വന്ദനം ചെയ്തിടുന്നേൻ =

സീൻ മാറുന്നു - വിജനപ്രദേശം

ചന്ദ്രപ്രഭ വിതറി ചന്ദനതോപ്പുകളിൽ =

മിഴിച്ചു നിന്നിടുമി ഈന്തപ്പനമരങ്ങൾ =

വഴിക്കെനിക്കൊരു മകനീയമായി

സിക്കിം താഴ്വരതന്നിൽ എത്തിടാനായ്

സീൻ മാറുന്നു - മലയും കാടും

ഹിമത്തിൽ മൂടിയ മലകടന്നിടുകിൽ =

ഇളം കുളിരുമായ് നടനടന്നു = നല്ല =

ജേഷ്ഠസഹോദരരെ കണ്ടിടാനായിത =

ഉയരമേറും മല താഴ്വരയിൽ =

സീൻ മാറുന്നു മരുഭൂമി

ചുട്ടുപഴുത്തൊരു മണലും ചവുട്ടി

വെട്ടിവിയർത്ത് ഒലിച്ചിടുന്നു

വന്യപിതാവിന്റെ കൽപ്പിതം പോലെ =

പുണ്യഭൂമി തന്നിൽ എത്തിടുന്നു

ഫോത്തിവർ മന്ത്രിയും, ഭടന്മാരും നടത്തരു

1. ഈജിപ്ത് നാടുവാഴും പറോവേൻ കൽപ്പിതം പോലെ

അടിമക്കച്ചവടങ്ങൾ ചെയ്തീടും ഞങ്ങളിതാ

2. എതിരിടും അരികൾതൻകിളയുടെ നടുവിൽ ഞാൻ =

ഒരു ദയവെന്നിയെ കൊടും പുലിപോലലറും=

3. നവമണിമുടിശിരസിൽ അണിഞ്ഞു തെളുതെളനെ =

വടിവെഴും ഉടുപ്പതിൽ = മെഡലുകൾ ഒളി വിതറി

4 ഈ ദേശം വിട്ടുമറുദേശമതിൽ കടക്കാൻ

പറവോൻ മന്ത്രി നാം ചൊടിയുടൻ പോയിടുന്നേൻ =

കർട്ടൻ

## രംഗം 6 - ജേഷ്ഠന്മാർ പത്തുപേരു യാത്രഗാനം

1. സുന്ദരമാം തിങ്കൾപ്രഭവീശും സിക്കുതാഴ്വരയിൽ

ആട്ടിൽക്കുട്ടം മേച്ചു നടക്കും പ്രഗത്ഭരാം ഞങ്ങൾ

2. യാക്കോബിന്റെ മക്കൾ പത്തുപേരുമുണ്ട് ഇപ്പോഴിതാ

സിക്കുമല താഴ്വരയിൽ വസിച്ചീടും ഞങ്ങൾ.

3. വന്ദ്യപിതാവിന്റെ വാർത്തകൾ അറിഞ്ഞിടുവാൻ =

സന്തോഷമായി ഞങ്ങൾ പോയിടുന്നു (ഇപ്പോൾ)

4. ചുട്ടുപഴുത്തൊരു മലകളും ചവിട്ടി ഞങ്ങൾ

വെയിലിൽ വിയർത്ത് ഒളിച്ചിടുന്നു - നല്ല (ഞങ്ങൾ)

ജോസഫ് അണിയറയിൽ ഗാനം

ചുട്ടുപഴുത്തൊരു മണലുംചവിട്ടി = വെട്ടി വിയർത്ത്

ഒലിച്ചിടുന്നു ഞാനും = വന്ദ്യപിതാവിന്റെ കൽപ്പിതം പോലെ = പുണ്യ

ഭൂമി തന്നിൽ എത്തീടുന്നു ഞാനും.

പത്തുമേരും മാറി, മാറി ഗാനം

രൂപൻ : വന്ദ്യപിതാവിനുവാർത്തകളറിയാം - സഹോദ രരെ

ഇളം കുരുന്നാകും നല്ല ബെന്യാവിനു കഥയറിയാം.

ശെമയോൻ ; കഥയൊന്നും അറിയേണ്ട - അവൻ കഥ കഴിക്ക വേണം

വേഗം വരട്ടെ - സ്വപ്നക്കാരന്റെ സ്വപ്നം - കണ്ടുനടന്നീട ട്ടെ.

ദാന് :സ്വപ്നവും കണ്ടു അവൻ നമ്മളിലുന്നതനായി - അഴകിൽ മികച്ച - വസ്ത്രം ധരിച്ചു പിതാവിൻ അരികിൽ നിൽക്കും.

ദാദ് : അരുകിൽ നിൽക്കവേണ്ട - ഇപ്പോൾ നമ്മൾക്കൊ തുങ്ങി = കിട്ടിയതാണ് = ഇനി ഇപ്പോൾ തന്നെ അവൻ കഥ കഴിക്ക വേണം

സബ്ബ് ജേൺ : കഥകഴിച്ചാൽ നമ്മൾ = പിതാവിനോടെന്തു ശൊല്ലും - പിതാവിന്റെ = നല്ല വാത്സല്യനിധിയായി വളരു ന്നത് അറിയാമല്ലോ.

ആഗർ : അറിവിൽ മികച്ച നിങ്ങൾ = അറിവോട് കൊല്ല രുത് ദൈവത്തിന്റെ ശാപം = വന്നുപെടും നമ്മൾക്ക് അവ നുടെ ശാപം ഏൽക്കും.

ആഗർ : ശാപങ്ങൾ വന്നിടട്ടെ അവനെ വിട്ടീടവേണ്ട = അവൻ വസ്ത്രങ്ങളെല്ലാം –അഴിച്ചെടുത്ത് പിതാവിനേൽപ്പിച്ചിടാം.

ജോഷ്ഠന്മാർ : സുന്ദരമാം തിങ്കൾ പ്രഭ വീശും സിക്കു താഴ്വരരയിൽ

ആട്ടുകുട്ടം മേച്ചു നടക്കും പ്രഗത്ഭരാം ഞങ്ങൾ

വന്ദ്യപിതാവിന്റെ വാർത്താകളാറിയാം – സഹോദരരെ ഇളം കുരുന്നാം നല്ല ബെന്യാവിൻ കഥകയറിയാം.

ശെമ : കഥയൊന്നു മറിയേണ്ട അവൻ കഥകഴിക്കാവേണം – വേഗം വരട്ടേ –

സ്വപ്നക്കാരന്റെ സ്വപ്നം കണ്ടു നടന്നിടട്ടെ.

ലേവി :കാട്ടുമൃഗങ്ങൾ കൊന്നതാണെന്നു ശൊല്ലാം = നമ്മാളെല്ലോരും സ്വരുമയായ് നിന്നുകൊണ്ട് കൊന്നു കുഴിച്ചിടേണം.

നപത്യാല : ഉപായം ഉണ്ട് ഒന്ന് കേൾക്കുക ശൊല്ലിടാം ഞാൻ – അടീവാരത്തിൽ കാണും – പൊട്ട കിണറ്റിൽ പിടിച്ചീടാവേണമിപ്പോൾ.

ജോസഫ് ഗാനം

വന്ദ്യതാതൻ കൽപ്പിതം പോൽ ഞാനും – സിക്കുമലാ താഴ്വരയിലെത്തി...

വന്ദ്യരാം ജേഷ്ഠന്മാരെ കണ്ടുവണങ്ങി ഞാൻ – വാർത്തകളറിയുവാൻ വന്നതാണിവിടെ

ഫറവോനുടെ അടിമയായി എന്നെ = വിറ്റീടല്ലെ ജേഷ്ഠന്മാരെ എന്നെ =

ഭീഗരമായൊരു പൊട്ട കിണറ്റിലിട്ട് = കൊല്ലുവാനുള്ള കുറ്റം എന്തു ഞാൻ ചെയ്തു.

സന്തോഷമായ് ജേഷ്ഠന്മാർക്ക് ഇപ്പോൾ = ഒരു പിതാവിൻ മക്കൾ നമ്മൾ ഇപ്പോൾ = എന്നെ വിറ്റ പണം കൊണ്ട് സന്തോ

ഷമായ് ജീവിച്ചിട്ട് = വന്ദനം പറഞ്ഞ് ഞാനിതാ പോകാം.

ശെയമോൻ, രൂപൻ

തിങ്കളൊളി വർണ്ണനാകും നല്ല ജോസഫിനെ - ഞങ്ങൽ കണ്ട തില്ലല്ലോ

കീറിപറിഞ്ഞ ഈ വസ്ത്രാമതിൽ അയ്യോ രക്തം പുരണ്ട് കിട ക്കുന്നത്

യാക്കോബ്

വസ്ത്രം  കൊണ്ടുള്ളൊരു വഞ്ചന ഞാൻ എന്റെ താതനോട് ചെയ്തതോർക്കുന്നുണ്ട്. എന്റെ മക്കൾ പത്തും പേരുമൊത്ത് എന്നെ പത്തിരട്ടിയായി വഞ്ചിക്കണോ?

മക്കൾ

ആട്ടുപറ്റങ്ങളെ മേച്ചു നടക്കുന്ന - യാക്കോബിൻ മക്കൾ ഞങ്ങൾ - നല്ല-

എത്തിടും നാടതിൽ കണ്ടുടൻ താതനെ = കണ്ടുവണങ്ങിടു ന്നേൻ

യാക്കോബ്

വണങ്ങു പിതാവിനെ ജീവിക്കും മക്കളെ ആസ്തികബുദ്ധി ശക്തിപെരുത്താവരെ

പുണ്യഭൂമിയാകും കാനാം ദേശത്തിൻ - നമ്മെ വളർത്തിടുന്ന ഭാസുരമുത്തേ നിങ്ങൾ = നമ്മുടെ നാട്ടിൽ ഭക്ഷ്യധാന്യങ്ങ ളൊന്നും = കിട്ടുവാനിടമില്ല കഷ്ടപ്പെടുന്നു നമ്മൾ = സംതൃ പ്തിയോടെ  വാഴും ഈജിപ്ത് നാട്ടിൽ പോയാൽ ഗോതമ്പ് വാങ്ങിക്കാൻ നിങ്ങളുടനെ പോകൂ - വേണ്ട പണമെടുത്ത് വേഗം പുറപ്പെടേണം ബെന്യാവ് മാത്രമെന്റെ കൂടെ നിന്നീ ടട്ടെ.

ലേവി    :കാട്ടുമൃഗങ്ങൾ കൊന്നതാണെന്നു ശൊല്ലാം = നമ്മ ളെല്ലോരും സ്വരുമയായ് നിന്നുകൊണ്ട് കൊന്നു കുഴിച്ചിടേ ണം.

ഇസാക്കർ : കൊല്ലുന്നത് നമ്മൾക്ക് ഉചിതമല്ലാ സോദ രരെ - നിങ്ങളോടു ഞാൻ - ഉപായം ഉണ്ടെനിക്ക് ചൊൽവത് കേൾക്കവേണം.

നവതാല്യാ : ഉപായം ഉണ്ട് ഒന്ന് കേൾക്കുക ശൊല്ലിടാം ഞാൻ = അടിവാരത്തിൽ = കാണും പൊട്ടകിണറ്റിൽ പിടിച്ചിടാ വേണമിപ്പോൾ =

രൂപൻ : നല്ല ഉപായം തന്നെ ഞാനതു സമ്മതിച്ചു = സ്വപ്നങ്ങളെല്ലാം - സാവകാശം തകർന്നിടും മരണം കിണ റ്റിൽ തന്നെ =

ജോസഫ് മുൻപാടിയ പാട്ടുംപാടി വരുന്നു. എല്ലാവരും പരി ഹാസചിരിയോടെ ജോസഫിനെ പിടിക്കുന്നു.

വാടാ വാട പിടിയടാ = വസ്ത്രമെല്ലാം അഴിക്കെടാ =

നിന്റെ സ്വപ്നം എവിടെയാ = ഇപ്പോൾ ഒന്നു പറയടാം =

കള്ളത്തരം പറയെടാ = കപടക്കാരനാരെടാ =

വായമൂടിക്കെട്ടടാ കിണക്കിലേക്ക് എറിയെടാ

ജോസഫ് ഇന്നീശൈ

അയ്യയ്യോ എന്നെ കൊല്ലരുത് = പാപിയാം എന്നെ നിങ്ങൾ = വൻപാതങ്ങളൊന്നും ഞാൻ ചെയ്തതില്ലാ ജേഷ്ഠന്മാരെ... ആ... ആ... ആ...

എന്നെ കൊല്ലരുത് = പൊന്നു ജേഷ്ഠന്മാരെ നിങ്ങൾ =

നമ്മൾ ഒരെ ഒരു സഹോദരന്മാർ ആണുള്ളത് മറക്കല്ലെ... ആ... ആ... ആ....

എല്ലാവരും ഭടങ്കരമായ് ബഹളത്തോടുകൂടി ജോസഫിന്റെ വസ്ത്രം ഉലിഞ്ഞെടുത്ത് കൊണ്ട് ജോസഫിനെ കിണറ്റിലേറി യുന്നു.

ശെമയോൻ സംഭാഷണം : അങ്ങിനെ സ്വപ്നക്കാരന്റെ = സ്വപ്നങ്ങളെല്ലാം പൊട്ടകിണറ്റിൽ കിടന്ന് പറഞ്ഞ് കൊള്ളും. അവിടെ കിടന്ന് താനെ മരിച്ചു കൊള്ളും നമ്മൾക്ക് പോകാം.

ഈ സമയത്ത് അണിയറയിൽ പാട്ടുകേട്ട് പത്തുപേരും ശ്രദ്ധി

ക്കുന്നു. പോത്തിഫർ മന്ത്രിയും, ഭടന്മാരും – ഗാനം

മന്നിലൊളി പൊങ്ങി വാഴും – മഹാരാജൻ

ക്കിഷ്ടിതം പോലെ നടത്തും – മഹാരാജൻ

വ്യാപരം ചെയ്തവർക്കായ് അനവധി നാണയങ്ങൾ

ഞങ്ങളിൽ തന്നുവിട്ടേൻമോദമായ് കഴിഞ്ഞിടൂവാൻ

## ജോസഫ് ജേഷ്ഠന്മാർ ഗാനം

ജോസഫ് : നിങ്ങളുടെ രാജ്യമേത് – വംശകുലമേത് ശൊല്ലൂ

സത്യവാർത്ത പറഞ്ഞില്ലെങ്കിൽ ചുട്ടിടും ഞാനിപ്പോൾ

ദാദ് : താതനുമീളയവനും സൗഖ്യമായ് ജീവിച്ചിടുന്നു –

ജോസഫെന്ന ഒരുവനുണ്ട് അവൻ മരിച്ചുപോയി.

ജോ. : നിങ്ങൾ പറയുന്നതെല്ലാം പച്ചക്കള്ളത്തരങ്ങളാണ്.

തീർച്ചയായും നിങ്ങളിപ്പോൾ ചാരന്മാർ തന്നെ.

ദാദ് : സത്യവാർത്ത ചൊല്ലിടുന്ന സത്യവാന്മാരാണു ഞങ്ങൾ

സത്യദൈവത്തിന്റെ മക്കൾ ചാരന്മാരല്ല

ജോസഫ് ആശ്ചര്യാ

ചാരന്മാരല്ലെന്ന് = വ്യക്തമായ് ചൊല്ലിയ വിദേശികളായവരെ =

വീട്ടിലൊരു സോദരൻ – ഇളംകുരുന്ന് പയ്യനെ എന്റെ മുന്നിൽ കൊണ്ടുവരുവിൻ = ഒരുവൻ ഉടൻ പോയി = അനുജനെ കൊണ്ടുവാ മറ്റുള്ളവരെ തടവിലാക്കൂ. കാരാഗൃഹത്തിൽ നിന്നും = പോയിടാൻ തുനിയേണ്ട ഫറവോന്റെ നാമത്തിൽ ഞാൻ = ചൊല്ലിടുന്നു ഇവരെ പിടിച്ച് തുറങ്കിലേക്ക് കൊണ്ടു പോയ് – കാരാഗൃഹത്തിലിട്ടുകൊൾകാ.

ഇസാക്കർ : ഈ വെള്ളിപാത്രം ഞങ്ങൾ കണ്ടതില്ല ഈജിപ്ത് ഗവർണ്ണറേ കേൾ യജമാനനെ – ഞങ്ങളിൽ കുറ്റം തെളിയിക്കാനാരുമില്ല

അടിമകളായിരിക്കാം യജമാനനെ–

ജോസഫ് : ആരുടെ പക്കൽ എന്റെ പാനപാത്രം കണ്ടെടുത്തോ അവൻ മാത്രം എനിക്കടിമയാണ് = മറ്റുള്ളവർ വേഗം ഗൃഹത്തിൽ തിരിച്ചു പൊയ്ക്കൊള്ളുക – വേഗം തന്നെ.

രൂപൻ : ഒരു മകനെ കുറിച്ചു വിലപിക്കും വൃദ്ധനായ പിതാവ് –തിരുമേനിയെ ജോസഫിനെ കുറിച്ചു അപ്പൻ ദുഃഖിച്ചത് ഞാൻ കണ്ടിട്ടുള്ളതാണ് തിരുമേനിയെ –

ശെമയോൻ : ഫറവോനടിമയായ് വിറ്റ അവസരം എത്ര ദയനീയമായ് കരഞ്ഞു – പരാപരനെ – ഞങ്ങളുടെ മുന്നിൽ കരഞ്ഞുയാചിച്ചത് ഞാനോർക്കുന്നുണ്ട് യജമാനനെ

ജോസഫ് : ഓർത്തിടും ജോസഫ് ഞാനാകുന്നു. എന്റെ സഹോദരരെ – ജേഷ്ഠന്മാരെ = ഈജിപ്ത്തിൽ നിങ്ങൾ വിറ്റ സഹോദരൻ ജോസഫ് ഞാനാകുന്നു. സഹോദരരെ – താതനെക്കൂട്ടി നിങ്ങൾ എല്ലാവരും ഇങ്ങോട്ട് വന്നീടുക – വേഗം തന്നെ – അഞ്ചുകൊല്ലത്തെ ക്ഷാമമിനിയും ബാക്കിയുണ്ട് നിങ്ങളെ ഞാൻ സംരക്ഷിക്കാം –

യാക്കോബ് ഗാനം

മകനെ ജോസഫേ നീ നിൻമുഖം കാണുവാൻ എനിക്കു ഭാഗ്യമുണ്ടായല്ലോ ഇനി ഞാൻ മരിച്ചുകൊള്ളട്ടെ.

ജോസഫ് : മരിച്ചിടാ വേണ്ടാ താതാ വന്ദ്യപിതാവെ താതന്റെ കണ്ണിണയിൽ കാണുന്ന നിഷ്ക്കളങ്കം – എന്നിലലിഞ്ഞു എന്റെ കരളായ വന്ദിയതാതാ

യാക്കോബ്

ജോസഫേ നിഷ്കളങ്കാ ആനന്ദശീല = നിന്റെ പിതാവ് ഇപ്പോൾ ശത്രുവായ് തീർന്നു പാരം = എന്റെ ഹൃദയത്തിന്റെ ഭാരം ഒഴിഞ്ഞു മോനെ

രൂപൻ : ആനന്ദഭക്തിശിലാ = ഭാസുരമുത്തേ = അനർഘ

സമ്പത്തേ നിൻ കഴിവെത്ര ശ്ളാകനീയം = ഞങ്ങൾ ചെയ്താ
തെറ്റുകൾ ക്ഷമിച്ചീടേണം ജോസഫേ

പറവോൻ : ഉജ്വലം താരങ്ങൾ മിന്നീ - സൗഖ്യമായി -
ഗോശാൽ പ്രദേശം ഞാൻ നിങ്ങൾക്കായ് തന്നീടുന്നു -അ
ക്കാനും പട്ടണത്തിൽ സ്വൈരമായ് വാഴ്ക മോദം.

മംഗളം

ഈ മണ്ണും വിണ്ണുമിപ്പോൾ സകലചരാചരങ്ങളേയും-

സൃഷ്ടിച്ച ദൈവത്തിനു സോസ്ത്രങ്ങൾ പാടിടുന്നു.

ഞങ്ങളോട് സഹകരിച്ച നല്ലവരാം ശ്രോതാക്കൾക്കും

ക്ലബ് ഓഫ് ചിയേഴ്സിന്റെ മംഗളം പാടിടുന്നു

## ശെമയോൻ വീണ്ടും വാക്ക് -

പറവോൻ രാജാവിന്റെ അടിമ വ്യാപാരികളാണ് ആ വരുന്നത്. കിണറ്റിൽ നിന്നും എടുത്ത് അവനെ അവർക്ക് വിൽക്കാം കൊന്നതാണെന്നുള്ള ശാപം നമ്മളിൽ നിന്നും ഒഴിഞ്ഞുകിട്ടും. വിലയ്ക്ക് വിറ്റാൽ നമുക്ക് കുറെ നാണയങ്ങളും കിട്ടും. അതു കൊണ്ട് നമുക്ക് കുറെ നാൾ കഴിഞ്ഞുകൂടാം. എന്തുപറയുന്നു.

എല്ലാവരും കൂടി സംഭാഷണം

സമ്മതിച്ചിരിക്കുന്നു - നല്ലകാര്യം - മരണത്തിൽ നിന്നും ഒഴി
ഞ്ഞുകിട്ടും.

മന്ത്രിയും ഭടന്മാരും മുൻപാടിയ പാട്ടുപാടി വരുന്നു

മന്നിലൊലിപൊങ്ങി വാഴും = മഹാരാജൻ =

ക്കിഷ്ടിതം പോലെ നടത്തും - മഹാരാജൻ=

യ്യാപാരങ്ങൾ ചെയ്തവർക്ക് അനവധി നാണങ്ങൾ

ഞങ്ങളിൽ തന്നുവിട്ടേൻ മോദമായ് കഴിഞ്ഞീടുവാൻ

രൂപൽ വാക്ക് : ഹെയ് - ഞങ്ങളിൽ ഒരുവനെ ഇപ്പോൾ തരാം.

എന്ത് വില തരും. ശരിയായ വില തന്നാൽ യോഗ്യനായ ഒരു ത്തനെ തരാം. ഉം.... പറയ്.

മന്ത്രി : ഉം... എടുത്തുകൊള്ളാം എന്തുവില വേണം നിങ്ങൾക്ക് തിട്ടമായ് പറയണം. എല്ലാവരും അണിങ്ങു ആലോചിക്കുന്നു. ഹെയ് വിലയൊന്നും പേശണ്ടാ. ഇരുപത് വെള്ളിക്കാശ് അങ്ങോട്ട് തന്നേക്കാം.

എല്ലാവരും സന്തോഷം കൊണ്ട് ചിരിക്കുന്നു. മന്ത്രി പണം ശെമയോന്റെ അടുക്കൽ കൊടുക്കുന്നു. ശെമയോൻ പോയ് ജോസഫിനെ കൊണ്ടുവരുന്നു. ജോസഫ് എല്ലാവരേയും മാറി മാറി നോക്കുന്നു. പൊട്ടിക്കരയുന്നു.

## മന്ത്രി വിരുത്തം

നിന്നെ ഞാൻ ഇപ്പോഴിതാ =പറവോന് അടിമയായി വിലയ്ക്ക് വാങ്ങിടുന്നു. വിവരങ്ങൾ അറിഞ്ഞുകൊൾക.

## ജോസഫ് ഗാനം

വന്ദ്യതാതൻ കൽപ്പിതം പോൽ ഞാനും –സിക്കുമല താഴ് വരയിലെത്തി – വന്ദ്യരാം ജോഷ്ഠന്മാരെ കണ്ടുവണങ്ങി ഞാൻ = വാർത്തകളറിയുവാൻ വന്നതാണിവിടെ.

2. പ്രിയമേറും ജേഷ്ഠന്മാരെ എന്നെ = അടിമയായി വിൽക്കരുതെ എന്നെ = മൂത്ത ജേഷ്ഠനാകും രൂപൽ സഹോദരാ = എന്നുടെ കുറ്റങ്ങൾ ക്ഷമിച്ചിട വേണം.

3. എന്തുകുറ്റം ചെയ്തു ഞാനും ഇപ്പോൾ = കുറ്റമേതും കണ്ടാൽ

തന്നെ ഇപ്പോൾ = ശിക്ഷിച്ചിടുവാൻ അർഹതയുണ്ടല്ലോ ശെമയോൻ ജേഷ്ഠാവിൽക്കരുതെന്നെ.

4. പറവോനുടെ അടിമയായി എന്നെ = വിറ്റിടല്ലെ ജേഷ്ഠന്മാരെ എന്നെ = ഭീകരമായൊരു പൊട്ട കിണറ്റിലിട്ടു = കൊല്ലുവാനുള്ള കുറ്റം എന്തു ഞാൻ ചെയ്തു.

5. ദൈവകോപം വരുത്തിടല്ലേ നിങ്ങൾ = പണത്തിനാശ

വച്ചിടലെ നിങ്ങൾ = പണമോഹം കൊണ്ട് ദാഹം ശമിക്കുക

യില്ല = പണമാണു ജേഷ്ഠാ ലോക പിശാച്.

6. വന്ദ്യപിതാവിൻ മുഖങ്ങൾ ഞാനും = കണ്ടീടുവാൻ ഇടവരുമോ ഞാനും = താതൻ മുഖം തമ്മിൽ കണ്ടു പിരിഞ്ഞിടുവാൻ = ഇടവരുകയില്ലാ എൻപ്രിയതാതാ

7. ഇളംകുരുന്നാം ബെന്യാബെനി ഇന്നും - എൻമുഖം നീ അറിഞ്ഞിടേണ്ട എന്നും = ഉൻമുഖം കണ്ടുപിരിഞ്ഞിടുവാൻ ഇനി ഇടവരുകയില്ലാ ബെന്യാവെ ഇപ്പോൾ

8. സന്തോഷമായ് ജോഷ്ഠന്മാർക്ക് ഇപ്പോൾ = ഒരു പിതാവിൻ മക്കൾ നമ്മൾ ഇപ്പോൾ = എന്നെ വിറ്റ പണം കൊണ്ടു സന്തോഷമായ് ജീവിച്ചിട്ട് വന്ദനം പറഞ്ഞു ഞാനിതാ പോകാം.

മന്ത്രി ജോസഫിനെയും കൊണ്ട് പോകുന്നു.

## ശെമഓൻ വാക്ക്

കോലാട് ഒന്നിനെ കൊല്ലണം. അതിന്റെ രക്തമെടുത്ത് അവന്റെ ഈ വസ്ത്രത്തിൽ പുരട്ടണം- എന്നിട്ട് കാട്ടുമൃഗങ്ങളിൽ നിന്നും കിട്ടിയതാണ് ഈ വസ്ത്രമെന്ന് പിതാവിന്റെ അടുക്കൽ പറയണം.

എല്ലാവരും : സമ്മതിച്ചു പോകുന്നു.

കർട്ടൻ

## രംഗം 7 രാജകൊട്ടാരം

രംഗത്ത് രാജാവും ഭടന്മാരും. മന്ത്രി പ്രവേശിക്കുന്നു

മന്ത്രിഗാനം

1. വണങ്ങിടട്ടെ മന്നവനെ വൻ വനപ്രദേശങ്ങളിൽ - ചൊടിയുടനെ നടനടന്നു കൈകാലുകൾ തളർന്നു.

2. കാടുംമലനാടും ചുറ്റി കച്ചവടം ചെയ്തു ഞങ്ങൾ -

മന്നനുടെ കൽപ്പിതംപോൽ സന്തോഷമായി പോയി

3. സിക്കുമല താഴ്‌വരയിൽ ആടുമേയ്ക്കും കൂട്ടരുമായ് -

ആട്ടിയരായ ബാലർ കൂട്ടമായി വന്നു.

4. എബ്രായാവംശക്കാരനാം ചൊടിയനായ പയ്യനിപ്പോൾ - അടിമക്കച്ചനടങ്ങൾ ചെയ്തു കൊണ്ടുവന്നേൻ രാജാ

രാജാവ് ഗാനം

കൊണ്ടുവന്ന ചണ്ഡാളനെ ആജരാക്കൂ എനതുമുന്നിൽ വീര നാകും മന്ത്രിയെ നീ വേഗം കൂട്ടിവാരും.

മന്ത്രി ജോസഫിനെ കൂട്ടി വരുന്നു - വിരുത്തം

കീർത്തി പ്രബല്യവാനാം കൃപയുടെ കല്പിതം പോൽ അടിമക്കച്ചവടം ചെയ്താ പയ്യനെ ആജരാക്കീടുന്നു.

**രാജാവ് വിരുത്തം**

തിങ്കളൊളി പോൽ വിളങ്ങും സുന്ദരനാം പയ്യനെ നീ - ഉടതുട യവംശജാതി ദേശമേത് ചൊല്ലവേണം

**ജോസഫ് ഗാനം**

1. സൊൽവത് കേൾക്കവേണം എനതുടെ വാർത്തകൾ മന്നാ- ചൊല്ലിയിടായെല്ലാം സത്യവാചകങ്ങൾ നന്നായി കേൾക്കവേണം

2. എനതുടെ സ്വന്തം രാജ്യം കാനാൽ പ്രദേശമാണ് - എൻ പിതാവിൻ നാമം ജാക്കോബാണെന്ന് അറിഞ്ഞു കൊൾക മന്നാ -

3. വന്ദ്യമാം പിതാവിന് പന്ത്രണ്ടുമക്കളുണ്ട്. അതിലൊരുവൻ ഞാൻ - എൻ നാമം ജോസഫ് പുരിയതിൽ അറിവതുണ്ട്.

4. പത്തു ജേഷ്ഠന്മാരും ഒരു ഇളം കുരുന്നുമാണ് - അവൻ നാമം ബെന്യാവ് എന്നാണ് കൊച്ചനുജൻ തന്നയെ.

രാജാവ് മന്ത്രിയിടം - സംഭാഷണം

എന്നരികിലെപ്പോഴും കാവലായ് നിന്നീടുക വീരരാം സേവക രെ, ധീരനാം മന്ത്രിയെ ഇവൻ ചൊൽവതു സത്യമാണ്. നിൻ ഗൃഹത്തിൽ താമസിപ്പിച്ചു അടിമ വേല ചെയ്യിക്കുവിൻ.

കർട്ടൻ

രംഗം 8 ജാക്കോബിന്റെ ഭവനം

രംഗത്ത് ജാക്കോബ് ബെന്യാവും - ജോസഫിന്റെ വസ്ത്രവുമായി മക്കൾ പത്ത് പേരും ദുഃഖിതരായി പ്രവേശിക്കുന്നു -

ശെമയോൻ വന്നം ഇന്നീശൈ

പ്രിയമേറും വന്ദ്യപിതാവെ = സിക്കുമലതാഴ്വരയിൽ നിന്നും = പ്രിയതാതനെകണ്ടു ഞങ്ങൾ വാർത്തകൾ അറിയുതർക്കായ്... ആ... .

സ്നേഹസമ്പന്നനായ ജോസഫിൻ വസ്ത്രമാണ് = പിതാവെ ഇപ്പോൾ സംശയിച്ചു ഞങ്ങൾകൊണ്ടു വന്നേൻ.

വസ്ത്രം പിതാവിനു കൊടുക്കുന്നു. പിതാവ് വസ്ത്രം നോക്കി വന്നം ഇന്നീശൈ

വത്സ്യനിധിയാം എന്റെ ഓമന പുത്രൻ = ജോസഫിന്റെ വസ്ത്രമിതുതന്നെയാണ് സംശയമൊട്ടുമില്ലെനിക്ക് ......ആ......

പൊന്നുമകനെ നിനക്ക് ഇപ്പോഴെന്തു സംഭവിച്ചു. അപകടം വല്ലതും

സംഭവിച്ചോ നിങ്ങൾ ചൊല്ലൂ.

**ശെമയോൻ രൂപൻ ഗാനം**

1. തിങ്കളൊളിവർണ്ണനാകും നല്ല ജോസഫിനെ ഞങ്ങൾ കണ്ടതില്ലാ. 2. ആട്ടുംക്കൂട്ടങ്ങളെ സിക്കുമലതാഴ്വരയിൽ തോഴരെ ഏല്പ്പിച്ചിട്ട്

2. താതൻ വാർത്തകൾ അറിയുതർക്കായ് ഞങ്ങൾ കാൽനടയായ് പോരും വഴിയരുകിൽ

4. കിറിപറിഞ്ഞ ഈ വസ്ത്രമതിൽ അയ്യേ രക്തം പുരണ്ടു കിടക്കുന്നത്

5. കാട്ടുമൃഗക്കൂട്ടമുണ്ടവിടെ താതാ ആ വഴിക്ക് ആരും പോകാറില്ല.

**യാക്കോബ് ഗാനം**

1. വസ്ത്രം കൊണ്ടുള്ളൊരു വഞ്ചന ഞാൻ എന്റെ താത നോട് ചെയ്തതോർക്കുന്നുണ്ട്.

2. എന്റെ മക്കൾ പത്തും പേരുമൊത്ത് എന്നെ പത്തീരട്ടി യായി വഞ്ചിക്കണോ?

മക്കൾ എല്ലാവരും ഗാനം

വഞ്ചനകൾ ഒട്ടുമില്ലാതാതാ ഇത് സത്യം തന്നെ ഞങ്ങൾ ചൊല്ലൂന്നത്

**ജാക്കോബ് - ഗാനം**

1. ഭൂജാതനായ പൊൻമകനെ ജോസഫ്- ഭൂവാനാനന്ദശീ ലനെ -താവകവന്ദ്യനിൽ താതൻ അരുളിയ പോൽ വാർത്ത കൾ കേട്ടുപോയി.

2. ഈ സ്ഥലം വിട്ടു ഗതിയിൽ എത്തിടേണം -അജത്തെ

മേയ്ക്കുന്ന സ്ഥലത്ത് പവിഴപ്രഭയാർന്ന സുമുഖാ -ഭൂമിയിൽ ജീവിച്ചിരിപ്പുണ്ടോ നീ.

3. ഭക്തി നിറഞ്ഞ എൻ മകനെ ജോസഫേ - അനർഘനിധേ

ദിവ്യാത്മാവേ - ജ്ഞാന സൗന്ദര്യമുള്ള നിൻമുഖംകണ്ടു -

എൻ ജീവൻ പിരിവതില്ലയോ

4. കോമളനാകും പവിഴ പ്രഭുകുമാര - എൻ ഹൃദയം

അഗ്നിയിൽ - ദുഷ്ടാജന്തുക്കൾ മാസമെല്ലാം പിച്ചി

ക്കീറിയോ എന്റെ പൊന്നുമകനെ.

കർട്ടൻ

**രംഗം 9 മന്ത്രിയുടെ ഭവനം**

രംഗത്ത് ഭാര്യ ലെയാൾ (വരവ് ഗാനം)

1. സുന്ദരീയിൽ സുമുഖിയാകും ഞാനും - പൊൻവർണ്ണ പട്ടുടുത്ത് ഞാനും - ചന്ദ്രക്കലാഭരണം മെയ് നിറയെ

അണിഞ്ഞു ഞാൻ - തിങ്കൾ പ്രഭാവീശി ലെയ്യാൾ നടനടന്നു. സുന്ദരീ......

ഈജിപ്തിൽ വാഴും മന്നനുടെ - ഉന്നതഗോത്രത്തിൽ പിറന്നു - കാർകൊണ്ട കെട്ടുപട്ടു വസ്ത്രാമണിഞ്ഞു ഞാനും - പൂനിലാ പുഞ്ചിരിയും വാരിവാരി വിതറി. സുന്ദരി.....

പലവർണ്ണാപീലിക്കുടകൾ ശിരസ്സിൽ = കയ്യിൽ ത്തരിവള കൾ കിലുങ്ങി - കണ്ണിണയെഴുതിയ മിഴികൾ എനതുടെയാ സ്ഫിട കുപ്പിയിലിട്ടാ പരൽ മീൻ കളിച്ചപോലെ

മന്ത്രി പ്രവേശിക്കുന്നു. ലെയാ വിരുത്തം

ശംഖുചക്രപ്പദവിയേറും മന്നവൻ മന്ത്രിയേകേൾ

താവക ഭാര്യ തെയ്യാൾ അൻപോടെ വണങ്ങിടുന്നേൻ.

അടിമജോലി ചെയ്തിടുന്ന അപരനായ ബാലനിപ്പോൾ - ജ്ഞാനബുദ്ധിമാനാകും സുന്ദരനിൽ സുമുഖനാണ്.

മന്ത്രിയും ഭാര്യയും മാറി മാറി ഗാനം

സുന്ദരനിൽ സുമുഖനാകും- അപരബാലനുടെ സുന്ദരസ്വഭാവ മാണ് സൽ സുകൃതനാണ്.

സുകൃതനായ ജോസഫിന്റെ - അടിമക്കടങ്ങൾ തീർന്ന്
ജ്ഞാനബോധം കൈവളർത്തും ശിഷ്ടനാണ് ജോസഫ്

ശിഷ്ടനാകും ജ്ഞാനികളിൽ - ഉത്തമ പ്രശസ്തനവൻ ജന കോടികൾക്കും പ്രീതനായ് വാണീടും ജോസഫ്

ഭൂജാതനായ് വാഴും ജോസഫ് - ഭൂവനാനന്ദ ശീലനും മഹാ രാജൻ കല്പിതം പോൽ ഈ വസതിയിൽ വന്നു

ഉണർന്നിടുന്ന വസതി തന്നിൽ - പൊന്നൊളി ഉദയം വരെ

പുലരുന്നതിനുമുൻപ് ഞാൻ - ജോലി വേറെ നൽകും.

പുതുമയേറും പുത്തൻജോലി - പുണ്യഭൂമിയിൽ നടത്തി നന്മ വളർത്തീടും ജോസഫ് ജ്ഞാന സമ്പന്നനവൻ

## മന്ത്രി വിരുത്തം

ഭൃത്യനെ നീ പോയി വേഗം അടിമ ജോലികൾ ചെയ്തിടുന്ന പയ്യനായ ജോസഫിനെ എൻ സവിധത്തിൽ കുട്ടി വാരും.

ഭൃത്യൻ : കൽപിതം പോലെ പ്രഭോ

ഭൃത്യൻ ജോസപിനെ കൂട്ടി വരുന്നു. ജോസഫ് മന്ത്രിയിടം വിരുത്തം

നീതി നിറഞ്ഞ നല്ല ഈജിപ്ത് കുടുംബമേ കേൾ ഈ ശുഭദിനത്തിലെന്നെ വിളിച്ചതാം വാർത്ത ചൊല്ലും

ജോസഫും മന്ത്രിയും മാറി മാറി ഗാനം

മന്ത്രി : വാർത്ത ചൊല്ലാം ജോസഫേ എന്റെ സുഹൃത്തേ = അനർഘ മുത്തേ എന്റെ ദിവ്യാജ്ഞകൾ കേൾക്കും നീ – എന്റെ കണ്ണിണയിൽ കാണും നിന്റെ നിഷ്കളങ്കത്വം = എന്റെ കരളിന്റെ കരളായ സുഹൃത്തേ = ഈ വേഷം കളയു വേഗം ചൊടിയുടനെ നീയും = ഇന്നു മുതൽ എനതുടെ കാര്യസ്ഥനാക്കും നിന്നെ = എനതുടെ പടച്ചട്ടയും വാളും നൽകും ഞാൻ = എനതുടെ കാര്യസ്ഥ സ്ഥാനം നന്നായി നോക്കീടേണം =

ജോസഫ് : കാര്യസ്ഥാനം നോക്കീടുവാൻ അയോഗ്യനാം ഞാൻ = കല്പിതം പോൽ അടിയനിതാ കേൾക്കാം മന്നാ = എന്നിലലിവ് തോന്നിയ യജമാനനെ ഞാൻ = (ഈ വാർത്ത ചിന്തയിലുണർന്നു കൊള്ളാം മന്നാ = അങ്ങുന്നെന്നോട് ചെയ്ത സാരോജ്യമാം ഗുണങ്ങൾ = ദൈവാഇഷ്ടാജ്ഞ തിരുഹിതം പോൽ മടിച്ചിടാതെ = കൽപ്പനയെ പൂർത്തിയാക്കാം ഖേദം വരാതെ =

കർട്ടൻ

## രംഗം 10 രാജകൊട്ടാരം

## രാജാവ് മന്ത്രി ഭടന്മാരും

(രാജാവ് ആശ്ചര്യം)

ഈജിപ്ത് നാടിന്റെ വീര മന്ത്രിയാന പോത്തിഫോർ കേൾക്ക വേണം = എതീരിടും അരികൾ തൻ = കിളയുടെ നടുവിൽ നീ ഒരു ദയ വെന്നിയെ നീ = കൊടിയൊരു പുലി = സമം = അല റിയതീ കഠിനം പടപൊരുതി ഞൊടിയളവിൽ = ജനതനിക്കി ഷ്ടിതം = അരുളിടും സുകോതനാം മന്ത്രിയും സേവകരും കേൾ = കിടുകിടാ വിറച്ചിടും = ഭയത്തോടെവരേയും ഏവരും വണങ്ങി നിൽക്കും = മുന്തിരി നീരതിൽ = വിഷം കലർത്തി തരുവാൻ മുതിർന്നൊരു ധീരനിപ്പോൾ = വീഞ്ഞു പകർന്നി ടുന്ന = രാജദ്രോഹിയവനെ എനതു മുന്നിൽ ഹാജരാക്കൂ = ഇനിയുമുണ്ട് വോറൊരുത്തൻ = അപ്പവുമായ് വരുന്ന രാജ്യ ദ്രോഹിയവനെ = ചൊടിയുടൻ പോയ് വേഗം പിടിച്ചു - എൻ സവിതത്തിൽ കൂട്ടിവാ......

മന്ത്രിഗാനം (ആശ്ചര്യം)

ചണ്ഡാളരെ പിടിച്ചു രാജകൽപ്പിതം പോലെ ശിക്ഷകൾ കൊടുത്തിടേണം = രാജദ്രോഹിയാകും കചോടനാം കുല ദ്രോഹി വിഷം കലർത്താൽ ഭവിച്ചതിനാൽ - എനതു രാജനെ = വിഷം കൊടുത്തു കൊല്ലുവാൻ മുതിർന്നവരെ ആജരാക്കാം = മന്നനുടെ കല്പിതം പോൽ ഞാൻ - ചൊടിയുടൻ കൊണ്ടു വരാം.

മന്ത്രി അകത്തോക്ക് പോയി രണ്ടുപേരുടേയും കൈകൾ കെട്ടി കൊണ്ടുവരുന്നു - മന്ത്രി വിരുത്തം

കീർത്തി പ്രബല്യനാകും മഹാരാജൻ മുമ്പാകെ രാജ്യദ്രോഹി കളായാ ഇരുവരേയും കൊണ്ടുവന്നേൻ

രാജാവ് - വിരുത്തം

കൊണ്ടുവന്ന രാജ്യദ്രോഹികളെ ചൊടിയുടൻ കൊണ്ടുപോയി ഭദ്രമായ് ജയിലിലടച്ചു ശിക്ഷ കൊടുത്തിടേണം.

ഇരുവരേയും കൊണ്ടുപോകുന്നു

കർട്ടൻ

## രംഗം 11

## മന്ത്രിയുടെ ഭവനം

രംഗത്ത് ജോസഫ് ഏതോ പുസ്തകങ്ങൾ പരിശോധിക്കുന്നു. മന്ത്രിയുടെ ഭാര്യ ലെയ്യാൾ പാടി പ്രവേശിക്കുന്നു.

1. മന്നൻ ഫറവോനുടെ വീര മന്ത്രിയാന - ഭാര്യ ലെയ്യോൾ വരുന്നേ നട നടന്നു - പല വർണ്ണ പട്ടുടുത്ത് പൗഷമാലധ രിച്ചു - കാര്യസ്ഥൻ മുന്നിലിതാ നടനടന്നു.

2. സുഗന്ധപരിമളങ്ങൾ സുന്ദര പൂമേനിയിൽ - സുകൃത മുടൻ പൂശി സുന്ദരി ഞാനും - ദുഃഖങ്ങൾ തീർത്തു എന്നിൽ കാരുണ്യം ചൊരിയണം - ജോസഫിൻ മുന്നിലിതാ വണങ്ങി ടട്ടെ

ലെയ്യാൾ വന്നം - ഇന്നീശെ -

ബുദ്ധിമാനാം ജോസഫേ നീ - ഭുവനാനന്ദ ശിലനേ - നിന്നോട് എനിക്ക് ഇതാ സഹിക്കാൻ വയ്യാ സ്നേഹം കൊണ്ട്.... ആ.... നിൻ മനസ്സിന്റെ ചഞ്ചലം വിട്ടെന്നോട് വിള യാടാൻ - ഇപ്പോൾ വന്നിടുവിൻ നല്ല വർണ്ണ സുന്ദരസുമു ഖനേ

ജോസഫ് വന്നം - ഈന്നീശെ-

സുമുഖനെന്നും ചൊല്ലവേണ്ട - മാന്യ മന്ത്രി ഭാര്യയേ കേൾ- സ്ത്രീമോഹം എന്നിടത്തിൽ ദയവായി മിനക്കെടേണ്ട- ആ.... പുണ്യാകുമാരി നീ പുരിയിൽ പ്രശസ്തി നീ - നീ നിന്നുടെ ദുർബുദ്ധി വ്യഭിചാര ദുർമോഹങ്ങൾ - നീതിമാനായ ദൈവം കൊടിയ ശിക്ഷ നൽകും നിന്നിൽ.

രണ്ടുപേരും മാറി മാറി ഗാനം

ലെയ്യാൾ : ദൈവശിക്ഷ വന്നാലും എന്റെ ആശ തീരുകില്ല - ദൈവം നീയാണ് എന്റെ സുന്ദരമയിലെ

ജോസഫ് : മയിലെ കുയിലെ എന്നു വിളിക്കേണ്ടതില്ല നീ - മന്ത്രി ഭാര്യയ്ക്കിതു നീതിന്യായമാണോ.

ലെയ്യാൾ : നീതിന്യായങ്ങളെല്ലാം മോഹത്തെ ബാധിക്കുമോ

– നിൻമുഖം ചേർത്തെനിക്ക് ചുംബനം തരുമോ നീ.

ജോസഫ് : ചുംബനത്തിനുവേണ്ടി മിനക്കേടേണ്ട വേണ്ട നീ–

സുന്ദരിയാം കുമാരി പുരുഷമോഹിനി നീയും.

ലെയ്യാൾ: പുരുഷമോഹം കൊണ്ടു പുരി തന്നിലെ ബഹു – നന്ദി കെട്ടവനേ നീ നാടോടി ചണ്ഡാളാ.

ജോസഫ് : നാടോടി ചണ്ഡാളൻ ഞാൻ തന്നെ വഞ്ചകി –

മന്ത്രി കുമാരികൾക്ക് ഒത്ത വിഷയമോ

ലെയ്യാൾ: ഒത്തവിഷയമാകും എന്റെ ആസ തീർത്തുതരും–

ഇല്ലെങ്കിൽ എനതുവാൾക്ക് ഇരയാകും നീ ഇപ്പോൾ

ജോസഫ് : എൻ ജീവൻ നിനക്ക് ബലിയായി തന്നാലും –

നിന്ന ആശ തീർപ്പതില്ല സത്യ സത്യാമായി.

ജോസഫ് പോകുന്നു.

മന്ത്രി പ്രവേശിക്കുന്നു –

ലെയോൾ വന്നം – ഇന്നീശൈ –

അയ്യയ്യോ എനതുടയാ – മന്നവനാം മന്ത്രിയെ കേൾ – നമതു കാര്യസ്ഥനാം ജോസഫ് – ചെയ്ത കുറ്റം കേൾക്ക വേണം –

ആ.... ഞാൻ കിടക്കും മുറിയിൽ എന്നരുകിൽ വന്നിട്ടവൻ – ഹീനമായ പ്രവർത്തി ചെയ്യുവാൻ ഒരുമ്പെട്ടു മന്നാ.

മന്ത്രി ഭടന്മാർക്ക് വെൺപാ

മന്ത്രി ഭടന്മാർക്ക് വെൺപാ

എന്നരുകിൽ നിന്നിടുന്ന വീര ശൂര ഭടന്മാരെ – എനതു കല്പിതം നിങ്ങൾ കേൾക്കാവേണം – ചൊടിയുടനെ – ധൃതി ഗതിയിൽ ചെട്ടുടനെ കാര്യസ്ഥനാം ജോസഫിനെ – കൈകൾ ബന്ധിച്ചു ജയിലിൽ ഏൽപ്പിച്ചീടൂ.

കർട്ടൻ

## രംഗം 12 ജയിൽ

രംഗത്ത് ജോസഫ്, കൂട്ടുകാർ രണ്ട്പേരും

പ്രിയമേറും ആത്മസുഹൃത്തുക്കളെ –എന്നിൽ കുറ്റങ്ങളൊന്നു മില്ല – എൻ മനം അറിയാത്ത കുറ്റങ്ങൾ എന്നിൽ ചുമത്തി ഇപ്പോൾ .... ആ.... തീയെരിഞ്ഞിട്ടു വെയിലിൽ വെന്തു നീറിടും വിതം – വിനാശ കുടിലയാം മന്ത്രി ഭാര്യ പ്രേമമോഹി നി.

വീഞ്ഞുകാരൻ വന്നം – ഇന്നീശൈ –

പ്രേമമോഹിയായവളും –വംശദ്രോഹി മന്ത്രിയും അതിക്രൂ രമാം കുറ്റം ഞങ്ങളിൽ – ചുമത്തി അന്യായമായി ആ..... ദുഷ്ടപാതകനാം രാജാദ്രോഹകുറ്റങ്ങളിൽ – കാരാഗൃഹത്തി ലിട്ടു കൊല്ലുവാനായ് വിധി ഇപ്പോൾ

## ജോസഫ് വിരുത്തം

സ്നേഹസമ്പന്നരായ കൂട്ടുകാരെ നിങ്ങളുടെ – ഇന്നലെ കണ്ട മുഖത്തിൽ ദുഃഖം കലർന്നതായി കാണുന്നു. ഇപ്പോൾ – ബഹുമാന്യ സുപ്രണ്ടിന്റെ കല്പിതങ്ങൾ ലംഘിച്ചു നീ – വന്ന താന വാർത്തയെല്ലാം വിവരമായി ചൊല്ലീടേണം.

## വിഞ്ഞുകാരൻ

1. വിവരമായി ചൊല്ലിടാ ഞാൻ – നല്ല സാരോജ്യമാം ഗുണോത്തമനെ – ഇന്നലെ ഞാനൊരു സ്വപ്നം കണ്ടു. സ്വപ്നവാർത്തകൾ ഞാൻ ഇപ്പോൾ വിവരിച്ചീടാം.

2. എന്റെ മുന്നിൽ മുന്തിരി ചെടികൾ – ഇപ്പോൾ അതി ന്മേലെ മൂന്ന് ചീനപ്പൂക്കൾ – ആ ചീനപ്പൂക്കൾ തളിർത്തു നിന്നും – ഇപ്പോൾ പൊങ്ങിവന്നു കുലകളുണ്ടായ്.

3. മൂത്തുപഴുത്ത് പഴങ്ങളായി – നല്ല മുന്തിരിപ്പഴങ്ങളായി നിന്നു– എന്റെ കയ്യിൽ ഫറവോൻ രാജനുടെ പാനപ്പാത്രത്തിൽ ഞാൻ അത് പറിച്ചു വച്ച് – സ്വർണ്ണപ്പാത്രത്തിൽ ഞാൻ പിഴി ഞ്ഞൊഴിച്ചു – ഉടൻ രാജാവിന് അത് ഒഴിച്ചു കൊടുത്തു.

ജോസഫ് വിരുത്തം

ഇതാ അർത്ഥം കേട്ടുകൊൾകാ. മുന്തിരി വള്ളിയിലെ – മൂന്ന് ചീനപ്പൂക്കൾ മൂന്ന് ദിവസങ്ങളാണ്. മൂന്ന് ദിവസങ്ങൾക്ക് ശേഷം ഫറവോൻ രാജൻ വിളിക്കും നിന്നെ – പഴയ ജോലി യിൽ നിയമിക്കും– രാജാവിന് പാനിയം കൊടുക്കാൻ.

വീഞ്ഞുക്കാരൻ ഗാനം

ഫറവേൻ രാജാവിന്റെ സ്വന്തം മിത്രമാണു ഞാൻ – വീഞ്ഞുകു ടിച്ചു രസിച്ചു ആനന്ദിച്ചിരിക്കുമ്പോൾ – പലതുമുണർത്തിക്കു വാൻ എനിക്കു കഴിയും – ദൈവഭക്തി നിറഞ്ഞ ശുദ്ധാത്മാവെ വണക്കം.

**ജോസഫ് ഗാനം**

വണക്കം പറഞ്ഞിടുന്ന സ്നേഹിതാ എൻ കാര്യവും – ഓർത്തു എനിക്കു നീ നീതി നേടിത്തരേണം – ഫറവോന്റെ സന്നിധിയിൽ എൻ കാര്യം ഉണർത്തിച്ചു – പാറാവിൽ നിന്നും എന്നെ മോചിപ്പിക്കേണം നിങ്ങൾ – എബ്രായക്കാരുടെ നാട്ടിൽ നിന്നും എന്നെ – തന്ത്രത്തിൽ കൊണ്ടുപോന്നാത ണെന്റെ സോദരാ – ഈ കാരാഗൃഹത്തിൽ ഇടുന്നതിനു തക്ക – കുറ്റമൊന്നും ഞാൻ ചെയ്തിട്ടില്ലാ സ്നേഹിതാ –

മറ്റേ തടവുകാരനോട് – ജോസഫ് വിരുത്തം

ഫറവോൻ രാജാവിന്റെ അപ്പക്കാരുടെ പ്രധാനിയാകും – താങ്ക ളുടെ സ്വപ്നവാർത്ത വിശദമായി ചൊല്ലവേണം.

അപ്പക്കാരൻ സംഭാഷണം

ഇതാ എന്റെ തലയിൽ വെളുത്ത, അപ്പമുള്ള മൂന്നു കുട്ടകൾ – ഏറ്റവും മുകളിലിരുന്ന കൊട്ടയിൽ നിന്നും – പക്ഷികൾ അപ്പം കൊത്തിതിന്നു.

ജോസഫ് ആലോചിക്കുന്നു (ജോസഫ് കൊച്ചകം)

പ്രിയമേറും സ്നേഹിതനെ – താങ്കൾ കണ്ട സ്വപ്നങ്ങൾ ശുഭ മായ കാര്യമല്ലയിത് – ഇപ്പൾ ഞാനിതാ സൂചിപ്പിച്ചിടാം – മൂന്ന് കൊട്ടകൾ മൂന്ന് ദിവസം – മൂന്നാം ദിവസങ്ങൾക്ക് ശേഷം – ഫറവോൻ കഴുമരത്തിൽ തൂക്കും – പക്ഷികൾ മാസം

കൊത്തി തിന്നും.

കർട്ടൻ

**രംഗം 13**

**രാജകൊട്ടാരം**

രാജാവ് കിടക്കുന്നു. ഭടന്മാർ ഒരു വശത്ത് മറുവശത്ത് മന്ത്രിയും രാജാവ് - വിരുത്തം

വീരമേറും മന്ത്രിയേ കേൾ - കാരാഗൃഹത്തിൽ കിടക്കും = വീരനായ നമതുടെ - വീഞ്ഞൊഴിച്ചു തന്നിടുന്നവനെ - ധൃത ഗതിയിൽ പോയി എനതുമുന്നിൽ കൊണ്ടു വരൂ - അപ്പക്കാരുടെ പ്രധാനിയെ കഴുമരത്തിൽ തൂക്കിക്കൊല്ലുവിൻ.

മന്ത്രി പോകുന്നു. വീണ്ടും രാജാവ് കിടക്കുന്നു. സ്വപ്നം കാണുന്നു. വീണ്ടും സ്വപ്നകാര്യത്തിൽ ആലോചിച്ചിരിക്കുന്നു.

സ്വപ്നം.... സ്വപ്നം... രാജാവ് വിരുത്തം. കീർത്തി പ്രബല്യരായ വീരശൂരരെ കേൾ കീർത്തിയുള്ള മന്ത്രവാദികളെ ഝുടുതിയിൽ കൂട്ടിവാരും.

രാജാവ് അകത്തേക്ക് പോകുന്നു. ഭടൻ മന്ത്രവാദികളുമായി വരുന്നു.

വരവു ഗാനം

1. മന്നൻ ഫറവോനുടെ - കല്പിതം പോലെ ഞങ്ങൾ -

ഉന്നതരായ നല്ല മന്ത്രവാദികൾ- തന്താനൈ - തൈതെ തന്നെ

2. മഹാരാജ രാജാവായി - ഈജിപ്ത് നാടാതിന്റെ അഭിവൃദ്ധിക്കുള്ള കാരണങ്ങൾ.

3. സുപ്രസിദ്ധമായൊരു നീലാ നദിയുടെയാ - ഈജിപ്ത് താഴ്വരകളിൽ തന്താനൈ തനൈ തനൈ....

രാജാവ് സിംഹാസനത്തിൽ ഇരിക്കുന്നു

മന്ത്രവാദികൾ രാജാവിടം വാക്കം

മഹാരാജാ വണക്കം  തിരുഹിതം പോലെ അങ്ങയുടെ സവിധത്തിൽ വന്നിരിക്കുന്നു.

രാജാവ് ഗാനം

1. ചൊടിയുടെ വന്നിടുന്നാ മന്ത്രവാദികളെ = ഇപ്പോൾ സ്വപ്നം ഒന്നു കണ്ടു ഞാനും അർത്ഥം വ്യാഖ്യാനിക്കു - നിങ്ങൾ

2. സ്വപ്നത്തിന്റെ കഥ ഇതാണ് കേൾക്കാവേണം നിങ്ങൾ - ഇപ്പോൾ നിലനദിയിൽ നിന്നും ഏഴു കൊഴുത്ത പശുക്കൾ കയറി വന്നു - പിന്നെ വീണ്ടും ഏഴ് മെലിഞ്ഞ പശുക്കൾ കയറി വന്നുടനെ. വേഗം -കൊഴുത്ത പളുക്കളെ വിഴുങ്ങി തിന്ന് തൃപ്തരായിടുന്നു. പിന്നെ - വീണ്ടും കണ്ടുനെ കേട്ടു കൊൾകവേണം. ഇപ്പോൾ - ഏഴു കതിരുകൾ ഒരു തണ്ടിൽ നിന്ന് പൊങ്ങി വന്നു നിന്നു. പിന്നെ - അവയുടെ പിന്നാലെ ഏഴു ശേഷിച്ച കതിരുകളും. പക്ഷെ - പുഷ്ഠിയുള്ള കതിരുകളെ വിഴുങ്ങിക്കളഞ്ഞിടുന്നു. പിന്നെ - എന്താണീ വിഴുങ്ങലിന്റെ അർത്ഥം ചൊല്ലിടേണം ഇപ്പോൾ - എന്തോ ദുസ്സ് ശകുനമാണെന്ന് മനസ്സിൽ തോന്നീടുന്നു - എനിക്ക്.

രാജാവ് മന്ത്രവാദികളിടം വാക്ക്

മന്ത്രവാദികളെ ഈ സ്വപ്നത്തിന്റെ അർത്ഥം വ്യാഖ്യാനിക്കൂ!

മന്ത്രവാദികൾ കളം വരച്ചു പലതും ചൊല്ലി തീയിലെറിഞ്ഞ് ജപിക്കുന്നു. ഒന്നും പിടികിട്ടാത്ത പോലെ പറയുന്നു.

മഹാ തിരുമേനീ ഈ സ്വപ്നത്തിന്റെ അർത്ഥം ഞങ്ങൾക്കൊന്നും മനസ്സിലാകുന്നില്ല.

രാജാവ് വാക്ക്

നിങ്ങൾക്ക് പോകാം

മന്ത്രി വീഞ്ഞുകാരനെ കൊണ്ടുവന്ന് രാജാവിനെ ഏല്പിക്കുന്നു

ഇതാ നമ്മുടെ പാനീയക്കാരൻ.

രാജാവ് വിരുത്തം

ഇന്നുമുതൽ ഈ അരമനയിൽ പഴയ ജോലി ഞാൻ തരു ന്നേൻ - ഇപ്പോൾ മുതൽ എനിക്ക് പാനീയം ഒഴിച്ചു തന്നിരു വിൻ

കർട്ടൻ

രംഗം 14

അപ്പക്കാരനെ തൂക്കികൊല്ലുവാൻ മന്ത്രിയും മറ്റും - മന്ത്രി പറ യുന്നു

നിന്നെ കഴുമരത്തിൽ തൂക്കികൊല്ലുവാൻ രാജകല്പന

അപ്പക്കാരൻ ഗാനം

കൃപാ ചെയ്യാ പരാപരനെ കൊടുപാതകന്റെ കൊടും കാരാ - ഗൃഹത്തീലടിമപ്പെട്ടോനെ. ദൈവാപിതാവേ ജഗദീശാ - ഈ നാട്ടിൽ ക്രൂപാനാകും. അഹങ്കാരാകുല ദ്രോഹീ-ചതിയനായ വഞ്ചകനേ നീ. നീതി സത്യാകാര്യാമല്ല - ഭീകരകുറ്റങ്ങളെ ന്നിൽ. ചുമത്തീയെന്നെ വധിക്കാൻ - വിധിച്ചു സൃഷ്ടി നാഥാ എന്റെ - പാപങ്ങളെല്ലാം പൊറുക്കേണെ.

അപ്പക്കാരനെ കഴുമരത്തിൽ തൂക്കി കൊല്ലുന്നു.

കർട്ടൻ

**രംഗം 15**

**രാജകൊട്ടാരം**

രാജാവും മന്ത്രിയും പാനിക്കാരൻ പാനിയം ഒഴിച്ചു കൊടുക്കു ന്നു. രാഡാവ് എന്തോ ചിന്തിച്ചു കൊണ്ടിരിക്കുന്നു. രാജാവ് വിരുത്തം

എനതുടെ സ്വപ്നകഥ വ്യക്തമായ് വിവരിച്ചീടാൻ =
ഈജിപ്ത് നാട്ടിന്റെ അയൽനാട്ടിലാരുണ്ട് ചൊല്ലാൻ

പാനിയക്കാരൻ സംഭാഷണം

മഹാതിരുമേനി നമ്മുടെ കാരാഗൃഹത്തിൽ ജോസഫ് എന്ന ഒരുവനുണ്ട്. അവൻ സ്വപ്നത്തിന്റെ അർത്ഥം വ്യക്തമായി വ്യാഖ്യാനിക്കും.

രാജൻ വാക്ക്:    ഉടനെ എൻ സവിധത്തിൽ കൂട്ടിവരൂ.

പാനിയക്കാരൻ ജോസഫിനെക്കൂട്ടി വരുന്നു. ജോസഫ് രാജാവിനെ തൊഴുതുകൊണ്ട് വാക്ക്.

മഹാരാജാവണക്കം

സ്വപ്നം കണ്ടു അതിന്റെ അർത്ഥം പറയുന്നില്ലാരും ഇപ്പോൾ = നീയാ സ്വപ്നം വ്യാഖ്യാനിക്കുന്നവനാണെന്നു കേട്ടു ഞാനും.

ജോസഫ്    :    ദൈവസഹായം കൂടാതാർക്കും ശുഭമായ് പറഞ്ഞീടുവാൻ ഇപ്പോൾ = ആരായാലും സാധ്യമല്ല മറുപടി.

നൽകാൻ രാജാ.

രാജാവ്    :    സ്വപ്നത്തിന്റെ കഥ ഇതാണ് = കേട്ടു കൊൾക നീയും ഇപ്പോൾ = നീലാ നദിയിൽ നിന്നും ഏഴ് കൊഴുത്ത പശുക്കൾ കയറി വന്നു. പിന്നെ = വീണ്ടും ഏഴുമെലിഞ്ഞ പശുക്കൾക്കയറി വന്നുടനെ വേഗം = കൊഴുത്ത പശുക്കളെ വിഴുങ്ങി തിന്ന് തൃപ്തരായിടുന്നു = പിന്നെ -

വീണ്ടുമൊരുസ്വപ്നകണ്ടുടനെ കേട്ടുകൊൾകാ വേണം = ഇപ്പോൾ = ഏഴു കതിരുകൾ ഒരു തണ്ടിൽ നിന്നും പൊങ്ങി വന്നു നിന്നു പിന്നെ -

അവയുടെ പിന്നാലെ ഏഴു ശോഷിച്ചകുതിരകളും പക്ഷേ =

പുഷ്ടിയുള്ള കതിരുകളെ വിഴുങ്ങിക്കളഞ്ഞിടുന്നു = വേഗം =

എന്താണീ സ്വപ്നത്തിന്റെർത്ഥം വ്യാഖ്യാനിച്ചിടേണം നിയും

ജോസഫ് ഗാനം

1. മഹാരാജാവെ സ്വപ്നം രണ്ടും - കാര്യത്തിലൊന്നു തന്നെ ആണ് = ഇപ്പോൾ - ഏഴുകൊഴുത്ത പശുക്കൾ -സമൃദ്ധിയുള്ള ഏഴുവർഷമാണ്.

2. ഏഴു നല്ല കതിരുകളും ഏഴു മെലിഞ്ഞ പശുക്കളും പിന്നെ- ശോഷിച്ചേഴുകതിരുകളും = ക്ഷാമമുള്ള ഏഴുവർഷമാണ്.

3. ഈ നാട്ടിൽ സാമാന്യമായ സുഭിക്ഷിതയുണ്ടാകുമെഴു

വർഷം

പക്ഷേ - ആ സുഭിക്ഷിതയെ മുഴുവൻ ക്ഷാമമുള്ള ഏഴു വർഷം വിഴുങ്ങും

4. ജ്ഞാനബുദ്ധി നിറഞ്ഞിടുന്ന ഒരുത്തനെ ഈജിപ്തധികാരിയാക്കി-

ഇപ്പോൾ - അടുത്തു ഏഴുകൊല്ലത്തേക്ക് സമൃദ്ധമായ വിളവിലഞ്ചിലൊന്ന്.

5. പട്ടണങ്ങളിലുടനെ- ധാന്യപുരകളിൽ ശേഖരിച്ചു - ഏഴു കൊല്ലത്തെ ക്ഷാമത്തിൽ - നിന്നും നാടിനെ രക്ഷിക്കാം രാജാ.

രാജാവ് ഗാനം

1. ജ്ഞാനബുദ്ധി നിറഞ്ഞിടുന്ന = ആരുമില്ല എന്റെ ഈ നാട്ടിൽ - നിന്നെ - അധികാരിയായ് വാഴ്ത്തിടും ഞാൻ - എൻ പ്രജകൾ മുഴുവൻ നിന്നെ വണങ്ങും.

2. സിംഹാസനം കൊണ്ടു മാത്രം - നിന്നെക്കാൾ വലിയവനാകും

ഞാൻ - നിന്നെ മെഡ്രേൻമേൽ ദേശത്തിൻ മേലെ - അധികാരിയായ് ഉയർത്തിടുന്നു നിന്നെ

രാജാവ് അധികാരത്തിന്റെ അടയാളമായ് ഒരു മോതിരം വിരലിൽ ഇട്ടുകൊണ്ട് വിലയേറിയ വെള്ളപ്പട്ടും മനോഹരമായ ഒരു മാലയും കഴുത്തിൽ ഇട്ടു കൊടുക്കുന്നു.

രാജാവ് മന്ത്രിയിടം വിരുത്തം

കാർത്തി പ്രഗത്ഭനാകും, കീർത്തി മുദ്ര ധരിച്ച് അഴകാർന്ന മന്ത്രിയാന പോത്തിഫർ കേൾക്കവേണനം - നമതുടെ ദേശമെല്ലാം ഭംഗിയായ് അലങ്കരിച്ച് പട്ടണപ്രദക്ഷിണം നടത്തിടേണം ചൊടിയുടനെ.

മന്ത്രി : കല്പിതം പോലെ മഹാരാജാ

കർട്ടൻ

## രംഗം 16

രംഗത്ത് മഹാരാജാവ് മന്ത്രി ജോസഫ് ഭടന്മാർ മന്ത്രിഗാനം

1. ഭൂമുഖത്ത് കീർത്തികേട്ട ഈജിപ്ത് നാട്ടിൽ പ്രദക്ഷിണം നടത്തും വീരർകൾ – എനതുടെ നാഥനായ മഹാരാജൻ കല്പിതം പോൽ ഞങ്ങളിതാ അതിവിരുദ്ധരാക്കി പോയിടുന്നു.

2. കനകകൊട്ടാരം തന്നിൽ കൗതുകമായൊരു കീർത്തി മുദ്രയും കൊടുത്ത് മഹാരഥനായ് വാഴും – എതിരിടും അരികൾ തൻ കിളയുടെ നടുവിൽ കൊടിയൊരു പുലിസമം അലറിടും ഞങ്ങൾ

3. നവമണിമുടിശിരസ്സിലണിഞ്ഞുടനെ തെളുതെളെ വെള്ള വസ്ത്രവും കീർത്തി മുദ്രയും അണിയിച്ചു ഈജിപ്തിൽ

അധികാരിയാക്കി പട്ടണപ്രദക്ഷിണം നടത്തിവീരർ പോകുന്നു

രാജൻ – വിരുത്തം

വീരരിൽ വിരുതനാകും സത്യവാൻ മന്ത്രിയേ കേൾ –

ജ്ഞാനിയാം ബുദ്ധിമാനെ വിവാഹം കഴിപ്പിച്ചിടേണം –

ശോശാൻ ദേശത്തുള്ള പ്രഭുകുമാരന്റെ മകളെ

ജോസഫിനു കല്യാണം കഴിപ്പിക്കവേണമുടനെ

എല്ലാവരും വീണ്ടും യാത്ര

## ജോസഫ് ഗാനം

1. ചന്ദ്രനൊളിയഴാ കാനാവസ്ത്രമിട്ട് ചന്ദ്രവർണ്ണമാം മുടി

പ്രതാപനായി – തിങ്കളൊളി വൈഡൂര്യമാലകളും

വെള്ളവസ്ത്രമതിലൊളി വിതറിടുന്നു.

2. കേൾവി പെരുത്ത നാട്ടിൽ രാജനായ് വാഴും, മന്നനും

സുമുഖനാകും മന്ത്രിയും – ലോകത്തിൻ സകലചരാചരങ്ങൾ വണങ്ങി നിന്നിടും ഈജിപ്ത് ദേശം തന്നിൽ.

3. ഈജിപ്ത് ദേശത്തിൽ ദൈവകൃപായാലെ ഭക്ഷ്യധാന്യ

ങ്ങൾ ശേഖരിച്ചീടും ഉന്നതനാകും രാജാവിൻ സ്ഥാനമഹിമ - കീർത്തിമുദ്രകളും തന്നു മഹാരാജൻ

**രംഗം 17 രാജകൊട്ടാരം**

രാജാവും മന്ത്രിയും ഭടന്മാരും

രാജൻ വാക്ക് : മന്ത്രി, നമ്മുടെ ദേശത്തിന്റെ വാർത്തകൾ കേൾക്കവേണം

മന്ത്രിയും രാജാവും മാറി മാറി ഗാനം

മന്ത്രി : കേട്ടുകൊൾകാ എനതുമഹാരാജാ. ദേശാ വാർത്തകൾ ഞാൻ ഇപ്പോൾ അറിഞ്ഞു വന്നേൻ - ഈജിപ്ത് നാട്ടിൽ നിന്നും അനവധി ജനതകൾ ഭക്ഷ്യധാന്യം ധാരാളം കൊണ്ടുവരുന്നു.

രാജാവ് : തൃപ്തിയോടെ കൊണ്ടുവരും ജനതകൾ ഭക്ഷ്യ ധാന്യങ്ങൾ പെരുമെനതുനാട്ടിൽ - ഈജിപ്ത് ദേശമതിൽ സമർത്ഥനാകും ജോസഫ് ഉന്നതഗോത്രാമതിൽ ഉണർന്ന പയ്യൻ.

മന്ത്രി : ഉന്നതഗോത്രത്തീലുയർന്ന ഗോശാൽ ദേശാമ തിൽപ്രഭു കുമാരന്റെ - മകളാകും ലൈലയെ വിവാഹം കഴി ച്ചുടൻ സുന്ദരിയാം വനിത സുമുഖിയാണ്.

ജോസഫ് പ്രവേശിക്കുന്നു (രാജനിടം വിരുത്തം)

ഈജിപ്ത് ദേശമതിൽ മഹാനായ് വാഴും രാജാ - ഗോതമ്പ് ശേഖരിക്കാൻ. സ്ഥലമില്ലാ നമതു നാട്ടിൽ - ധാന്യപുരക ളെല്ലാം നിറഞ്ഞു മിച്ചമായി ബാക്കിയുണ്ട്. ധാന്യപുരകൾ പണിയാൻ കല്പന കൊടുക്കവേണം.

രാജാവ് മന്ത്രിയിടം - വിരുത്തം -

പ്രിയമേറും മന്ത്രിയേ കേൾ. ഗോതമ്പ് ശേഖരിക്കാൻ പുതിയ ധാന്യപുരകൾ ഉടൻ പണികൾ ചെയ്യവേണം - ഗോശാൽ ദേശത്തിലുള്ള ഉന്നത മൈതാനത്തിൽ. ഉത്തമനായ മന്ത്രിയേ നീ പോയുടൻ പണി കഴിച്ചീടേണം

കർട്ടൻ

രംഗം 18

## ബെന്യാവ് ജേഷ്ഠന്മാരെ അന്വേഷിച്ചു പോകുന്നു.

1. വന്ദ്യപിതാവിന്റെ കൽപിതം പോലെ - ഉയരമേറും മലമുകളിൽ പോകാം ഞാനും - പാരിൽ പ്രശസ്തരിൽ പ്രഗത്ഭരാകും നല്ല സിക്കുമലതാഴ്വരയിൽ പോയിടുന്നു ഞാനും

2. ജ്ഞാനബാലന്മാരെ കണ്ടുവണങ്ങി ഞാനും - വന്ദ്യമാം പിതാവിന്റെ കൽപനകൾ നടത്തും - പോകും വഴിക്ക്

കാട്ടുമൃഗത്തെ കണ്ടാൽ കണ്ടം തുണ്ടം വെട്ടി അരിഞ്ഞിടും ഞാനും

ബെന്യാവ് കരടിയുമായി മൽപിടിത്തങ്ങൾ കരടിയെ വധിച്ച് ബെന്യാവ് വീണ്ടും യാത്ര

ഈ സ്ഥലം വിട്ടകന്നുപോയിടുന്നു ഞാനും ജേഷ്ന്മാരെ

കണ്ടുവണങ്ങിടുവാൻ ഞാനും

ബെന്യാവ് പോകുന്നു

ജേഷ്ഠന്മാർ പത്തുപേർ പ്രവേശിക്കുന്നു.

1. ചുട്ടുപഴുത്ത മണലും ചവുട്ടി = വെട്ടിവിയർത്തു ഞങ്ങൾ നല്ല - സിക്കണി താഴ്വര വിട്ടിതാ ഞങ്ങളും എത്തിടും ബേർശബായിൽ

2. ആട്ടുപറ്റങ്ങളെ മേയ്ച്ചു നടക്കുന്ന ജാക്കോബിൻ മക്കൾ ഞങ്ങൾ നല്ല - എത്തീടും നാടതിൽ കണ്ടുടൻ താതനെ കണ്ടുവണങ്ങീടുവാൻ.

ബെന്യാവ് പ്രവേശിക്കുന്നു

ആട്ടുപറ്റങ്ങളെ മേച്ചു നടക്കുന്ന ഉത്തമ ജേഷ്ഠന്മാരെ - ഞാനും - എത്തീടും കാടതിൽ കണ്ടുടൻ ജേഷ്ഠരെ കണ്ടുവണങ്ങീടുന്നേൻ.

ബെന്യാവ് ജേഷ്ഠന്മാരെ മാറി മാറി ആലംഗനം ചെയ്യുന്നു

രൂപൻ ഗാനം

ബെന്യാവെ നീ എനതുടയാ നല്ല = ഉത്തമനാം ഇളം കുരുന്നേ, ഉന്നതനാം വന്ദ്യപിതാവിന്റെ -ക്ഷേമവാർത്തയെ നിൽ ചൊല്ലിടേണം നീ

ബെന്യാവ് ഗാനം

വാർത്തയെല്ലാം വ്യക്തമായ് ചൊല്ലീടാം - വന്ദ്യാമാം പിതാവിന്റെ കൽപിതം പോലെ - ഉന്നതനാം ദൈവം കാത്തീടും നമ്മെ - വേറെ വിശേഷങ്ങൾ ഒന്നുമില്ലാ ജേഷ്ഠാ.

കർട്ടൻ

**രംഗം 19 യാക്കോബിന്റെ ഭവനം**

മക്കൾ പതിനൊന്നുപേരും പ്രവേശിക്കുന്നു

ആട്ടുപറ്റങ്ങളെ മേച്ചുനടക്കുന്ന ജാക്കോബിൻ മക്കൾ ഞങ്ങൾ- നല്ല - എത്തീടും നാടതിൽ കണ്ടുടൻ താതനെ കണ്ടുവണങ്ങിടുന്നേ

മക്കൾ വാക്ക്: പിതാവെ വണക്കം

ജാക്കോബ് മക്കളിടം ഗാനം

വണങ്ങു പിതാവിനെ ജീവിക്കും മക്കളെ= അസ്തിക ബുദ്ധി ശക്തി പെരുത്താവരെ = പുണ്യഭൂമിയാകും കാനാം ദേശത്തിൽ = നന്മവളർത്തീടുന്ന ഭാസുരമുത്തേ നിങ്ങൾ

= ഭക്തിനിറഞ്ഞ നല്ല ജ്ഞാന സമ്പന്നരായ = മക്കളെ കേൾക്കുക എന്നുടെ കല്പിതങ്ങൾ = നമ്മുടെ നാട്ടിൽ ഭക്ഷ്യധാന്യങ്ങളൊന്നും

കിട്ടുവാനിടമില്ലാ കഷ്ടപ്പെടുന്നു നമ്മൾ = സംതൃപ്തിയോടെ വാഴും ഈജിപ്ത് നാട്ടിൽ പോയാൽ ഗോതമ്പ് വാങ്ങിക്കാൻ നിങ്ങളുടനെ പോകൂ = വേണ്ട പണമെടുത്ത് വേഗം പുറപ്പെടേണം = ബെന്യാവ് മാത്രമെന്റെ കൂടെ നിന്നീടട്ടെ.

രൂപൻ ഗാനം

സ്നേഹം നിറഞ്ഞ നല്ല വന്ദ്യപിതാവെ കേൾക്കൂ -

ധീരനും ശുദ്ധനും ആണ് എന്റെ താതൻ - കല്പിതം പോലെ ഞങ്ങൾ ഉടനടി പോയി -ഗോതമ്പു വാങ്ങി ചൊടിയുടൻ വരും ഞങ്ങൾ

മക്കൾ എല്ലാവരും മുട്ടുകുത്തുന്നു. യാക്കോബ് മക്കളെ അനുഗ്രഹിക്കുന്നു.

കർട്ടൻ

**രംഗം 20**

## ജോസഫിന്റെ അരമന

ജേഷ്ഠന്മാർ പത്തുപേരും പ്രവേശിക്കുന്നു ജോസഫിനെ മുഖം താഴ്ത്തി വണങ്ങി പറയുന്നു

തിരുമേനി വണക്കം

ജോസഫ് ഗൗരവത്തിൽ ജേഷ്ഠന്മാരെ മാറി മാറി നോക്കുന്നു

ജോസഫ് - വെൺപാ-

ആരടാ നിങ്ങൾ = എന്തിനീ നാട്ടിൽ വന്നൂ = നിങ്ങളെന്നെ വഞ്ചിക്കാമെന്ന് കരുതീടേണ്ട =

ആരാണെന്ന് = എനിക്കുടനെ മനസ്സിലായി ഈ രാജ്യമൊറ്റി കൊടുക്കാൻ = വന്ന വിദേശചാരന്മാരാണ് നിങ്ങളിപ്പോൾ

ജേഷ്ഠന്മാർ വിറച്ചു തൊണ്ട ഇടറി വന്നം ഇന്നീശൈ

അയ്യയ്യോ യജമാനനെ - ആട്ടിടയരായ ബാലർ - ഞങ്ങളിൽ വഞ്ചനയില്ലാ. ഗോതമ്പിനു വന്നതാണ്.... ആ....

ഇപ്പോൾ ഈ നാട്ടിൽ വന്നതിൻ ചാരവൃത്തിക്കുള്ള ശിക്ഷയോ. അയ്യോ ഒരു വഞ്ചനയും ഞങ്ങൾ ചെയ്യുകയില്ല തിരുമേനിയെ.

ജോസഫ് ജേഷ്ഠന്മാരും മാറി മാറി ഗാനം

ജോസഫ് : നിങ്ങളുടെ രാജ്യമേത് വംശകുലമേത്
ശൊല്ലൂ സത്യവാർത്ത പറഞ്ഞില്ലെങ്കിൽ ചുട്ടിടും ഞാനിപ്പോൾ

രൂപൻ : സത്യവാർത്ത പറയാം ഞങ്ങൽ. കാനാം ദേശ

മാണ് നാട്. ആട്ടിടയരാണ് ഞങ്ങൾ പൊന്നു തിരുമേനീ.

ജോസഫ് : നിങ്ങൾ പത്തുപേരുമിപ്പോൾ ഒരു പിതാവിൻ മക്കളാണ്. പിതാവിന്റെ നാമമിപ്പോൾ ചൊല്ലിടുകാ വേഗം.

ശെമയോൻ : നാമമുടൻ ചൊല്ലിടാം ഞാൻ ജാക്കോബാണ് എൻ പിതാവ് ജാക്കോബിന്റെ മക്കളാണ് ഞങ്ങൾ പത്തുപേരും.

ജോസഫ് : ജാക്കോബിന് ആകെ എത്ര മക്കളുണ്ട് ചൊല്ലൂ ജോക്കോബിപ്പോഴും ജീവിച്ചിരിപ്പുണ്ടോ നീ ചൊല്ലൂ.

ദാദാ : ചൊല്ലിടാം തിരുമേനിയെ ജാക്കോബിൻ പന്ത്രണ്ടു മക്കൾ ഇളംകുരുന്നു ഒരുവനുണ്ട് അവൻ താതനരുകിൽ

ജോസഫ് : ഇളംകുരുന്നിൻ പേരു ശൊല്ലൂ വേറൊരുവൻ എവിടെയാണ് - താതനിപ്പോൾ സൗഖ്യമാണോ വിവരമായി പറയൂ.

ദാദ് : താതനുമിളയവനും സൗഖ്യമായി ജീവിച്ചിടുന്നു ജോസഫ് എന്ന ഒരുവനുണ്ട് അവൻ മരിച്ചുപോയി.

ജോസഫ് : നിങ്ങൾ പറയുന്നതെല്ലാം പച്ചക്കള്ളത്തരങ്ങളാണ് തീർച്ചയായും നിങ്ങളിപ്പോൾ ചാരന്മാർ തന്നെ

ദാദ് : സത്യവാർത്ത ശൊല്ലിടുന്ന സത്യവാൻമാരാണു ഞങ്ങൾ

സത്യദൈവത്തിന്റെ മക്കൾ ചാരന്മാരല്ല.

ജോസഫ് ആശ്ചര്യാ

ചാരന്മാരല്ലെന്ന് - വ്യക്തമായ് ചൊല്ലിയ വിദേശികളായവരെ - വീട്ടിലൊരു സോദരൻ - ഇളംകുരുന്ന് പയ്യനെ എന്റെ മുന്നിൽ കൊണ്ടുവരുവിൻ - ഒരുവൻ പോയി - അനുജനെ കൊണ്ടുവാ. മറ്റുള്ളവരെ തടവിലാക്കൂ - കാരാഗൃഹത്തിൽ നിന്നു - പോയിടാൻ തുനിയേണ്ട ഫറവോന്റെ നാമത്തിൽ ഞാൻ ചൊല്ലിടുന്നു ഇവരെ പിടിച്ചു തുറങ്കിലേക്ക് കൊണ്ടുപോയി. കാരാഗൃഹത്തിലിട്ടുകൊൾകാ...

കർട്ടൻ

## രംഗം 21 മക്കൾ ജയിലിൽ

രൂപൻ ജയിലിൽ ഗാനം കൊച്ചകം

ജോസഫ് ജയിലിന്റെ ഒരു വശത്ത് മാറി നിന്നു കേൾക്കുന്നു. ഏന്തി ഏന്തി കരയുന്നു.

അയ്യോ ഇത് എന്തൊരു ശിക്ഷാ - ആരും തുണയില്ലാതെ ദൈവമെ - ജോസഫിനെ കൊല്ലുവാൻ ഭാവിച്ചപ്പോൾ - യാജിച്ചായാജനകളും. പൊട്ടകിണറ്റിൽ നിങ്ങൾ തള്ളിവിട്ട സമയം - അന്നത്തെ തേങ്ങിക്കരച്ചിൽ അയ്യോ - ഫറവോന് അടിമയാക്കി വിറ്റ സമയത്തിൽ. അവന്റെ വിലാപമോർക്കും പാരനെ - ഇന്നിതാ അവന്റെ രക്തം നമ്മളോടിപ്പോൾ - പകരം - ചോദിക്കുന്നു. ഇപ്പോൾ - നിങ്ങൾ കാരണം ഞാനും കഷ്ടപ്പെടുന്നു. ദൈവത്തിൽ ശിക്ഷ്യനാകും - നീതിമാൻ ആകും. ജോസഫേ എന്റെ സോദരനെ - ഞങ്ങളോട് നീ പൊറുക്കേണെ

ജോസഫ് നേരെ വന്ന് എല്ലാവരെയും മാറി മാറി നോക്കികൊണ്ട് - ഗാനം

1. ദൈവത്തെ ഭയപ്പെടുന്ന മനുഷ്യനാണ് ഞാനും -

നിങ്ങൾ പറഞ്ഞതൊക്കെ നേരായിരിക്കും =

2. നിങ്ങൾ കുടുംബമിപ്പോൾ പട്ടിണിയാണ് -

നിങ്ങളിൽ ഒരുത്തൻ മാത്രം തടവിൽ കിടന്നിടട്ടെ =

3. ഗോതമ്പ് വാങ്ങി നാട്ടിലേക്ക് പോകൂ നിങ്ങൾ -

കൊച്ചനുജനെ എൻ സവിധത്തിൽ കൊണ്ടുവാരൂ =

4. തടവുകാരനെ ഞാനും സത്യങ്ങൾ തെളിഞ്ഞീടുമ്പോൾ -

ഉടനെ വിട്ടുതന്നീടാം ശാന്തരായി പൊയ്കൊൾകാ =

ജോസഫ് ശെമയോനിടം - വിരുത്തം -

ഇതാ ഇവൻ ഇവിടെ തന്നെ കാരാഗൃഹത്തിൽ കിടക്കും - ബാക്കി എല്ലാവരും കൂടി ഗോതമ്പു വാങ്ങി പൊയ്കൊൾകാ....

ജോസഫ് ജേഷ്ഠന്മാരിടം വാക്ക്

നിങ്ങൾ കാര്യസ്ഥന്റെ അടുക്കൽ ചെന്ന് ഗോതമ്പ് വാങ്ങി പൊയ്കൊൾക

കർട്ടൻ

**രംഗം 22**

**ജാക്കോബിന്റെ ഭവനം**

രംഗത്ത് ജാക്കോബും ഒൻപത് മക്കളും

രൂപൻ വിരുത്തം

വന്ദ്യപിതാവെ ഞങ്ങൾ ഗോതമ്പുമായ് വന്നിടുന്നേൻ - ചാക്കുകൾ അഴിച്ചു നോക്കി - ഓരോന്നിലമുണ്ട് പണങ്ങൾ = ഞങ്ങൾ കൊടുത്ത പണം കൂടാതെ - വേറെയും പണം ധാരാളമുണ്ട് - ഇപ്പോൾ പിതാവെ ഞങ്ങൾ- ബെന്യാവിനേയും കൂട്ടി ചെന്നിടേണം.

ജാക്കോബ് - വിരുത്തം -

ഞാനവനെ അയക്കുകില്ല അവനുടെ ജേഷ്ഠനായ - ജോസഫ് മരിച്ചുപോയി - ഇവന്റെ അമ്മയുടെ ഏകമകൻ - ഇനിയിവൻ മാത്രമേയുള്ളൂ നിങ്ങൾ പോകും വഴിയിൽ വച്ച് - വല്ലാപത്തും വന്നുപെട്ടാൽ വൃദ്ധനായെന്ന് കൊല്ലരുത്...

രൂപൻ ഗാനം

കൊല്ലാതെ എന്നെ കൊല്ലരുത് താതൻ - അന്യായമായ ഈ സംസാരങ്ങൾ - ബെന്യാവ് ഇല്ലാതെ ചെല്ലരുത് ചെന്നാൽ - ഗവർണ്ണറെ കാണുവാൻ സാധിക്കുകയില്ല - പയ്യനെ കൂട്ടി ചെന്നാലുടൻ വേഗം - ഗോതമ്പുമായി ഞങ്ങൾ വന്നീടാമുടനെ - അല്ലെങ്കിൽ പട്ടിണി കിടന്നു നമ്മൽ - മരിക്കാതെ ഗതി വേറെയൊന്നുമില്ലാ താതാ.

ജാക്കോബ് ഗാനം

നിങ്ങളെന്തിന് ബെന്യാവിന്റെ കാര്യം - ഗവർണറോട് എന്തിനു പറഞ്ഞു നിങ്ങൾ - എന്തിനാണ് എന്നെ ദ്രോഹിച്ചത് നിങ്ങൾ കഷ്ടതകളെന്തിന് വരുത്തി വച്ചു.

യൂദാ: കൊച്ചകം

സ്വന്തമായി പറഞ്ഞതല്ലാ = വിദേശത്തു നിന്നും വന്നാ= ചാരന്മാരാണെന്ന് ഗവർണർ സംശയിച്ചു = ന്യായവാദങ്ങൾ നടത്തി = കുടുംബാവംശം വിശദമായി തിരക്കി = താതനി പ്പോഴും ജീവിച്ചിരുപ്പുണ്ടോ = വേറെ സാഹോദരന്മാരുണ്ടോ = പ്രത്യേകം ചോദിച്ചു ഗവർണർ = ബെന്യാവിന്റെ കാര്യം അപ്പോൾ പറഞ്ഞു ഞാൻ = ആ കൊച്ചു സഹോദരനെ അവിടെ = കൊണ്ടു ചെല്ലുവാൻ കല്പിച്ചു താതാ = താതനാ ശ്ശേഷം ക്ലേശിക്കണ്ടാ = പയ്യന്റെ കാര്യം ഞാനേറ്റുകൊള്ളാ = അവനു വേണ്ടി ഞാൻ എവിടെയും = ജാമ്യം നിന്നുകൊള്ളാം താതാ = അവനു യാതൊരു തരത്തിലുള്ള = ഉപദ്രവങ്ഹൾ തട്ടാതെ കാത്തുകൊള്ളാം ഞാൻ = അപ്പന്റെ അരുകിൽ തിരി ച്ചേൽപ്പിക്കാം = ഏതായാലും ഈജിപ്തിൽ പോയി = ഗോത മ്പുകൊണ്ടു വന്നില്ലെങ്കിൽ = നമ്മളെല്ലാവരും പട്ടിണികിടന്ന് = മരിച്ചുപോകും വന്ദ്യതാതാ =

ജാക്കോബ് - വിരുത്തം

സർവ്വശക്തനായ ദൈവം ഗവർണ്ണർക്ക് കൃപ നൽകട്ടെ = വൃദ്ധനായ എനിക്ക് ഇപ്പോൾ - ഓർക്കുവാൻ പോലും സാധ്യമല്ല = വാക്കു പാലിക്കും യൂദാ നീയും = ബെന്യാവി നേയും ശെമയോനേയും = തിരിച്ചേൽപിക്കുവാൻ ദൈവേ അദ്ദേഹത്തിന് തോന്നീക്കട്ടെ.

കർട്ടൻ

**രംഗം 23**

## ജോസഫിന്റെ അരമന

രംഗത്ത് ജോസഫ്, കാര്യസ്ഥൻ, മക്കൾ പത്തുപേരും

ജോസഫ് കാര്യസ്ഥനിടം വിരുത്തം

എന്നരുകിൽ നിന്നിടുന്ന കാര്യസ്ഥനെ കേൾക്കവേണം -

എബ്രായക്കാരായ ഇവർക്ക്ല കേമമായ ഒരു വിരുന്നൊരു ക്കേണം

കാര്യസ്ഥൻ പോകുന്നു

ജോസഫ് രൂപനിടം ഗാനം

വൃദ്ധനായ നിങ്ങളുടെ പിതാവു സുഖമോ– പുത്രരായ നിങ്ങൾക്കും സുഖം തന്നേയോ ചൊല്ലൂ വേഗം.

രൂപൻ : ഞങ്ങളുടെ വന്ദ്യപിതാവ് സുഖമോടെയിരിപ്പേൻ –

ഞങ്ങളുടെ ഭവനത്തിലേകനാണ് താതനിപ്പോൾ

ജോസഫ് : നിങ്ങളുടെ ഇളം കുരുന്ന് ഇവൻ തന്നെയാണോ–

എൻ മകനെ ദൈവം നിന്നെ അനുഗ്രഹിച്ചീടട്ടെ

കാര്യസ്ഥൻ തിരിച്ചുവരുന്നു

ജോസഫ് കാര്യസ്ഥനോട് വാക്ക്

ജോസഫ് : തടവിൽ കിടക്കുന്ന ശെമയോനെ ഉടനെ കൂട്ടി വരൂ

കാര്യസ്ഥൻ : ഉത്തരവ്

കാര്യസ്ഥൻ ശെമയോനെ കൊണ്ടുവരുന്നു.

ദോസഫ് – വിരുത്തം

കീർത്തിപെരുത്ത നല്ല ഉത്തമനായ കാര്യസ്ഥാ കേൾ –

തൃപ്തിയായ് ഭക്ഷണങ്ങൾ കൊടുത്തിടു വേഗമിവർക്ക്–

സത്യവാന്മാരായവർക്ക് സന്തോഷമാംവിധത്തിൽ–

ഗോതമ്പ് കൊടുത്തുടനെ പറഞ്ഞയക്കൂ സംശയം വേണ്ട.

കാര്യസ്ഥൻ ജേഷ്ഠന്മാരെയും കൂട്ടി അകത്തേക്ക് പോകുന്നു

ശേഷം കാര്യസ്ഥൻ തിരിച്ചുവരുന്നു.

ജോസഫ് കാര്യസ്ഥനിടം – വിരുത്തം

പ്രിയമേറും കാര്യസ്ഥനേ കേൾ – ഇളംകുരുന്നാം ബെന്യാവിന്റെ ചാക്കിൽ – എനതു വെള്ളി പാനപാത്രം അവനുടെ

ചാക്കിൽ വയ്ക്കൂ– ഞാനൊരു പരീക്ഷണം നടത്തും ബെന്യാവിനെ അവർ ഉപേക്ഷിക്കുമോ ഇല്ലയോ എന്നുള്ള കാര്യം എനിക്കുടൻ അറിയവേണം.

കാര്യസ്ഥൻ പതിനൊന്ന് പേരേയും കൂട്ടി വരുന്നു. എന്നിട്ട് ജോസഫിനിടം – വിരുത്തം –

ഈജിപ്ത് ദേശത്തിന്റെ അധിപനാകും ഗവർണ്ണറേ കേൾ = ഉനതുടയാ പാനപാത്രം ഇളംകുരുന്നവനിൽ കണ്ടുകിട്ടി.

കാര്യസ്ഥൻ പാത്രം ജോസഫിന്റെ കയ്യിൽ കൊടുക്കുന്നു. ജോഷ്ഠന്മാർ എല്ലാവരും നിലത്ത് വീണ് വണങ്ങുന്നു.

ഇസാക്കർ : ഈ വെള്ളിപാത്രം ഞങ്ങൾ കണ്ടതില്ല ഈജിപ്ത് ഗവർണ്ണറേ കേൾ – യജമാനനെ – ഞങ്ങളിൽ കുറ്റം തെളിയിക്കാനാരുമില്ല.

അടിമകളായിരിക്കാം – യജമാനനെ

ജോസഫ് : ആരുടെ പക്കൽ എന്റെ പാനപാത്രം കണ്ടെടുത്തോ അവൻ മാത്രം – എനിക്കടിമയാണ് – മറ്റുള്ളവർ വേഗം ഗൃഹത്തിൽ തിരിച്ചു പൊയ്ക്കൊള്ളുക – വേഗം തന്നെ.

യൂദാ : ബെന്യാവിനെ കൂടാതെ ഞങ്ങൾ ഗൃഹത്തിൽ ചെന്നാൽ താതൻ – മരിച്ചുപോകും – എന്നെ വിശ്വസിച്ചു അപ്പൻ കൊച്ചുമകനെ അയച്ചതാണ് – യജമാനനെ

ജോസഫ് : നിങ്ങളെന്താണ് ഇത്ര നന്ദികെട്ട നീചപ്രവൃത്തി ചെയ്തത് പറയൂ വേഗം– ബെന്യാവ് മാത്രം ഇപ്പോളടിമയായിരിക്കട്ടെ നിങ്ങൾ പോകൂ– ഇപ്പോൾ തന്നെ.

യൂദാ : ഞാനടിമയായികൊള്ളാം അവനെ വിട്ടയക്കാവേണം കാരുണായായി – ബെന്യാവില്ലാതെ ഞങ്ങൾ ഗൃഹത്തിൽ ചെന്നാൽ താതൻ ദുഃഖിതനാകുമല്ലോ – യജമാനനെ.

രൂപൻ : ഒരു മകനെ കുറിച്ചു വിലപിക്കും വൃദ്ധനായ പിതാവ് –തിരുമേനിയെ – ജോസഫിനെക്കുറിച്ചു അപ്പൻ ദുഃഖിച്ചത് ഞാൻ കണ്ടിട്ടുള്ളതാണ് – തിരുമേനിയെ

ശെമയോൻ = ഫറവോനടിമയായ് വിറ്റ അവസരം എത്ര

ദയനീയമായ് കരഞ്ഞു - പരാപരനെ - ഞങ്ങളുടെ മുന്നിൽ

കരഞ്ഞുയാചിച്ചത് ഞാനോർക്കുന്നുണ്ട് യജമാനനെ

ജോസഫ് 1. : ഓർത്തിടും ജോസഫ് ഞാനാകുന്നു. എന്റെ സഹോദരരെ - ജേഷ്ഠന്മാരെ - ഈജിപ്ത്തിൽ നിങ്ങൾ വിറ്റ സഹോദരൻ ജോസഫ് ഞാനാകുന്നു. സഹോദരരെ

2. എന്നെ വിറ്റ കാര്യം - ഓർത്തു ഖേദിക്കേണ്ട ദൈവാനിശ്ച യമാണ് - ജേഷ്ഠന്മാരെ - താതൻ ഇപ്പോഴും ജീവിച്ചിരി പ്പുണ്ടോ സത്യമായ് ശൊല്ലാ വേണം - സഹോദരരെ.

3. താതനെക്കൂട്ടി നിങ്ങൾ എല്ലാവരും ഇങ്ങോട്ട് വന്നീടുക - വേഗം തന്നെ - അഞ്ചുകൊല്ലത്തെ ക്ഷാമമിനിയും ബാക്കി യുണ്ട് നിങ്ങളെ - ഞാൻ സംരക്ഷിക്കാം =

ജോസഫ് എല്ലാവരുടേയും കൈകൾ ചുംബിക്കുന്നു.

ഈ സമയം ഫറവോൻ പ്രവേശിക്കുന്നു

വണം ഇന്നീശൈ

നിന്റെ സഹോദരർ ഗോതമ്പുമായി - നാട്ടിലേയ്ക്ക് പോയി ടട്ടെ - നിൻ പിതാവവും കുടുംബത്തേയും കൊണ്ടുവരുവാ നുടനെ... ആ... ആ...

വണ്ടികൾ അയച്ചുകൊടുക്കു അവരെല്ലാം വന്നീടട്ടെ - ഈജി പ്ത്തിലെ നന്മ മുഴുവൻ അവർ അറിഞ്ഞീടട്ടെ

ജോസഫ് ജേഷ്ഠന്മാരിടം സംഭാഷണം

പ്രിയ ജേഷ്ഠന്മാരെ, നിങ്ങൾ വീട്ടിലേക്ക് പോകും വഴി

യിൽ വച്ച് വഴക്കുകൾ ഉണ്ടാക്കരുത് എന്നോട് ചെയ്ത ദ്രോഹം അന്യോന്യം പഴിചാരരുത് നിങ്ങൾ സന്തോഷമായി പ്പോയി താതനെ കൂട്ടി വരിക.

കർട്ടൻ

## രംഗം 24

## ജാക്കോബിന്റെ ഭവനം

രംഗത്ത് യാക്കോബും  പതിനൊന്ന് മക്കളും ബെന്യാവ് ഗാനം

പൂവിടർന്നല്ലോ ഇന്നെന്റെ താതാ

പുതുപുത്തൻ പൂവ് ഇന്നുണർന്നല്ലോ.

പഞ്ചവർണ്ണ പുതുമുഖത്തെ എനതു ജേഷ്ഠൻ ജോസഫിനെ
ഈജിപ്ത് നാട്ടിൽ ഗവർണ്ണറായി കണ്ടു താതാ വിരുതനായി

വന്ദ്യപിതാവെ നമ്മൾ വേഗം പുറപ്പെടേണം

വണ്ടികൾ വരുന്നൂ... കൂട്ടമായ്

ഫറവോൻ രാജൻ... വണ്ടികളയച്ചിടുന്നു

പുതുപുത്തൻ പൂവ് ഇന്നുണർന്നല്ലോ.

പഞ്ചവർണ്ണ പുതുമുഖത്തെ എനതു ജേഷ്ഠൻ ജോസഫിനെ
ഈജിപ്ത് നാട്ടിൽ ഗവർണ്ണറായി കണ്ടു താതാ വിരുതനായി

പഞ്ചവർണ്ണ  പുതുമുഖത്തെ......

പോയിടാം നമുക്ക് പോയിടാം, പോടിടാം വേഗം പോയിടാം

പൂവിടർന്നല്ലോ....  പോയിടാം...

ജാക്കോബ് ഗാനം

ഹൃദയകവാടം തുറന്നു തരായെന്തെൻ ജോസഫേ ഞാനും
കനിവോടെന്നെ നീ കാത്തിടാ ദൈവമേ കേളും

(ഹൃദയകവാടം....)

സ്വർഗ്ഗകവാടം തുറന്നു തരും എന്തെൻ ജോസഫേ ഞാനും....

ഇനിയെൻ ജീവൻ ഉന്തനിടം തന്നിടുവേൻ എന്തെൻ ദൈവമെ (2)

അഴകിൽ മികച്ചൊരു അഴകാന എൻ മകൻ ജോസഫേ ഞാനും.....

നിൻമുഖം കണ്ടു എൻ ജീവൻ പിരിവതിനു കാത്തിടാം

ഞാനും (2)

(ഹൃദയകവാടം തുറന്നു....)

മാനസ്സ മന്ദിര മണിമുറ്റത്തു ഞാൻ ദൈവത്തിൻ നല്ലാ...

പൂജയൊരുക്കി ഞാൻ കാത്തിരിക്കായെൻ മകനെ ജോസഫേ

(പൂജയൊരുക്കി)

വാത്സല്യപുത്രനാം ജോസഫേ നിൻ മുഖം കണ്ടിടാം മമ ഹൃദയ

വെമ്പൽ കൊണ്ട് ഞാനിതാ വന്നീടുന്നേൻ പ്രിയനേ (വെമ്പൽകൊണ്ട്...)

ഹൃദയകവാടം.....

പിന്നണിയിൽ സംഭാഷണം

ഇതാ എല്ലാവരും യാത്രയാകുവിൻ വണ്ടികൾ പുറപ്പെടാൻ പോകുന്നൂ.

രംഗം 25

ജോസഫിന്റെ അരമന

രംഗത്ത് ഫറവോൻ, മന്ത്രി, ജാക്കോബ്, മക്കൾ 11 പേരും

ജാക്കോബ് ഓടിവന്ന് ജോസഫിനെ ചുംബിക്കുന്നു.

ജാക്കോബ് വിരുത്തം

മകനെ ജോസഫേ നീ നിൻമുഖം കാണുവാൻ =എനിക്കു ഭാഗ്യമുണ്ടായല്ലോ ഇനി ഞാൻ മരിച്ചുകൊള്ളട്ടെ.

ജോസഫ്, ജാക്കോബ്, ഫറവോൻ, രൂപൻ എന്നിവർ ഗാനം

ജോസഫ് : മരിച്ചീടാ വേണ്ടാ താതാ വന്ദ്യപിതാവെ - താതന്റെ കണ്ണിണയിൽ കാണുന്ന നിഷ്ക്കളങ്കം - എന്നില ലിഞ്ഞു എന്റെ കരളായ വന്ദിയതാതാ

ജാക്കോബ് : ജോസഫേ നിഷ്കളങ്കാ ആനന്ദശീല - നിന്റെ

പിതാവ് ഇപ്പോൾ ശത്രുവായ് തീർന്നു പാരം - എന്റെ ഹൃദയ ത്തിന്റെ ഭാരം ഒഴിഞ്ഞു മോനെ

ജോസഫ് : ഭാരമൊഴിച്ചിടാവേണ്ട വന്ദ്യപിതാവെ - തീഷ്ണ ക്ലേശരായെന്റെ ജേഷ്ഠാസഹോദരരെ - ഹൃദയത്തിലാനന്ദം നിറഞ്ഞിടാ വേണമിപ്പോൾ

രൂപൻ : ആനന്ദഭക്തിശിലാ ഭാസുരമുത്തേ - അനർഘ സമ്പത്തേ നിൻ കഴിവെത്ര ശ്ളാകനീയം - ഞങ്ങൾ ചെയ്താ തെറ്റുകൾ ക്ഷമിച്ചീടേണം ജോസഫേ

ഫറവോൻ : ജോസഫേ സുഹൃത്തേ മുത്തേ അനർഘ മുത്തേ - യോഗ്യനാം താതനും ജേഷ്ഠന്മാരും ഒത്തുചേർന്ന് - നിന്റെ നിഷ്ക്കളങ്കം വ്യക്തമായ് തെളിഞ്ഞീടുന്നു.

ജോസഫ് : വ്യക്തമായ് തെളിഞ്ഞീടുന്ന സത്യങ്ങൾ മാത്രം -

അന്ധകാരങ്ങൾ നീങ്ങി എത്തി നോക്കി പൂനിലാവ് - സൗഖ്യ മായ് ഊജ്ജ്വലതാരങ്ങൾ മിന്നിതിളങ്ങി

ഫറവോൻ : ഉജ്ജ്വലതാരങ്ങൾ മിന്നി സൗഖ്യാമായി - ഗോശാൽ പ്രദേശം ഞാൻ നിങ്ങൾക്കായ് തന്നീടുന്നു - അക്കാണും പട്ടണത്തിൽ സ്വൈരമായ് വാഴ്ക മോദം

2. പോകും വഴിക്കു നിങ്ങൾ ബേർശാകടന്ന് - ലേശയും വൈകീടേണ്ട മക്കളും ഒത്തുനിങ്ങൾ - ദൈവത്തിൻ ബലി കഴിച്ചു ഉടനെ പുറപ്പെടേണം

ജാക്കോബ് : കൽപിതം പോലെ ഞങ്ങൾ ബലി കഴിക്കാം -

അത്യാപത്തിലങ്ങ് ചെയ്തയീനന്മ ഞങ്ങൾ - എന്നും മറക്കു കില്ല പോയിടുന്നു അടിയർ ഞങ്ങൾ

ഫറവോൻ : ആടുമാടുകളെ മേയ്ക്കാൻ സൗകര്യമുള്ള - ഗോശാൽ പ്രദേശമാണ് മരുമകളുടെ നാട് - നിങ്ങൾ ഇരു വരും സൊരുമയായ് വസിച്ചീടൂ-

യാക്കോബ് വിരുത്തം

മന്നവൻ കൽപിതം പോൽ ഞങ്ങളുടൻ പുറപ്പെടുന്നു - ജോസഫിൻ

കഥകളെല്ലാം വ്യക്തമായ് പറഞ്ഞു തരൂ.

ഫറവോൻ വിരുത്തം

ജോസഫിൻ കഥകളെല്ലാം വ്യക്തമായ് പറഞ്ഞു തരാം - ഉൻ കഥ കേട്ടാൽ നിങ്ങൾ പൊട്ടിക്കരഞ്ഞുപോകും - നമ്മുക്കെല്ലാവർക്കും അകത്തു പോയിരിക്കാം - സുഭിക്ഷമായ് ഭോജനം കഴിക്കാം ഉൻ കഥ പറഞ്ഞു തരാം.

കർട്ടൻ

**മംഗളം**

ലോകവും ഭൂലോകത്തിലെ സകലചരാചരങ്ങളേയും സൃഷ്ടിച്ച ദൈവത്തിനു സോസ്ത്രങ്ങൾ പാടിടുന്നു. ഞങ്ങളെയെല്ലാവരേയും സ്വരുമയായ് ചേർത്തിടുവാൻ - സ്വർഗ്ഗീയ ദൈവത്തിനെ വണങ്ങുന്നൂ ദാസർ ഞങ്ങൾ - സ്വർഗ്ഗീയ ദൈവത്തിന്റെ അനുഗ്രഹത്താൽ

1. ഈ മണ്ണും വിണ്ണും ഇപ്പോൾ സകലചരാചരങ്ങളെയും

സൃഷ്ടിച്ച ദൈവത്തിന് സോസ്ത്രങ്ങൾ പാടിടുന്നു

2. ഞങ്ങളെ എല്ലാവരേയും സ്വരുമാരായ് ചേർത്തീടുവാൻ

സ്വർഗ്ഗീയ ദൈവത്തിനെ വണങ്ങുന്നു ദാസർ ഞങ്ങൾ

3. സ്വർഗ്ഗീയ ദൈവത്തിന്റെ അനുഗ്രഹത്താൽ പൂർത്തീയാക്കി

ഞങ്ങളിൽ വരും കുറവ് ക്ഷമയായ് പൊറുത്തിടേണം.

4. നാടകത്തിൽ മനം തെളിഞ്ഞു സഹായം ചെയ്തവർക്കും

നന്ദിപറഞ്ഞുകൊണ്ട് മംഗളം പാടിടുന്നേൻ

5. ഈ കലാ സദസിൽ വന്ന ബഹുമാന്യ ജനതകൾക്കും

ക്ലബ്ബ് ഓഫ് ചിയേർസിന്റെ മംഗളം പാടിടുന്നു.

6. ഞങ്ങളെ മുക്തിയോടെ വരമരുളിയ നല്ലവർക്കും

ക്ലബ്ബ് ഓഫ് ചിയേർസിന്റെ മംഗളങ്ങൾ പാടിടുന്നു

7. ഞങ്ങളൊട് സഹകരിച്ച നല്ലാവരാം നാട്ടുകാർക്കും പ്രേക്ഷകർക്കും ശ്രോതാക്കൾക്കും ക്ലബ്ബ് ഓഫ് ചിയേർസിന്റെ മംഗളങ്ങൾ പാടിടുന്നു